

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം
സമഗ്ര വികസന രേഖ

വെങ്ങപ്പള്ളി പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ

ശ്രീമതി. ഒ. സി. രാധ (പ്രസിഡൻറ്)

ജന. പി. ഉസ്മാൻ (വൈസ് പ്രസിഡൻറ്)



ശ്രീ. പി. പി. സദാനന്ദൻ (സ്റ്റാൻറിങ് കമ്മറ്റി ചെയർമാൻ)



മെമ്പർമാർ:-

ശ്രീമതി. ഒ. സി. ദേവകി

ശ്രീമതി. കെ. കെ. സുലേഖ



ജന. പള്ളിക്കണ്ടി അബൂബക്കർ ഹാജി



ശ്രീമതി. പി. ആർ. സരസ്വതി

അനുസ്മരണം



വെങ്ങപ്പള്ളി പഞ്ചായത്ത് ജനകീയാസൂത്രണ പരിപാടി നടന്നുകൊണ്ടിരിക്കെ ദിവംഗതനായ മുൻ പ്രസിഡൻറും, സ്റ്റാൻറിങ് കമ്മറ്റി ചെയർമാനുമായ **ശ്രീ. കെ. ഭാസ്ക്കരൻ നായർ**

ആദരാഞ്ജലികൾ

ആമുഖം

നൂറ്റാണ്ടുകളോളം ഭാരതത്തെ അടക്കിവാണിരുന്ന, സൂര്യനസ്തമിക്കാത്ത, ബ്രിട്ടീഷ് സാമ്രാജ്യ ഭരണകൂടത്തെ തികച്ചും നൂതനമായ, അഹിംസാത്മകമായ, ഒരു സമരമാർഗ്ഗത്തിൽകൂടി കീഴ്പ്പെടുത്തി സ്വാതന്ത്ര്യം നേടിയെടുക്കുവാൻ നമുക്ക് കഴിഞ്ഞു. 1947 ആഗസ്റ്റ് 15 സ്വാതന്ത്ര്യപ്പൊൻപുലരിയുടെ സുദിനമായിരുന്നു. അതിന്നുശേഷം നീണ്ട നാൽപ്പത്തി ഒമ്പത് വർഷങ്ങൾ പിന്നിട്ടു. ഈ കാലയളവിൽ നമ്മൾ രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയുടെ നാഴികക്കല്ലുകൾ പിന്നിടുകയായിരുന്നു. അഭിമാനിക്കാവുന്ന ഒരുപാട് നേട്ടങ്ങൾ ഇതിനകം നമുക്ക് കയ്വരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക, വ്യാവസായിക മേഖലയിലും ശാസ്ത്രസാങ്കേതിക രംഗങ്ങളിലും, നമുക്കുണ്ടായിട്ടുള്ള പുരോഗതി തികച്ചും അഭിമാനാർഹമാണ്. വികസനത്തിന്റെ മേഖലകൾ മുൻഗണനാക്രമത്തിൽ കണ്ടെത്തി പഞ്ചവത്സര പദ്ധതികളിലൂടെ അവ പ്രാവർത്തികമാക്കുകയാണ് നമ്മൾ ചെയ്തു വന്നത്. ഏഴു പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞ് എട്ടാം പദ്ധതിയുടെ അവസാന നാളുകളിലെത്തി നിൽക്കുകയാണ് നാം. ഈ ഘട്ടത്തിൽ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് സങ്കൽപം പ്രായോഗികമാക്കുന്നതിനുള്ള സുവർണ്ണാവസരം നമുക്ക് ഇന്ന് കയ്വന്നിരിക്കുന്നു. അതു കൊണ്ട് കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിൽ എന്നും വിഭിന്നമായി വരാനിരിക്കുന്ന ഒമ്പതാം പദ്ധതി വികസന ചരിത്രത്തിൽ ഒരു നൂതന അദ്ധ്യായം തുറക്കാൻ പോവുകയാണ്.

കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികളിലും ആസൂത്രണ പ്രക്രിയയിൽ സാധാരണ ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തമുണ്ടായിരുന്നില്ല. ഏതാനും ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും ചേർന്ന് പദ്ധതികൾക്ക് രൂപം കൊടുത്തു പോന്നു. അതുകൊണ്ട് ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങൾ ശരിയായി വിലയിരുത്തുന്നതിന്നും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിന്നും ഒരു പാട് പോരായ്മകൾ അനുഭവപ്പെട്ടു. തലസ്ഥാന നഗരങ്ങളിൽ വെച്ച് രൂപകല്പന ചെയ്യപ്പെടുന്ന അത്തരം പദ്ധതികൾ പലതും പ്രായോഗിക തലത്തിൽ പരാജയങ്ങളായിരുന്നു. തന്മൂലം പദ്ധതികൾ നടപ്പിൽ വരുത്തുന്നതിൽ ജനപങ്കാളിത്തം വളരെ കുറവായി. വികസന പദ്ധതികൾ ഗവർമ്മേണ്ടിന്റെ വരദാനങ്ങളായി മാത്രമേ സാധാരണക്കാർ കരുതി വന്നുള്ളൂ. അതുകൊണ്ട് പ്രാദേശികമായ വിഭവ സമാഹരണം നടക്കാതെ പോയി. നമ്മുടേതുപോലുള്ള ഒരു വികസ്വരരാജ്യത്തിൽ ജനപങ്കാളിത്തമില്ലാതെ മുഴുവൻ വികസന ഭാരവും ഏറ്റെടുത്ത് നടത്തുവാൻ നമ്മുടെ സർക്കാറുകൾക്ക് കഴിവില്ല. കേരളത്തിൽ സേവന മേഖലയിൽ പെൻഷൻ പദ്ധതികൾ പോലുള്ള നിരവധി ക്ഷേമപദ്ധതികൾ ഗവർമ്മേണ്ട് ഏറ്റെടുത്ത് നടത്തുന്നതുകൊണ്ട് വികസന മേഖലയിൽ ചിലവിടുന്നതിന് പരിമിതമായ വിഭവങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. ഈയൊരവസ്ഥ വികസനം മുരടി ക്കുന്നതിന്ന് പ്രധാന കാരണമാകുന്നു.

കേരളം പലകാര്യങ്ങളിലും രാജ്യത്തിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി പ്രവർത്തിച്ച പാരമ്പര്യമാണുള്ളത്. അതുപോലൊരു സംരംഭമാണ് വികസനത്തിന്റെ മുരടിപ്പിന് കാരണമായ സംഗതികൾക്ക് പരിഹാരമെന്ന നിലയിൽ ജനകീയാസൂത്രണം എന്ന പുതിയ ആശയം നടപ്പിലാക്കാൻ പോകുന്നത്. ഈ പരിപാടിയിൽ കഴിഞ്ഞ ഏതാനും മാസങ്ങളിലെ പ്രവർത്തനം ജനങ്ങളിൽ ആവേശവും ശുഭപ്രതീക്ഷയും വളർത്തുവാൻ സഹായിച്ചിട്ടുണ്ട് എന്നത് തർക്കമറ്റ സംഗതിയാണ്.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നിർദ്ദിഷ്ട മാർഗ്ഗരേഖകൾക്ക് വിധേയമായി വെങ്ങപ്പള്ളിയിൽ പഞ്ചായത്ത് തല പരിശീലനം നടത്തുകയും ഈ പരിശീലകരുടെ നേതൃത്വത്തിൽ പ്രത്യേക ഗ്രാമസഭകൾ വിളിച്ചുചേർത്ത് ഓരോ വാർഡിന്റെയും വികസന പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്തു റിപ്പോർട്ടുകൾ രൂപീകരിക്കുകയും ചെയ്തു. പ്രത്യേക കമ്മറ്റികൾ മുഖേന പഞ്ചായത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചും വിഭവങ്ങളെ ക്കുറിച്ചുമുള്ള സ്ഥിതി വിവരകണക്കുകൾ ശേഖരിച്ചു. കൂടാതെ പഞ്ചായത്തിന്റെ ഭൂപ്രകൃതി പഠിക്കു ന്നതിനും, വിഭവ ഭൂപടം നിർമ്മിക്കുന്നതിന്നും പ്രത്യേക സംഘങ്ങളെ നിയോഗിച്ചു. പ്രസ്തുത സംഘം പഞ്ചായത്തിൽ പര്യടനം നടത്തി ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തിക്കഴിഞ്ഞു. മേൽ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളും ദ്വിതീയ സ്ഥിതി വിവരകണക്കുകളും പഠന പര്യടനത്തിൽകൂടി ലഭിച്ച വിവരങ്ങളും വിവിധ വിഷയ ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ക്രോഡീകരിച്ച് പഞ്ചായത്ത് സെമിനാറിൽ അവത രിപ്പിക്കുന്നതിന്നുവേണ്ടി തയ്യാറാക്കിയ റിപ്പോർട്ടാണ് തുടർന്നുള്ള ഭാഗങ്ങളിലെ ഉള്ളടക്കം. സമയപരിമിതിമൂലം സമഗ്രമായ ഒരു പഠനമോ വിശകലനമോ നടത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽപോലും ഈ ദിശയിൽ ബഹുദൂരം മുമ്പോട്ട് പോകുവാൻ ഞങ്ങൾ ആത്മാർത്ഥമായും ശ്രമിച്ചിട്ടുണ്ട് എന്നറിയിക്കുന്നതിൽ സന്തോഷമുണ്ട്.

പഞ്ചായത്തിന്റെ പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര് : വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ് : വെങ്ങപ്പള്ളി
ബ്ലോക്ക് പഞ്ചായത്ത് : കൽപ്പറ്റ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ : കോട്ടത്തറ
താലൂക്ക് : വൈത്തിരി
ജില്ല : വയനാട്
അസംബ്ലി മണ്ഡലം : കൽപ്പറ്റ
വിസ്തീർണ്ണം : 21.16. ച. കി. മി.

അതിരുകൾ

വടക്ക് : കോട്ടത്തറ പഞ്ചായത്ത്
പടിഞ്ഞാറ് : തരിയോട് പഞ്ചായത്ത്
തെക്ക് : പൊഴുതന പഞ്ചായത്ത്
കിഴക്ക് : കൽപ്പറ്റ മുൻസിപ്പാലിറ്റി
വാർഡുകളുടെ എണ്ണം : എട്ട്

ജനസംഖ്യ

പുരുഷൻമാർ : 4550
സ്ത്രീകൾ : 4564

പട്ടികജാതി - പുരുഷൻമാർ : 154
സ്ത്രികൾ : 155
പട്ടികവർഗ്ഗം - പുരുഷൻമാർ : 1156
സ്ത്രീകൾ : 1109
സാക്ഷരത - പുരുഷൻമാർ : 3346
സ്ത്രീകൾ : 2990

പഞ്ചായത്ത് പ്രസിഡണ്ടിന്റെ പേര് : ഒ. സി. രാധ
വൈസ് പ്രസിഡണ്ടിന്റെ പേര് : പി. ഉസ്മാൻ
സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ : പി. പി. സദാനന്ദൻ

മെമ്പർമാർ

1. പള്ളിക്കണ്ടി അബൂബക്കർ ഹാജി.
2. സുലേഖ.
3. പി. ആർ. സരസ്വതി.
4. ഒ. സി. ദേവകി.

സാമൂഹിക സാംസ്കാരിക ചരിത്രം

50 കൊല്ലങ്ങൾക്ക് മുമ്പ് വെങ്ങപ്പള്ളിദേശം എന്ന പ്രദേശം വൈത്തിരി പഞ്ചായത്തിൽ പെട്ട തരിയോട് വില്ലേജിന്റെ ഒരു ഭാഗമായിരുന്നു. വില്ലേജ് പുനഃസംഘടന നടന്നപ്പോൾ തൊട്ടടുത്ത കോട്ടത്തറ വില്ലേജിലെ തെക്കുംതറ ദേശവും തരിയോട് വില്ലേജിലെ വെങ്ങപ്പള്ളിദേശവും ചേർത്ത് വെങ്ങപ്പള്ളി വില്ലേജ് രൂപപ്പെട്ടു. തെക്കുംതറ അന്ന് ഒരു പഞ്ചായത്തിന്റേറയും ഭാഗമായിരുന്നില്ല. പിന്നീട് കോട്ടത്തറ പഞ്ചായത്ത് രൂപീകരിക്കപ്പെടുകയും അതിൽ കോട്ടത്തറ, കുപ്പാടിത്തറ എന്നീ വില്ലേജുകൾക്കൊപ്പം വെങ്ങപ്പള്ളി വില്ലേജും ഉൾപ്പെട്ടു. കോട്ടത്തറ യിലെ വെണ്ണിയോട് എന്ന സ്ഥലമായിരുന്നു പഞ്ചായത്ത് ആസ്ഥാനം. ശ്രീ. എം. എ. ധർമ്മരാജയ്യരായിരുന്നു ആദ്യ പ്രസിഡണ്ട്. സർവ്വശ്രീ. എൻ. ടി. കുഞ്ഞിരാമൻ നായർ, ചുള്ള്യാണ ജോസഫ്, കുനിയിൽ അഹമ്മദ് ഹാജി, പി. സി. മാധവൻ നായർ, വള്ളി ഇബ്രായി ഹാജി, പുലയ സമുദായത്തിൽ പെട്ട ശ്രീധരൻ, ശ്രീമതി മേരിക്കുട്ടി എന്നിവർ മെമ്പർമാരായിരുന്നു. ശ്രീ. ധർമ്മരാജയ്യരുടെ രാജിയെതുടർന്ന് ശ്രീ. ചുള്ള്യാണ ജോസഫ് പ്രസിഡണ്ട് ആയി. ഉപ തിരഞ്ഞെടുപ്പിൽ കരിങ്കുറ്റി ശ്രീ. ചന്ദ്രപ്രഭ തിരഞ്ഞെടുക്കപ്പെട്ടു. വീണ്ടും പഞ്ചായത്ത് പുന:സംഘടന നടക്കുകയും കോട്ടത്തറ പഞ്ചായത്തിലെ കുപ്പാടിത്തറ വില്ലേജും, തരിയോട് പഞ്ചായത്തിലെ പടിഞ്ഞാറത്തറയും ചേർത്ത് പടിഞ്ഞാറത്തറ പഞ്ചായത്ത് രൂപീകരിക്കപ്പെടുകയും ചെയ്തു. ശേഷിച്ച കോട്ടത്തറ പഞ്ചായത്തിന്റെ പ്രസിഡൻറ് ശ്രീ. പി. സി. മാധവൻ നായരായിരുന്നു. ശ്രീ. വി. കെ. കണാരൻ നായർ പഞ്ചായത്ത് മെമ്പറായി നോമിനേറ്റ് ചെയ്യപ്പെട്ടു.

ഈ ഘട്ടത്തിൽ പഞ്ചായത്തിന്റെ ആസ്ഥാനം പഞ്ചായത്തിന്റെ ഒരറ്റത്തു സ്ഥിതി ചെയ്യുന്ന വെണ്ണയോട് നിന്ന് മാറ്റി മദ്ധ്യഭാഗത്തേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതു ജനാഭിപ്രായം രൂപം കൊണ്ടു. ഇതിനെ തുടർന്നുണ്ടായ തർക്കങ്ങൾ ഗവൺമെൻറ് തലത്തിൽ പരിശോധിക്കപ്പെടുകയും അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. അവുക്കാദർ കുട്ടി നഹ കോട്ടത്തറ പഞ്ചായത്ത് വിഭജിച്ച് വെണ്ണിയോട് ആസ്ഥാനം നിലനിർത്തി കോട്ടത്തറ പഞ്ചായത്തും തെക്കുംതറ ആസ്ഥാനമാക്കിക്കൊണ്ട് വെങ്ങപ്പള്ളി പഞ്ചായത്തും രൂപീകരിക്കുവാൻ അനുമതി നൽകി. അങ്ങനെ കേരളത്തിലെ ഏറ്റവും ചെറിയ പഞ്ചായത്തുകളിലൊന്നായ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് നിലവിൽ വന്നു. ശ്രീ പുനത്തിൽ മൊയ്തീൻ ഹാജിയായിരുന്നു നോമിനേറ്റഡ് പ്രസിഡൻറ്. സർവ്വശ്രീ പി. സി . മാധവൻ നായർ (വൈസ് പ്രസിഡൻറ്) , പക്കർ ഹാജി, വി. എം വർഗ്ഗീസ്, വെള്ളൻകുട്ടി, ദാമോദരക്കുറുപ്പ്, ശ്രീമതി രമാ. കെ. ദാസ് എന്നിവർ അംഗങ്ങളായിരുന്നു.

പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ സർവ്വശ്രീ പുനത്തിൽ മൊയ്തീൻ ഹാജി (പ്രസിഡൻറ്), ടി. പി. നടരാജൻ (വൈസ് പ്രസിഡൻറ്) എം. കെ. കരുണാകരക്കുറുപ്പ്, ഒ. ടി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ, പി. ഉണ്ണി നായർ, നെരോത്ത് അച്ചപ്പൻ, ശ്രീമതി. എസ്. എം .സാബിറ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഇവരുടെ കാലാവധിക്കുശേഷം വീണ്ടും തെരഞ്ഞെടുപ്പ് നടക്കുകയും സർവ്വശ്രീ കെ. ഭാസ്ക്കരൻ നായർ (പ്രസിഡൻറ്) പുനത്തിൽ മൊയ്തീൻ ഹാജി (വൈസ് പ്രസിഡൻറ്), എം. പി. പത്മനാഭൻ നായർ, എ. ടി. കുര്യൻ, യു. വേണുഗോപാലൻ, എം. തെയ്യത്ര, ശ്രീമതിമാർ കെ. പങ്കജാക്ഷി അമ്മ, കെ. എം ആയിഷ എന്നിവർ ഭരണ സാരഥ്യം വഹിച്ചു. ഈ സമിതിയുടെ കാലത്ത് പഞ്ചായത്തിന്റെ ആസ്ഥാനം മൂരിക്കാപ്പ് എന്ന സ്ഥലത്തേക്ക് മാറ്റുകയും അവിടെ നിന്ന് സംഭാവനയായി ലഭിച്ച സ്ഥലത്ത് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം പണിയുകയും ചെയ്തു.

ഏറ്റവും ഒടുവിലായി ഭരണഘടനയുടെ 73 ാം ഭേദഗതിയുടെ ഫലമായി പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വരുകയും വീണ്ടും തെരഞ്ഞെടുപ്പ് നടന്ന് 1995 -ൽ ഒക്ടോബർ 2 - ന് പുതിയ ഭരണ സമിതി അധികാരം ഏൽക്കുകയും ചെയ്തു. ഇപ്പോൾ ഈ പഞ്ചായത്തിന്റെ പ്രസിഡൻറ് പദം പട്ടികജാതി/ പട്ടികവർഗ്ഗ സ്ത്രീസംവരണമാണ്. ശ്രീമതി ഒ. സി. രാധയാണ് നിലവിലുള്ള പ്രസിഡൻറ്, ശ്രീ. പി. ഉസമ്മാൻ വൈസ്പ്രസിഡൻറും , ശ്രീ. കെ. ഭാസ്ക്കരൻ നായർ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാനുമായിരുന്നു. സർവ്വശ്രീ. പി. പി. സദാനന്ദൻ, പള്ളിക്കണ്ടി അബൂബക്കർ ഹാജി, ശ്രീമതിമാർ പി. ആർ. സരസ്വതി, കെ. കെ. സുലേഖ, ഒ. സി. ദേവകി എന്നിവർ മെമ്പർമാരായിരുന്നു. എന്നാൽ ശ്രീ. കെ. ഭാസ്കരൻ നായരുടെ ആകസ്മികമായ നിര്യാണത്തെതുടർന്ന് ശ്രീ. പി. പി. സദാനന്ദനാണ് ഇപ്പോഴത്തെ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ.

ഒരു കാലത്ത് വെങ്ങപ്പള്ളി നായർ , പനിച്ചാടത്ത് നായർ, ഒരവുമ്മൽ നായർ, കരിങ്കുറ്റി ഗൗഡർ, കാച്ചാനോട്ട് ദേവസ്വം, തേതണ ദേവസ്വം, പുല്ലഞ്ചേരി ദേവസ്വം, പുനത്തിൽ അഹമ്മദ് ഹാജി എന്നിവരായിരുന്നു ഇവിടുത്തെ ഭൂവുടമകൾ. എന്നാൽ ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നതോടുകൂടി ജൻമി കുടിയാൻ വ്യവസ്ഥ അവസാനിക്കുകയും പാട്ടക്കുടിയാൻമാരെല്ലാം കൈവശസ്വത്തിന്റെ ഉടമകളാവുകയും ചെയ്തു. ഇവർക്ക് ലാൻറ് ട്രൈബ്യൂണലുകൾ മുഖേന പട്ടയങ്ങൾ ലഭിച്ചു. കാർഷിക മേഖലയിൽ ഉണർവും താൽപര്യവും വളർത്തുന്നതിന് ഭൂപരിഷ്കരണ നിയമം ഏറെ പ്രയോജനപ്പെട്ടു. എന്നാൽ 70 കളിൽ നടന്ന റീ സർവ്വേ പ്രവർത്തനങ്ങളിൽ വന്ന ചില അപാകതകൾ നിമിത്തം വില്ലേജ് റിക്കാർഡുകളിൽ ഭൂരിഭാഗം സ്ഥലങ്ങളുടെയും ജൻമാവകാശം ഇപ്പോഴത്തെ കൈവശക്കാരുടെ പേരിന് പകരം പഴയ ജൻമികളുടെ പേരിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻമൂലം കൈവശഭൂമിയുടെ ക്രയ വിക്രയങ്ങൾക്കും ഭൂപണയ കടങ്ങൾ എടുക്കുന്നതിനും മറ്റും കർഷകർ ഇന്നനുഭവിക്കുന്ന ദുരിതങ്ങൾ ചില്ലറയല്ല. റീ സർവ്വേ റിക്കാർഡുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് കൈവശക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന നിവേദനങ്ങളിൽ ഭൂരിഭാഗവും തീർപ്പു കൽപ്പിക്കപ്പെടാതെ കിടക്കുകയാണ്. ഈ സ്ഥിതിക്ക് അടിയന്തിരമായും പരിഹാരം ഉണ്ടാവേണ്ടതുണ്ട്.

പഞ്ചായത്ത് നിവാസികളിൽ ഹിന്ദു, ഇസ്ലാം, ക്രൈസ്തവ മതങ്ങളിൽപ്പെട്ടവരാണ് ഭൂരിഭാഗവും ജനസംഖ്യയിൽ 30 ശതമാനത്തിന് മുകളിൽ കുറിച്ച്യ, പണിയ വിഭാഗങ്ങളിൽപ്പെടുന്ന പട്ടിക വർഗ്ഗക്കാരാണ്. ഏതാനും നായ്ക്കൻമാരും, മുള്ളക്കുറുമരും കൂടി ഇവിടുത്തെ നിവാസികളാണ്. വളരെ സൗഹാർദ്ദത്തോടുകൂടിയാണ് ഇവിടുത്തെ മതവിഭാഗങ്ങൾ പെരുമാറുന്നത്. കുറിച്ച്യ സമുദായക്കാരിൽ ഭൂരിഭാഗവും ഇന്ന് മരുമക്കത്തായ വ്യവസ്ഥയാണ് തുടർന്നുവരുന്നത്. ''പിട്ടൻ'' എന്നറിയപ്പെടുന്ന കാരണവരാണ് കുടുംബനാഥൻ, 'മിറ്റ'ത്തിലെ (വീട്ടിലെ) ബാക്കി അംഗങ്ങൾ പിട്ടന്റെ നിയന്ത്രണത്തിൽ കാർഷികവൃത്തിയിലും, നായാട്ടിലും, മീൻപിടുത്തത്തിലും മറ്റും ഏർപ്പെട്ട് ഉപജീവനം നടത്തി വന്നു. മുമ്പു കാലങ്ങളിൽ സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നതിനു പുറമെ ജൻമിമാരുടെ തരിശു ഭൂമികൾ കാടു തെളിച്ച് മുത്താറി, ചാമ, തിന മുതലായ കാലികകൃഷികൾ ചെയ്യുമായിരുന്നു. പൊതുവെ സത്യസന്ധരും ഈശ്വര വിശ്വാസികളും അദ്ധ്വാനികളുമായിരുന്ന കുറിച്ച്യർ വയനാട്ടിലെ ആദിവാസി വിഭാഗത്തിൽ ഏറെ മുൻപന്തിയിൽ തന്നെയാണ്.

ജനസംഖ്യാവർദ്ധനയും 1940-60 കാലഘട്ടത്തിൽ മദ്ധ്യ തിരുവിതാംകൂർ ഭാഗത്തു നിന്നുണ്ടായ കുടിയേറ്റവും കാരണം തരിശുഭൂമികളെല്ലാം കൃഷിയിടങ്ങളായി മാറിയതുകൊണ്ട് പഴയതുപോലെ പറമ്പ് ചെത്തി മുത്താറിയും മറ്റും ഉണ്ടാക്കുന്നതിന് മറ്റുള്ളവരുടെ ഭൂമി കിട്ടാനില്ലാത്ത സാഹചര്യം ഉണ്ടായി. തൻമൂലം സ്വന്തം ഭൂമിയിൽ മാത്രം ഉള്ള കൃഷികൊണ്ട് ഇവർക്ക് ജീവിക്കേണ്ട അവസ്ഥ വന്നു. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുവാൻ കൈവശഭൂമി കുറേശ്ശയായി മറ്റുള്ളവർക്ക് വിൽക്കുവാനും ഇവർ നിർബന്ധിതരായി. വിദ്യാഭ്യാസത്തിന്റെ അഭാവം ആദ്യകാലങ്ങളിൽ ഭൂമിയിടപാടുകളിലും മറ്റും കബളിപ്പിക്കപ്പെടലിന് സാഹചര്യം ഒരുക്കിയിട്ടുണ്ടായിരുന്നു എന്നത് സത്യമാണ്. എന്നാൽ ഇന്ന് നിയമത്തിന്റെ സംരക്ഷണവും, വിദ്യാഭ്യാസവും സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലങ്ങളും ഈ അവസ്ഥക്ക് വളരേയേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഓടമൂട്ടിൽ, നിരവത്ത്, കുറിഞ്ഞിമ്മൽ, നാട്ടിപ്പാറ, ഓടയോട്ടുമ്മൽ, കള്ളൻതോട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന കുറിച്ച്യ മിറ്റങ്ങൾ.

പണിയ വിഭാഗത്തിൽപ്പെട്ട ആദിവാസികൾ പാരമ്പര്യമായി കാർഷിക തൊഴിലാളികളായിരുന്നു. സ്വന്തമായി ഭൂമി സമ്പാദിക്കുന്നതിലോ കൃഷിചെയ്യുന്നതിലോ അവർക്ക് താൽപര്യമുണ്ടായിരുന്നില്ല. ജൻമിമാരുടെ കൃഷിയിടങ്ങളിൽ ഓരോ കൊല്ലത്തെ അവധിക്ക് ജോലിക്ക് നിന്ന് ഉപജീവനം കഴിക്കലായിരുന്നു ഇവരുടെ പതിവ്. ഓരോ കൊല്ലവും വിഷുവിന് നിൽപുപണവും വല്ലിയും വാങ്ങി പണിക്ക് നിന്നാൽ അടുത്ത വിഷു വരെ അതേ ജൻമിയുടെ കീഴിൽ മാത്രമേ ജോലിചെയ്യുവാൻ ഇവർക്ക് അവകാശമുണ്ടായിരുന്നുള്ളൂ. ചില ജൻമിമാർ തങ്ങളുടെ പണിയരെ തലപ്പാട്ടം നിശ്ചയിച്ച് പണിക്കാരെ ആവശ്യമുള്ള ആളുകൾക്ക് കൊടുക്കുന്ന പതിവ് മുമ്പുണ്ടായിരുന്നു. ഇതുസംബന്ധമായി മുളയിൽ എഴുതി സൂക്ഷിച്ച മുളങ്കരണങ്ങൾ എന്നറിയപ്പെടുന്ന ചില രേഖകൾ വായിച്ചതായി ഈ പ്രദേശത്ത് ചില പൗര മുഖ്യൻമാരിൽ നിന്നും അറിയാൻ കഴിഞ്ഞു, ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നതിനെ തുടർന്നുണ്ടായ കുടികിടപ്പവകാശം പണിയർക്ക് സ്വന്തമായി ഭൂമിയും വീടുകളും ലഭിക്കുന്നതിന് വളരെ സഹായിച്ചിട്ടുണ്ട്.

വയനാട്ടിലെ നടവയൽ, പുൽപ്പള്ളിപോലുള്ള സ്ഥലങ്ങളിൽ കേരളത്തിന്റെ തെക്കൻ സംസ്ഥാനങ്ങളിൽ നിന്നുണ്ടായ കുടിയേറ്റത്തിന്റെ ഫലമായി കാർഷിക മേഖലയിൽ ഉണ്ടായ പുരോഗതിയുടെ അലയടി വെങ്ങപ്പള്ളിയിലും ഉണ്ടായി. ഇവിടെ കുടിയേറ്റക്കാർ കുറവാണെങ്കിലും കുടിയേറ്റ സംസ്ക്കാരം ഇവിടെയുള്ള ജനങ്ങളിലേക്കും വ്യാപിക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്.

വെങ്ങപ്പള്ളിയുടെ ചരിത്ര പശ്ചാതലത്തെക്കുറിച്ച് പറയുമ്പോൾ ഇവിടുത്തെ സാമൂഹ്യ സാംസ്ക്കാരിക മേഖലയിൽ വിലപ്പെട്ട സംഭാവനകൾ നടത്തിയ ധാരാളം വ്യക്തികളെക്കുറിച്ച് അനുസ്മരിക്കേണ്ടതുണ്ട്. തെക്കും തറയിലെ അമ്പലപടിക്കൽ എടച്ചന കുഞ്ഞിരാമൻ നായർ പ്രത്യേകം സ്മരിക്കപ്പെടേണ്ട വ്യക്തിയാണ്. 50 കൊല്ലങ്ങൾക്കു മുമ്പ് അജ്ഞതയുടെ അന്ധകാരം നിറഞ്ഞു നിന്ന ഈ പ്രദേശത്ത് വിജ്ഞാനത്തിന്റെ ദീപം കൊളുത്തിക്കൊണ്ട് അദ്ദേഹം ആരംഭിച്ച സ്ഥാപനമാണ് അമ്മാ സഹായം യു. പി. സ്കൂൾ. ഇക്കോല്ലം അതിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയാണ്. ആദിവാസി മേഖലയിൽ ഗവൺമെൻറ് പദ്ധതികൾ ആരംഭിക്കുന്നതിന് എത്രയോ മുമ്പ്, 1950 കാലങ്ങളിൽ, വിനോബ ബാവയുടെ ഭൂദാന പ്രസ്ഥാനത്തിൽ പങ്കു ചേർന്ന് പതിനഞ്ച് ഏക്കർ സ്വന്തം ഭൂമി ദാനമായി ആദിവാസികൾക്ക് നൽകുകയും അവിടെ സ്വന്തം ചിലവിൽ ഓടിട്ട വീടുകൾ നിർമ്മിച്ച് നൽകുകയും ഉണ്ടായി. കൂടാതെ തെക്കുംതറയിൽ ഒരു ഭൂദാന സമിതി രൂപീകരിക്കുകയും പലരിൽ നിന്നും ഭൂമി ദാനമായി സ്വീകരിച്ച് ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുകയുമുണ്ടായി. തെക്കുംതറയിൽ ഇന്നുള്ള സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് അദ്ദേഹം നൽകിയ സംഭാവന വളരെ വലുതാണ്. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട പിണങ്ങോട് കമ്പളക്കാട് റോഡ് 1956 എൽ. ഡി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വലുതാണ്. വിദ്യാഭ്യാസ മേഖലയിൽ പിണങ്ങോട് യു. പി. സ്കൂൾ സ്ഥാപിക്കുന്നതിന് ശ്രീ. പുനത്തിൽ മുഹമ്മദ് ഹാജിയും, മൂരിക്കാപ്പ് ഹരിജൻ വെൽഫെയർ സ്കൂൾ ആരംഭിക്കുന്നതിന് ശ്രീ. ടി. എ. ഗണപതി അയ്യരും വഹിച്ച പങ്കും എടുത്ത പറയേണ്ട കാര്യമാണ്. കൂടാതെ പഞ്ചായത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിൽ ശ്രീ. സി. കെ. കുഞ്ഞബ്ദുല്ല ഹാജിയും വാർപ്പ് കെട്ടിട നിർമ്മാണ മേഖലയിൽ ശ്രീ. സി. കെ. മമ്മു ഹാജിയും വഹിച്ച പങ്കും ശ്ലാഘനീയമാണ്. അമ്മാസഹായം സ്കൂളിനും വെങ്ങപ്പള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനും മൃഗാശുപത്രി എന്നിവയ്ക്കും ആവശ്യമായ സ്ഥലം സംഭാവന ചെയ്ത ശ്രീ. മാധവമേനോന്റെ നാമധേയവും ഇത്തരുണത്തിൽ സ്മരണീയമാണ്. വെങ്ങപ്പള്ളി വില്ലേജ് ആഫീസ് വാടക കൂടാതെ ആദ്യം പ്രവർത്തിച്ചിരുന്നത് നൊട്ടൻ വീട്ടിൽ ശ്രീ. നരസിംഹൻ എമ്പ്രാന്തിരിയുടെ ഭവനത്തിലായിരുന്നു. ആദ്യകാലങ്ങളിൽ വാടക കെട്ടിടങ്ങളൊന്നുമില്ലാതിരുന്നതിനാൽ മറ്റു സ്ഥലങ്ങളിൽ നിന്നുമുള്ള ഉദ്യോഗസ്ഥൻമാർ താമസിച്ചു പോന്നത് സാധാരണ കുടുംബങ്ങൾക്കൊപ്പമായിരുന്നു. വളരെ പിന്നോക്കം നിന്ന ഈ പ്രദേശത്തിന്റെ പടിപടിയായ വളർച്ചയിൽ സംഭാവന നൽകിയ ഒട്ടനവധി ആളുകളുടെ പേരുകൾ ഇനിയും സ്മരിക്കപ്പെടുവാനുണ്ടെങ്കിലും വിസ്താര ഭയത്താൽ അതിന് തുനിയുന്നില്ല.

കൃഷിയും ജലസേചനവും

4

നമ്മുടെ പഞ്ചായത്തിന്റെ കാർഷിക ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം നടത്താൻ ഒരു ചെറിയ ശ്രമം നടത്തുകയാണിവിടെ. കഴിഞ്ഞൊരു നൂറ്റാണ്ടിന്റെ കാർഷിക ചരിത്രത്തിലേക്ക് കണ്ണോടിക്കുമ്പോൾ ഇന്നത്തെ കർഷകരായ നമുക്ക് അവിശ്വസനീയമായ കാർഷിക ചരിത്രത്തിന്റെ ഏടുകളാണ് തെളിഞ്ഞു വരുന്നത്. ഇന്ന് നമ്മുടെ മുമ്പിലുള്ള കാപ്പിതോട്ടങ്ങളോ, നെൽപ്പാടങ്ങളോ, കാർഷിക രീതികളോ ആയിരുന്നില്ല അന്നുണ്ടായിരുന്നത്. അക്കാലത്ത് പേരെടുത്തു പറയാവുന്ന ഒരു കൃഷി നെൽകൃഷി മാത്രമായിരുന്നു. ഈ പഞ്ചായത്തിൽ ആ കാലഘട്ടത്തിൽ അറിയപ്പെട്ടിരുന്ന വെങ്ങപ്പള്ളി എടം, പിണങ്ങോട് അറയിൽ, ചോലപ്പുറത്ത് മഠത്തിൽ, മാമ്പിലിച്ച, ചെമ്പ്രാട്, ഒരുവുമ്മൽ, അമ്പലപ്പടി എന്നീ ജന്മി കുടുംബങ്ങളെ കേന്ദ്രീകരിച്ചായിരുന്നു നെൽകൃഷി നടത്തിപ്പോന്നിരുന്നത്. ഇതിന് മേൽ പറഞ്ഞ ജൻമി കുടുംബങ്ങൾ ഇവിടെ പരമ്പരാഗതമായി ഉണ്ടായിരുന്ന ആദിവാസികളെയാണ് അടിമകളായി ഉപയോഗിച്ചു പോന്നിരുന്നത്. എന്നിരുന്നാലും ജൻമി-അടിയാൻ വ്യവസ്ഥ നിലനിന്നപ്പോൾ പോലും ജന്മിമാരായ കർഷകരും, അടിമകളായ ആദിവാസികളും തമ്മിൽ ദൃഢമായ ഒരു തൊഴിൽ ഉടമ ബന്ധം നിലനിന്നിരുന്നു. ആയതിന്റെ ഉദാഹരണങ്ങളാണ് ആദിവാസികൾക്ക് ജൻമിമാരുടെ കൃഷിയിലും വിളയിറക്കലിലും, വിളവെടുപ്പിലും തങ്ങൾ ക്കുണ്ടായിരുന്ന പല അവകാശങ്ങളും.

ഇന്നത്തെതിൽ നിന്നും വ്യത്യസ്ഥമായി ജൻമി കുടുംബങ്ങളിൽ നിപ്പ് പണി എന്നൊരു സംവിധാനം നിലനിന്നിരുന്നു. വിഷുവിന് മുമ്പായി ഒരു പണിയനേയും പണിച്ചിയേയും നെല്ല്, മുറുക്കാൻ, വെളിച്ചെണ്ണ തുടങ്ങി ചില പാരിതോഷികങ്ങൾ നൽകി ഒരു ജൻമി തന്റെ അടിമയായി നിയമിക്കുന്നു. തുടർന്ന് വിഷു പിറ്റേന്ന് മേടം ഒന്നിന് വയലിന്റെ ഒരു മൂലയിൽ കുടുംബാചാരത്തോടുകൂടി നിലവിളക്ക് കത്തിച്ച് വിത്തിടുന്നതോടുകൂടി ഒരു അടിമ കുടുംബം അവന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയായി. തുടർന്ന് അങ്ങോട്ട് അതിരാവിലെയുള്ള കന്നുപൂട്ടൽ, കന്നുകാലി മേയ്ക്കൽ, ഞാറിടൽ, ഞാറ് പറിക്കൽ, ഞാറ് നടൽ തുടങ്ങി ആ ജൻമി കുടുംബത്തിന്റെ എല്ലാതരം പണികളും നോക്കി നടത്തേണ്ട ഭാരിച്ച ഉത്തരവാദിത്വം ഈ അടിമ കുടുംബത്തിന്റെ തലയിൽ വന്നു ചേരുന്നു. എന്നാൽ ഇത് തങ്ങൾക്ക് ഉള്ള അവകാശമാണ് എന്ന സംതൃപ്തിയോടുകൂടി ആ കടമകൾ നിർവഹിക്കുന്നു. ഒരു ദിവസത്തെ പണിക്ക് ഒരു വല്ലി ഒന്നര വല്ലി നെല്ലാണ് കൂലിയായി ലഭിക്കുന്നത്. പണി കയറിയതിന് ശേഷം എടുക്കുന്ന അധികം പണിക്ക് അധികം വല്ലി കിട്ടും. ഞാറു പറിക്കുന്നതിന് കുത്തക നിശ്ചയിച്ചു കൊടുക്കുന്ന രീതിയാണു നിലനിന്നിരുന്നത്. പൊടി ഞാറ് ആണെങ്കിൽ ഒരു സ്ത്രീ തൊഴിലാളി മൂന്ന് കൊളകം വിത്തിന്റെയും, ചെളി ഞാറാണെങ്കിൽ അഞ്ച് കൊളകത്തിന്റെയും ഞാറ് പറിച്ചിരിക്കണം. കന്നി മാസത്തിലെ മകം നാളിൽ കതിര് കുളിപ്പിക്കുന്ന ഒരാഘോഷം നിലനിന്നിരുന്നു. ജൻമി കുടുംബവും, അടിമ കുടുംബവും കൂടി വളരെ ആഘോഷപൂർവമായിരുന്നു ഇത് കൊണ്ടാടിയിരുന്നത്. അതുപോലെ തന്നെ പ്രധാനമായ മറ്റൊരാചാരമായിരുന്നു 'കതിരു കയറ്റൽ'. കൊയ്ത്തിനു മുമ്പ് ഒരു കറ്റ കൊയ്ത് കളത്തിനു നടുവിലുള്ള മേട്ടിയിൽ സ്ഥാപിക്കുകയാണ് ഈ ആചാരം. ഇതിനിടയിൽ അടിമ കുടുംബത്തിന് വിഭവസമൃദ്ധമായ ഒരു സദ്യയും ചില്ലറ പുടവയും ഓണം നാളിൽ കിട്ടും. ഒരു കൊല്ലത്തെ കൃഷിയുടെ വിളവെടുപ്പോടുകൂടി നിപ്പ് പണി അവസാനിക്കുകയാണ്. അതിനുമുമ്പ് കൊയ്ത്, വാരൽ, കന്നുകളെ ഉപയോഗിച്ചുള്ള ഒക്കൽ പാറ്റൽ, പുല്ലു മൂടയിടൽ, നെല്ല് അളന്ന് ജൻമിയുടെ പത്തായത്തിൽ സംഭരിക്കൽ ഇവയും നിപ്പ്പണിയുടെ ഭാഗം തന്നെയാണ് വിളവെടുപ്പിന് ശേഷം ഒന്നരപ്പൊതി കുണ്ടലും, തണുപ്പുകാലത്ത് ഒരു കാരിക്കനും ഒരടിമയ്ക്ക് കിട്ടും.

ഒരു ജൻമിയുടെ കീഴിലുള്ള അടിമയുടെ ജീവിതം ഒരു തരത്തിൽ വളരെ ദയനീയമായിരുന്നു. ജൻമിമാരിൽ നിന്നും കഠിനമായ മർദ്ദനങ്ങളും, പീഠനങ്ങളും ഏൽക്കേണ്ടി വരിക സാധാരണയായിരുന്നു. ഈ രീതിയിലുള്ള പീഡനങ്ങളും യാതനകളും നിലനിന്നിരുന്നുവെങ്കിലും തങ്ങൾ പണി ചെയ്തിരുന്ന കൃഷിയിടങ്ങളും തങ്ങൾ പരിപാലിച്ചുപോന്നിരുന്ന കന്നുകാലികളും തങ്ങളുടെതുകൂടിയാണെന്നും അവ നിലനിൽക്കേണ്ടതും, സംരക്ഷിക്കേണ്ടതും തങ്ങളുടെ കടമയാണെന്നും അവർ ഉറച്ചു വിശ്വസിച്ചിരുന്നു. ആ തരത്തിലുള്ള സുദൃഢമായ വൈകാരിക അടിമ-ഉടമ ബന്ധം നിലനിൽക്കുക വഴി അന്ന് കൃഷിയിലും ഉൽപാദനത്തിലും അതിനേറതായ നേട്ടങ്ങൾ പ്രകടമായിരുന്നു.

തുടർന്നിങ്ങോട്ടുള്ള കാലഘട്ടങ്ങളിൽ ആദ്യം പറഞ്ഞ ജൻമി കുടുംബങ്ങൾ പലതും മരുമക്കത്തായ സമ്പ്രദായത്തിലുണ്ടായ മാറ്റമറിച്ചിലുകളോടുകൂടി കൂട്ടുകുടുംബ വ്യവസ്ഥ തകരുകയും, കുടുംബങ്ങൾ അധികരിച്ചതോടുകൂടി വെറും നെൽകൃഷിയിലും, കരയിൽ അവിടെയും ഇവിടെയും ഉണ്ടായിരുന്ന മുത്താറി, കടുക് തുടങ്ങിയവയുടെ കൃഷിയിൽ നിന്നും മാറ്റം വരികയും കരയിൽ കാടു വെട്ടി തെളിച്ച് നാരകം, കാപ്പി, കുരുമുളക് തുടങ്ങിയ പലയിനം കൃഷികളും ചെയ്തു തുടങ്ങി. ഏതാണ്ട് 1940-45 കാലഘട്ടത്തോടുകൂടി കുടിയേറ്റക്കാരായ

കർഷകരുടെ ആവാസവും നിലവിലുണ്ടായിരുന്ന കൃഷി രീതിയിലും ഘടനയിലും വേഗതയിലുള്ള മാറ്റങ്ങൾ പ്രകടമാകുവാൻ തുടങ്ങി. എന്നിരുന്നാലും ധാരാളം തരിശു സ്ഥലങ്ങൾ ഉണ്ടായിരുന്നതിനാൽ കന്നുകാലി വളർത്തൽ ഇന്നത്തേതിലും കൂടുതലായിരുന്നു അക്കാലത്ത്. നമ്മുടെ നാട്ടിലെ ഏതു കുന്നരികിലും പാടങ്ങളിലും കാലികളെ കൂട്ടുന്ന പ്ടാവുകൾ സാധാരണ കാഴ്ചയായിരുന്നു. ചപ്പു ചവറുകളും കാലിവളങ്ങളും കൃഷിക്കുപയോഗിച്ചിരുന്നതിനാൽ ഈ കാലഘട്ടങ്ങളിൽ എല്ലാ വിളകളും ഭേദപ്പെട്ട വിളവ് ഉൽപാദിപ്പിച്ചിരുന്നു. മാത്രമല്ല ഇന്നത്തെപോലുള്ള രോഗങ്ങളോ, കീടബാധകളോ കർഷകരെ സംബന്ധിച്ച് അന്യമായിരുന്നു.
നമ്മുടെ കാർഷിക ചരിത്രം പറയുമ്പോൾ കൃഷി ചരിത്രത്തിൽ വിപ്ലവകരമായ മാറ്റം വരുത്തിയ ഒന്നാണ് 1957 - ലെ ഭൂ പരിഷ്കരണ ബിൽ. 1957 - ന് മുൻപ് നിലവിലുണ്ടായിരുന്ന ഒരു വ്യവസ്ഥിതിയായിരുന്നു. ജന്മി-കുടിയാൻ. കൃഷിക്കാരന് കൃഷിചെയ്യുന്ന ഭൂമിയിൽ ഒരു അവകാശവും ഇല്ലെന്ന് മാത്രമല്ല തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വിളവുകൾ ജൻമിക്ക് പാട്ടം അളന്നതിന് ശേഷം ബാക്കിയുള്ളതിനെ കർഷകന് അവകാശമുണ്ടായിരുന്നുള്ളു. ഈ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി കൃഷി ഭൂമി കൃഷിക്കാരന് സ്വന്തമാവുകയും കൃഷിഭൂമിയിൽ കൃഷിക്കാരൻ കൂടുതൽ ശ്രദ്ധ ചെലുത്തുകയും ചെയ്യാൻ തുടങ്ങി. അക്കാലത്ത് കൃഷിക്കാരന് നേരിട്ട പ്രശ്നം സർക്കാരിന് 2 ഏക്കറിൽ കൂടുതൽ നെൽകൃഷിയുള്ള കൃഷിക്കാരൻ നിശ്ചിത അളവിൽ ലവി അളക്കേണ്ടതുണ്ടായിരുന്നു. എന്നാൽ തുടർന്നിങ്ങോട്ടുള്ള ജനസംഖ്യ വർദ്ധനവും ഭൂമിയുടെ തുണ്ടവൽകരണവും, നാരങ്ങ, കുരുമുളക് തുടങ്ങിയ നാണ്യ വിളകളുടെ നാശവും കർഷകരെ ആശങ്കാകുലരാക്കുകയും പരമ്പരാഗതമായ കൃഷി രീതിയിൽ നിന്നും വ്യത്യസ്തമായ കൃഷിരീതികളും മാർഗ്ഗങ്ങളും സ്വീകരിക്കാൻ തുടങ്ങി. ഇതിന്റെ ഫലമായി കൃഷിക്കാർ വ്യാപകമായി കാപ്പി കൃഷി ചെയ്യാൻ തുടങ്ങി. ഇതിനിടയിലാണ് ഇന്ത്യൻ കാർഷിക ചരിത്രത്തിൽ തന്നെ പറയത്തക്ക നേട്ടങ്ങളുണ്ടാക്കിയ ഹരിത വിപ്ലവവും ജാപ്പൻ മോഡൽ കൃഷിരീതികളും, പുതിയ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളും, രാസവളങ്ങളും, കീടനാശിനി പ്രയോഗങ്ങളും കൂടി ആരംഭ ഘട്ടത്തിൽ ഒരു കുതിച്ചു ചാട്ടം തന്നെ നടത്തിയെങ്കിലും കർഷകർ പരമ്പരാഗതമായ പല മാർഗ്ഗങ്ങളും ഉപേക്ഷിച്ചതിനാൽ, ഉദാഹരണത്തിന് മേൽപറഞ്ഞ തരിശ് ഭൂമികളും, പുൽമേടുകളും അപ്രത്യക്ഷമായതോടുകൂടി കാലി വളർത്തലും ജൈവവളപ്രയോഗവും കുറയുകയും ചെയ്തു. ഏതു വിധേനയും എളുപ്പ ലാഭവും ശാസത്രീയമല്ലാത്ത രാസവളപ്രയോഗവും അമിത കീടനാശിനി പ്രയോഗവും നമ്മുടെ മണ്ണിന്റെ ഘടനയേയും കൃഷിരീതികളേയും ആകെ മാറ്റി മറിക്കുകയും കർഷകർ ഇന്ന് പൂർവ്വകാലത്തിന്റെ മധുരസ്മരണയുടെയും ഇന്നിന്റെ സത്യത്തിന്റെയും മുന്നിൽ ഉത്തരം കാണാതെ പകച്ചു നിൽക്കുന്ന ഈ സാഹചര്യത്തിൽ ഇനിയും നമുക്ക് നഷ്ടപ്പെട്ട കാർഷിക പാരമ്പര്യം വീണ്ടെടുക്കുന്നതിനായി കഠിനപ്രയത്നം അത്യന്താപേക്ഷിതമായിരിക്കുന്നു.

പരിമിതമായ സാഹചര്യത്തിനുള്ളിൽ അവതരിപ്പിച്ച ഹ്രസ്വമായ കൃഷി ചരിത്രം പൂർണ്ണ അർത്ഥത്തിലുള്ള ഒരു ചരിത്ര പഠനം എന്ന് അവകാശപ്പെടുന്നില്ലെങ്കിലും നമ്മുടെ പഞ്ചായത്തിലെ പൂർവ്വകാല കൃഷിയിലേക്ക് ഒരു ചെറിയ എത്തിനോട്ടം നടത്തിയെന്ന ചാരിതാർത്ഥ്യത്തോടെ ഈ കൃഷി ചരിത്രം ഇവിടെ അവസാനിപ്പിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നിന്നും വളരെ വ്യത്യസ്ഥമായ ഒരു കാർഷിക അന്തരീക്ഷം ആണ് നമ്മുടെ മുമ്പിലുള്ളത്. അന്ന് നെല്ല്, കാപ്പി, കുരുമുളക് എന്നിങ്ങനെ ചിലയിനങ്ങൾ വ്യാപകമായി കൃഷി ചെയ്തതിനു പകരം 1/2 ഏക്ര, ഒരു ഏക്ര മുതൽ കൂടുതൽ ഭൂമിയുള്ളവർ വരെ വിവിധയിനം കൃഷികൾ മാറി കൃഷി ചെയ്യുന്ന ഒരു സാഹചര്യമാണ് നമ്മുടെ മുന്നിലുള്ളത്. അന്ന് ഇവിടുത്തെ കാലാവസ്ഥയ്ക്ക് യോജിച്ചതും രോഗപ്രതിരോധ ശേഷിയുള്ളതുമായ നെൽവിത്തുകൾ ഉദാഹരണം:- വെളിയൻ, ചൊമാല, കോതാണ്ടൻ, പാൽവെളിയൻ, കയമ, ഉരുണിക്കയമ, ചെന്താടി, ഓങ്ങൻപുഞ്ച, ഗന്ധകശാല, ജീരകശാല മുതലായവയായിരുന്നു കൃഷി ചെയ്തിരുന്നത്. എന്നാൽ അവയ്ക്ക് പകരം പുതിയ ഇനം നെൽവിത്തുകൾ നമ്മുടെ വയലുകൾ കൈയടക്കി. ഇത് ഉൽപ്പാദനത്തിൽ പ്രകടമായ വ്യത്യാസം ഉണ്ടാക്കുവാൻ സഹായിച്ചെങ്കിലും കൃഷി ചിലവുകൾ മുൻ കാലത്തേതിനേക്കാളും ഇരട്ടി കണ്ട് വർദ്ധിക്കുകയും ആവശ്യത്തിന് കർഷകതൊഴിലാളികളെ കിട്ടാതിരിക്കുകയും ചെയ്തു. നെൽപ്പാടങ്ങളിൽ നെല്ലിനു പകരം വാഴ, കമുങ്ങ് തുടങ്ങിയവ കൃഷിചെയ്യാൻ തുടങ്ങി, മാത്രമല്ല ഇവിടത്തുകാരുടെ പ്രധാന വരുമാന മാർഗ്ഗമായ കാപ്പി അടുത്തകാലം വരെ കർഷകർക്ക് പൊതു വിപണിയിൽ വിൽക്കുവാൻ സ്വാതന്ത്ര്യ മുണ്ടായിരുന്നില്ല. ഇന്ന് സ്വതന്ത്ര വിപണി അനുവദിച്ചുവെങ്കിലും കാലാവസ്ഥയിലുണ്ടായ മാറ്റം ഉൽപാദനത്തിലും വളരെ കുറവുണ്ടായി. കൂടാതെ പലതരത്തിലുള്ള രോഗബാധയും കൃഷിയിൽ മാന്ദ്യമുണ്ടാക്കി. മറ്റൊരു പ്രധാന നാണ്യ വിളയായ കുരുമുളകും ദ്രുതവാട്ടം തുടങ്ങി പല രോഗങ്ങളുടെ കാരണം നമ്മുടെ ഭൂമിയിൽ നിന്നും അപ്രത്യക്ഷമാകുന്ന ലക്ഷണമാണ് കാണുന്നത്. മറ്റ് കൃഷികളായ റബ്ബർ, തെങ്ങ്, കവുങ്ങ് തുടങ്ങിയവ വളരെ അനുയോജ്യമായ മണ്ണും സാഹചര്യങ്ങളും ഉണ്ടെങ്കിലും ഈ കൃഷികൾ കർഷകരിലിന്നും വേണ്ടത്ര പ്രാധാന്യം കൽപിച്ചു കാണുന്നില്ല. എന്നാൽ അടുത്ത കാലത്ത് ഇവിടത്തെ കർഷകർക്ക് പുത്തൻ ഉണർവും ഉന്മേഷവും പ്രധാനം ചെയ്തവയാണ് ഇഞ്ചി കൃഷിയും വാഴകൃഷിയും , ഇഞ്ചി കൃഷിക്ക് മഹാളി രോഗംകാരണം ഈ കൃഷി

ഏതാണ്ടും നശിച്ച മട്ടാണ്. പിന്നേയും പിടിച്ചു നിൽക്കുന്നത് വാഴകൃഷിയാണ്. എന്നാൽ ഈ കൃഷിയിൽ കർഷകർ അനുവർത്തിച്ചുവരുന്ന തെറ്റായ രാസവള പ്രയോഗവും കീടനാശിനി പ്രയോഗവും ധാരാളം പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാക്കുന്നുണ്ട്. എന്നിരുന്നാലും ഒരു പരിധിവരെ ഇവിടുത്തെ കർഷകരെ നിലനിർത്തി പോരുന്നതിൽ വാഴയുടെ പങ്ക് അവഗണിക്കാവുന്നതല്ല.

ഇവിടുത്തെ നെൽ വയലുകളിൽ ഇടവിളയായി പച്ചക്കറി വളരെ വ്യാപകമായി ചെയ്തു പോന്നിരുന്ന മേഖലയായിരുന്നു നമ്മുടേത്. ജലസേചന സൗകര്യത്തിലുണ്ടായ അസൗകര്യങ്ങൾ, കൃഷിക്കാർക്ക് ഇതിലുണ്ടായ താൽപര്യക്കുറവ്, ഈ രംഗത്ത് നല്ലയിനം വിത്തിനങ്ങളുടെ ലഭ്യതയിലും സാങ്കേതിക ഉപദേശങ്ങളുടെയും കുറവ് ഇന്ന് പച്ചക്കറി കൃഷിയും ഏതാണ്ട് അന്യം നിന്നു വരുന്ന സാഹചര്യമാണ് കാണുന്നത്.

മേൽ പറഞ്ഞ പ്രശ്നങ്ങളിൽ കർഷകനെ നിർദ്ദേശങ്ങൾ നൽകി സഹായിക്കാനും സർക്കാർ ലക്ഷങ്ങൾ ചിലവിട്ട് കൃഷിഭവൻ, മൃഗാശുപത്രി, ബാങ്കുകൾ ഇവയുടെ പ്രവർത്തനങ്ങൾ അതിന്റെറതായ ഉദ്ദേശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നതിനാലും കർഷകർ നിരാശയിലാണ്. ഇന്ന് കൃഷിഭവൻ ഏതാനും സൗജന്യങ്ങൾ വിതരണം ചെയ്യുന്ന ഒരേജൻസി മാത്രമാണ് എന്ന ധാരണ ജനങ്ങളിൽ പരത്താൻ മാത്രമേ ഇവയുടെ പ്രവർത്തനം കൊണ്ട് ഇത് വരെ സാധിച്ചിട്ടുള്ളു.

ഭൂമിശാസ്ത്രപരമായും ഭൗതികസാഹചര്യങ്ങളാലും നമ്മുടെ പഞ്ചായത്തിന്റെറ മൊത്തത്തിലുള്ള സാമ്പത്തിക പുരോഗതിക്കും സാമൂഹ്യ ഉന്നമനത്തിനും നമുക്കാശ്രയിക്കാവുന്ന പ്രധാന മേഖല കാർഷികമേഖലയാണ് എന്നുള്ളത്' മേൽപ്പറഞ്ഞ വസ്തുതകളിൽ നിന്നും ഏതാണ്ടു വ്യക്തമായിരിക്കുകയാണല്ലോ? ഈ പഞ്ചായത്തിലെ മൊത്തം ജനങ്ങളിൽ പകുതിയോളം വരുന്ന ഇടത്തരക്കാരും ആദിവാസികളും ഭൂരഹിതരായ കർഷകതൊഴിലാളികൾക്കും തൊഴിൽ ലഭിക്കാനും അതുവഴി അവരേയും കൂടി സമൂഹത്തിന്റെറ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുവാനും ഉതകുന്ന രീതിയിൽ നമ്മുടെ കൃഷി രീതിയിൽ കാതലായ മാറ്റങ്ങൾ വരുത്തുവാനും അതുവഴി നമുക്ക് നഷ്ടപ്പെട്ട കാർഷിക പാരമ്പര്യം വീണ്ടെടുക്കുവാൻ പ്രായോഗികമായ ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

മുകളിൽ പറഞ്ഞ സാഹചര്യങ്ങളും പ്രശ്നങ്ങളും ആഴത്തിൽ പരിശോധിച്ചപ്പോൾ ഈ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലേയും കൃഷികൾ നേരിടുന്ന പ്രധാന പ്രശ്നം ജലസേചനത്തിനുള്ള സൗകര്യക്കുറവാണ് എന്ന് ബോധ്യം വന്നിരിക്കുകയാണ്. പ്രാധാന്യം കുറഞ്ഞു വരുന്ന നെൽകൃഷി പുനരുദ്ധരിക്കാനും മഴയെ മാത്രം ആശ്രയിക്കുന്ന കാപ്പികൃഷിക്കാർക്കും, വാഴ, പച്ചക്കറി, കന്നുകാലി വളർത്തൽ എന്നിവയുടെ എല്ലാം അടിസ്ഥാന ആവശ്യം വെള്ളം ആകയാലും ആയതിൽ പ്രകൃതി നമുക്ക് കനിഞ്ഞ് നൽകിയിരിക്കുന്ന രണ്ടു പുഴകളെ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. അതുകൊണ്ട് ഈ പഞ്ചായത്തിലെ തെക്കുംതറ, മാടക്കുന്ന്, ചോലപ്പുറം, കള്ളംതോട്, കല്ലട തുടങ്ങിയ പ്രദേശങ്ങളിൽ മൊത്തം പഞ്ചായത്തിലുള്ള വയലുകളെ കണക്കാക്കുമ്പോൾ പകുതിയോളം വരുന്ന നെൽപാടങ്ങളും മൂന്നിലൊരു ഭാഗം വരുന്ന കരപ്രദേശങ്ങളും ഫലപ്രദമായി ജലസേചനം നടത്തുന്നതിനായി പിണങ്ങോട് - വെണ്ണിയോട് പുഴയിൽ കള്ളം തോട് പാലത്തിനു മുകളിൽ ചെമ്പകക്കുണ്ട് എന്ന സ്ഥലത്ത് ഒരു ചെക്ക്ഡാം നിർമ്മിക്കാനും ഈ ഡാമിൽ നിന്നും കള്ളംതോട്, ചോലപ്പുറം വഴി കല്ലട , കാരാറ്റ വയലിലേക്കും നിരവത്ത് വയലിലേക്കും കനാലുകൾ നിർമ്മിച്ച് ചെക്ക്ഡാമിൽ പമ്പു സെറ്റ് സ്ഥാപിച്ച് വെള്ളം പമ്പു ചെയ്യാൻ ഉതകുന്ന രീതിയിലുള്ള ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കാനുള്ള നടപടികൾ അടിയന്തിര പ്രാധാന്യം നൽകി നടപ്പിലാക്കാനുള്ള നടപടി ഈ ഗ്രാമപഞ്ചായത്തിന്റെറ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

രണ്ടാമതായി ഇതേ പുഴയിൽ തന്നെ മാമ്പിലിച്ചക്കടവിന്റെറ മുകളിൽ ചെക്ക് ഡാം നിർമ്മിച്ച് വെള്ളം പമ്പു ചെയ്യുകയാണെങ്കിൽ 110 ഹെക്ടർ സ്ഥലത്ത് രണ്ട് പുൽകൃഷി ചെയ്യാൻ സാധിക്കുന്നതാണ്. ഇതിനും അടിയന്തിര പ്രാധാന്യം നൽകേണ്ടത് അത്യാവശ്യമാണ്.

മൂന്നാമതായി ചെറുപുഴയിലെ കോക്കുഴിയിലും കരിക്കലോട്ടും അപ്പണവയലിലും മൂന്ന് ചെക്കു ഡാമുകൾ കെട്ടി ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ചാൽ ഈ പഞ്ചായത്തിലെ മഞ്ഞിലേരി, വെങ്ങപ്പള്ളി, കോക്കുഴി, കരിക്കലോട്ട് തുടങ്ങിയ ഭാഗങ്ങളിലും ജലസേചന സൗകര്യം വരുന്നതോടുകൂടി ഈ പഞ്ചായത്തിന്റെറ കാർഷിക ഉൽപാദനത്തിൽ മൂന്നിരട്ടി കണ്ട് വർദ്ധനവ് ഉണ്ടാക്കുവാൻ കഴിയുമെന്നതിനാൽ ഈ പറഞ്ഞ പദ്ധതികളും വളരെ പ്രാധാന്യം കൊടുത്തുകൊണ്ട് നടപ്പിൽ വരുത്തണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു,

കുളങ്ങൾ:- പുഴകളിൽ നിന്നും ജലസേചനം ലഭിക്കാൻ സാധ്യമല്ലാത്ത പ്രദേശങ്ങളിൽ ഇന്നു നിലവിലുള്ളതും നാശം സംഭവിച്ചതുമായ കുളങ്ങൾ പുനരുദ്ധരിച്ച് ജലസേചനത്തിന് സൗകര്യപ്രദമാക്കേണ്ടതാണ്.

ഉദാ:- മൂലയിൽ പൊന്നൻങ്കോട്, നൊട്ടൻവീട്, കൂവപ്പാടി, അയനിക്കണ്ടി എന്നീകുളങ്ങൾ വീതിയും ആഴവും കൂട്ടാനും മഞ്ഞിലേരി, മൈലാടിപ്പടി, മുക്കത്തുവയൽ, ആനപ്പാറ, ചോലപ്പുറം എന്നിവിടങ്ങളിൽ പുതിയവ കുഴിക്കേണ്ടതുമാണ്. നിലവിലുള്ള പൂളക്കുണ്ട്, ചുലുണ്ണി, കോളനിമുക്ക് തുടങ്ങിയ നിർജ്ജീവമായ കുളങ്ങൾ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സാധ്യതകൾ:- ഇന്ന് നിലവിലുള്ള ഒരുപ്പ് കൃഷിക്ക് പകരം ഇരുപ്പു കൃഷിയും അതു വഴി നെല്ലുൽപാദനരംഗത്ത് ഇന്നത്തേതിൽ നിന്നും ഇരട്ടിയായി ഉൽപാദനം വർദ്ധിക്കും എന്ന് മാത്രമല്ല നമ്മുടെ വയലുകളിൽ തത്തകം, പുഞ്ചകം കൃഷി ചെയ്യുന്നതോടുകൂടി ഇന്ന് വേനൽകാലത്ത് ഉണങ്ങി വരണ്ടു വിണ്ടു കീറി മരുഭൂമിപോലെ കിടക്കുന്ന നമ്മുടെ വയലുകൾ ഹരിതാഭമാകുമ്പോൾ നമുക്ക് കന്നുകാലി വളർത്തൽ ഇന്നത്തേതിൽ നിന്നും വർദ്ധിപ്പിക്കാൻ സാധിക്കും. എന്നു മാത്രമല്ല അതു വഴി ജൈവ വളം ഉൽപാദനം വർദ്ധിപ്പിക്കുകയും ഈ ജൈവ വളം നമ്മുടെ പാടങ്ങളിൽ ശരിയായ രീതിയിൽ ഉപയോഗിക്കുക വഴി മൃതപ്രായമായി കഴിയുന്ന നമ്മുടെ പാടങ്ങൾക്കും തോട്ടങ്ങൾക്കും പുതുജീവൻ ലഭിക്കാൻ കഴിയും. നെല്ലുൽപാദനരംഗത്ത് ഗ്രൂപ്പ് ഫാമിങ്ങ് സംവിധാനം നിലവിലുണ്ടെങ്കിലും ഈ പ്രദേശത്തുള്ള പാടശേഖരങ്ങളുടെ സ്വഭാവവും തുണ്ടു തുണ്ടുകളായ വയലും അവക്കിടയിൽ തന്നെയുള്ള വാഴകൃഷി ഇവകളാൽ ഗ്രൂപ്പ് ഫാമിങ്ങ് ഇവിടെ വിജയിക്കുവാൻ ബുദ്ധിമുട്ടുണ്ട് എന്നാൽ അതാത് പാടശേഖരങ്ങളിലെ കർഷകരെ കൃഷിഭവന്റെ നേതൃത്വത്തിൽ വിളിച്ച് ചേർത്ത് കർഷകരുടെ അനുഭവ പാഠങ്ങളുടെയും നാട്ടറിവിന്റെയും വെളിച്ചത്തിൽ കൂട്ടായ അഭിപ്രായ സമന്വയം ഉണ്ടാക്കി എടുത്തു കൊണ്ടും കഴിവതും ഒരു തവണ ഒരേ തരം വിത്തിറക്കുവാനും ഒരേ സമയം രോഗനിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കാനുമുള്ള സംവിധാനം നടപ്പിൽ വരുത്തുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും മുൻകൈയെടുക്കേണ്ടതാണ്. പമ്പു സെറ്റുകൾ, ട്രാക്ടർ, ട്രില്ലർ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ കൃഷിക്കാർക്ക് പഞ്ചായത്ത് ജാമ്യം നിന്നുകൊണ്ട് ബാങ്കുകളിൽ നിന്ന് ലോൺ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

ജൈവവളം നിർമ്മാണം നിർദ്ദേശം:- ജൈവവളം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ കുടുംബത്തിനും വളങ്ങൾ സംഭരിക്കുന്നതിന് ആവശ്യമായ കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതിന് സൗജന്യ സാമ്പത്തിക സഹായം പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ചെയ്യേണ്ടതാണ്. കൂടാതെ വ്യാവസായിക അടിസ്ഥാനത്തിൽ ജൈവവള നിർമ്മാണത്തിന് തൊഴിൽ രഹിതരുമായ കർഷകർക്ക് സാമ്പത്തിക സഹായം ബാങ്കു മുഖേനയോ പഞ്ചായത്തു മുഖേനയോ ലഭ്യമാക്കുവാനും. അതുവഴി തൊഴിൽ രഹിതരായ കർഷകർക്ക് അവരുടെ ഉന്നമനത്തിനു ഉതകും.

കൃഷി ഭവനുകളുടെ പ്രവർത്തനം കർഷകരിൽ എത്തിക്കുവാൻ പലതരത്തിലുള്ള സമിതികളും നിലവിലുണ്ട്. അവയുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. അവ എത്രയും പെട്ടന്ന് ജനാധിപത്യ രീതിയിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്. അതാത് സമിതികൾ നിലകൊള്ളുന്ന പ്രദേശത്ത് തൽപ്പരരായ ആളുകളെ ഉൾപ്പെടുത്തി ഓരോ പച്ചക്കറി ഫാമുകൾ തുടങ്ങുവാനും അതോടനുബന്ധിച്ച് പഞ്ചായത്തിൽ കുറഞ്ഞത് ഒരു പച്ചക്കറി സ്റ്റാൾ തുടങ്ങുവാനുമുള്ള സൗകര്യങ്ങൾ ഏർപ്പാടു ചെയ്യേണ്ടതാണ്. ഇതിനുള്ള സാങ്കേതിക ഉപദേശങ്ങളും വിത്തിനങ്ങളും കൃഷിഭവനിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന കന്നുകാലി സമ്പത്ത് വീണ്ടെടുക്കുന്നതിനുമുള്ള പ്രയത്നം നടത്തണം. അതിനു കൂട്ടായും ഒറ്റയ്ക്കും ഡയറി യൂണിറ്റ് തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് അതിനുവേണ്ട എല്ലാ സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതിന് നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം. ഈ കാര്യങ്ങൾക്ക് കർഷകരെ സഹായിക്കുന്ന സമീപനങ്ങളല്ല സ്വീകരിച്ചു പോരുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ വേണ്ടവിധം ഫലപ്രദമായി ഉപയോഗപ്രദമാക്കുന്നതിൽ ആവശ്യമായ ഇടപെടലുകൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

ഇതൊക്കെയാണെങ്കിലും വയനാട്ടിലെകാലാവസ്ഥയിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥ കൂടികണക്കിലെടുത്ത് വേണം ഇവിടെ ഒരു കാർഷിക നയം രൂപീകരിക്കേണ്ടത്. മാറി മാറി വരുന്ന കാലാവസ്ഥ പല കൃഷിയുടെയും ഉൽപ്പാദനത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാക്കുന്നു. എന്നാൽ ഇവയ്ക്ക് അസന്തുലിതാവസ്ഥ നിലനിർത്താൻ ഉതകുന്നതാണ് നമ്മുടെ സങ്കര കൃഷി സമ്പ്രദായം. ആ നിലക്ക് കവുങ്ങ്, തെങ്ങ്, റബ്ബർ, വാഴ, ഇഞ്ചി ഇവയും സംരക്ഷിച്ച് നിലനിർത്തിപോരേണ്ടത് അത്യന്താപേക്ഷിതമാണ്.ഇറിഗേഷൻ പദ്ധതികൾ പ്രാവർത്തിക മാക്കുന്നതോടുകൂടി ജലസേചന സൗകര്യം ലഭിക്കുന്ന പാടങ്ങളിലെ വാഴ, കവുങ്ങ്, കൃഷികൾ കർശനമായി നിയന്ത്രിച്ച് കൊണ്ടും നെൽ കൃഷിക്ക് യോജിക്കാത്ത സ്ഥലങ്ങളിൽ ഇവയുടെ കൃഷി വ്യാപിപ്പിക്കേണ്ടതും അത്യാവശ്യമാണ്. അതുപോലെ കർഷകർ അനുഭവിക്കുന്ന മറ്റൊരു ഭീഷണിയാണ് കാലവർഷക്കെടുതിയും, രോഗങ്ങൾ മൂലമുള്ള കൃഷിനാശവും. ഇവയ്ക്ക് രണ്ടിനും ഇൻഷുറൻസ് നടപ്പാക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

അങ്ങനെ നമ്മുടെ നാടിന്റെ അടിത്തറ പണിയുന്നതിൽ തന്റെ ഒരായുസ്സ് മുഴുവൻ കഠിനാധ്വാനം ചെയ്യുന്ന കർഷകൻ വാർദ്ധക്യത്തിലെത്തുമ്പോൾ മാന്യമായ പെൻഷൻ നൽകി അവനെ സംരക്ഷിക്കാൻ കൂടി സർക്കാർ തയ്യാറാകണം.

വൈത്തിരി പുഴയിലെ വെങ്ങപ്പള്ളി പഞ്ചായത്തുകളിലെ ബോർഡറിൽ മുതലപ്പാറയിൽ ചെക്കുഡാമിൽ 220 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താം.

ഭൂപ്രകൃതി

കുന്നുകളും, കുന്നിൻ ചരിവുകളും, നെൽപാടങ്ങളും ചതുപ്പു നിലങ്ങളും ചേർന്നതാണ് ഇവിടുത്തെ ഭൂപ്രകൃതി. കരഭൂമിയുടെ വിസ്തീർണ്ണം 3297.58 ഏക്കറും വയലിന്റെ വിസ്തീർണ്ണം 1814 ഏക്കറും പുറമ്പോക്കിന്റെ വിസ്തൃതി 105.24 ഏക്കറും ആണ്.

മൺതരങ്ങൾ:- പൊന്നടയിലെ സ്റ്റോൺ ക്രഷർ പ്രദേശം , മൂരിക്കാപ്പ് കുന്ന്, ഓട്ടുമ്പുറം കുന്ന് കൊടുംകയം, നാട്ടിപ്പാറ എന്നിവിടങ്ങളിൽ കരിങ്കൽപ്പാറകൾ ധാരാളം ഉണ്ട്. കുന്നുകളുടെ നിറുകയിൽ ചരൽ കലർന്ന മണ്ണാണ്. നിരപ്പായ സ്ഥലങ്ങളിലെ മണ്ണ് ഫലപുഷ്ടിയുള്ളതാണ്. കുന്നിൻ ചരിവുകളിൽ ചരൽ കാണപ്പെടുന്നു. സമതലങ്ങളിൽ മണൽ കലർന്ന മണ്ണാണ്. ചതുപ്പു നിലങ്ങളിൽ വെള്ള നിറത്തിലുള്ള കളിമണ്ണ് കാണപ്പെടുന്നു. മുൻകാലങ്ങളിൽ ഈ കളിമണ്ണ് കുമ്മായത്തിന് പകരം ഭിത്തിയിൽ തേയ്ക്കുന്നതിന് ഉപയോഗിച്ചു വന്നിരുന്നു.

സസ്യാവരണം:- കുന്നിൻ പ്രദേശങ്ങളിലെ നൈസർഗിക വനങ്ങൾ വെട്ടി അവിടെ കാപ്പി, കുരുമുളക്, റബ്ബർ, തെങ്ങ് മുതലായവ കൃഷി ചെയ്തു വരുന്നു. കാപ്പിതോട്ടങ്ങളിൽ അങ്ങിങ്ങായി തണൽ മരങ്ങൾ വളരുന്നു. തണലിനു വേണ്ടി പ്രത്യേകമായി നട്ടു വളർത്തുന്ന ശീമ മുരുക്കുകളും ചില സ്ഥലത്ത് കാണാം. പാടങ്ങളിലും, ചതുപ്പു നിലങ്ങളിലും വാഴ, കവുങ്ങ്, ഏലം എന്നിവ കൃഷി ചെയ്തു വരുന്നു. നെൽകൃഷി കുറഞ്ഞു വരികയാണ്. തൽസ്ഥാനത്ത് വാഴക്കൃഷിയാണ് വ്യാപിക്കുന്നത്. കുന്നിൻ ചരിവുകളിലെ മരങ്ങൾ വെട്ടിമാറ്റുന്നതും കാർഷിക പ്രവർത്തികൾ ചെയ്യുന്നതും മണ്ണൊലിപ്പിന് ആക്കം കൂട്ടുന്നു. മണ്ണൊലിപ്പ് തടയുന്നതിനുള്ള ശാസ്ത്രീയ രീതികളൊന്നും വ്യാപകമായി ഇവിടെ പ്രയോഗിക്കപ്പെടുന്നില്ല. വാഴകൃഷിക്ക് ചെയ്യുന്ന അശാസ്ത്രീയ വള പ്രയോഗം കാരണം മണ്ണിന്റെ ഫലപുഷ്ടി കുറയുകയും മണ്ണിലെ ജൈവാംശങ്ങൾ ക്ഷയിച്ചു തുടങ്ങുകയും ചെയ്യുന്നുണ്ട്. ക്രമേണ ഈ അവസ്ഥ സസ്യ വളർച്ചക്ക് ദോഷം ചെയ്യുവാൻ സാധ്യതയുണ്ട്.

ജല ലഭ്യത:- പാറപ്രദേശങ്ങളിൽ കിണറുകൾ കുഴിക്കുവാൻ കഴിയില്ല. അത്തരം പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്. പഞ്ചായത്തിൽകൂടി പ്രധാനമായും രണ്ടു പുഴകളാണ് ഒഴുകുന്നത്. ഒന്ന് കൽപ്പറ്റയിൽ നിന്ന് മണിയങ്കോട് വഴി ഒഴുകുന്ന ചെറുപുഴ. രണ്ടാമത്തേത് വൈത്തിരിയിൽ നിന്ന് എടത്തറക്കാവ് മാമ്പിലിച്ച വഴി ഒഴുകുന്ന വലിയ പുഴ. ഇതിൽ ചെറു പുഴയിൽ വെനൽകാലത്ത് നീരൊഴുക്ക് വളരെ കുറവാണ്. തോട്ടമുടമകളും മറ്റും ഇടക്കിടെ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും മറ്റും ജലം തടഞ്ഞു നിർത്തി പമ്പു ചെയ്യുന്നതിനാൽ താഴെ ഭാഗങ്ങളിലേക്ക് നീരൊഴുക്ക് തന്നെ നിലക്കുന്ന സ്ഥിതി വരാറുണ്ട്. വലിയ പുഴയിൽ സാമാന്യം നല്ല നീരൊഴുക്ക് ഉണ്ട്. അശാസ്ത്രീയമായ രീതിയിൽ മണൽ വാരുന്നതും മറ്റും പുഴയോരങ്ങൾ ഇടിയുന്നതിനും നീരൊഴുക്ക് കുറയുന്നതിനും മറ്റും കാരണമാകാറുണ്ട്. വർഷം തോറും നീരൊഴുക്കുള്ള ചെറുതോടുകൾ കുറവാണ്. പുഴകളിൽ കൂടുതൽ സ്ഥലത്ത് തടയണകൾ നിർമ്മിച്ചാൽ കിണറുകളിലും മറ്റും വേനൽക്കാലങ്ങളിൽ വെള്ളം വറ്റിപോകുന്നത് തടയുവാൻ കഴിയും.

കാലാവസ്ഥ:- ഇടവപ്പാതിക്കാണ് സാധാരണ നിലയിൽ കാലവർഷം ആരംഭിക്കുന്നത്. മൂന്നു മൂന്നര മാസത്തോളം കാലവർഷം ലഭിക്കാറുണ്ട്. അതിനുശേഷം സപ്തംബർ, നവംബർ കാലത്ത് തുലാവർഷം ലഭിക്കുന്നു. ലോകത്തിലേക്ക് വെച്ച് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ലക്കിടി എന്ന സ്ഥലം ഈ പഞ്ചായത്തതൃത്തിയിൽ നിന്നും അധികം ദൂരത്തല്ല. ഡിസംബർ മുതൽ ഫെബ്രുവരി വരെ തണുപ്പുകാലമാണ്. ധനു, മകരം മാസങ്ങളിൽ കൊടും തണുപ്പ് അനുഭവപ്പെടുന്നു. മാർച്ച് മുതൽ മെയ് വരെ മിതശീതോഷ്ണമാണ്. ടൂറിസ്റ്റുകൾക്ക് പറ്റിയ കാലാവസ്ഥയാണ് ഇവിടുത്തെ സമ്മർ സീസൺ.

മൃഗ സംരക്ഷണവും മൽസ്യ ബന്ധനവും

6

കഴിഞ്ഞ അര നൂറ്റാണ്ടിനിടക്ക് മൃഗസംരക്ഷണ മേഖലയിൽ ഗണ്യമായ മാറ്റം ഈ പഞ്ചായത്തിൽ വന്നിട്ടുണ്ട്. ഉഴവിനും, സ്വന്തം ആവശ്യത്തിനുമുള്ള പാൽ സംഭരിക്കുന്നതിനും മാത്രമാണ് മാടുകളെ വീടുകളിൽ വളർത്തിയിരുന്നത്. ക്ഷീരോൽപാദനം അന്നൊരു വരുമാന മാർഗ്ഗമേ ആയിരുന്നില്ല. നാടൻ ഇനങ്ങളായിരുന്നു ഈ പ്രദേശത്ത് പ്രചാരത്തിലുണ്ടായിരുന്നത്. അടുത്ത ഏതാനും വർഷം വരെ ഇടത്തരം കൃഷിക്കാരുടെ ഇടയിൽ സ്വന്തമായി ഉഴവുമാടുകൾ ഉണ്ടായിരുന്നു. കൃഷിക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതോടെയും നെൽപ്പാടങ്ങളിൽ വാഴകൃഷി വൻതോതിൽ ആരംഭിച്ചതോടെയും ഉഴവുമാടുകൾ ഈ പ്രദേശത്തു നിന്ന് അപ്രത്യക്ഷമായി. ചുരുക്കം ചില കൃഷിക്കാർക്ക് മാത്രമേ ഇപ്പോൾ ഉഴവുമാടുകൾ ഉള്ളൂ. പഴയകാലത്ത് ആവശ്യത്തിൽ കൂടുതൽ വരുന്ന പാൽ ഉൽപ്പന്നങ്ങൾ ഈ പ്രദേശത്ത് നശിപ്പിക്കുകയായിരുന്നു പതിവ്. വയനാട്ടിലെ മോര് വിലക്കും വെറുതെയും കിട്ടില്ല എന്ന ചൊല്ല് ഈ പ്രദേശത്ത് അന്വർത്ഥമായിരുന്നു. പഴയ നായർ തറവാടുകളിലും മറ്റും വൻതോതിൽ മാടു വളർത്തൽ നിലവിലുണ്ടായിരുന്നു. കുന്നിൻ പ്രദേശങ്ങൾ കൃഷി ഭൂമിയായി മാറുന്നതുവരെ മേച്ചിൽ സ്ഥലങ്ങൾക്ക് ദൗർലഭ്യമുണ്ടായിരുന്നില്ല. കന്നുകാലികളെ വിട്ടുമേക്കുന്ന സമ്പ്രദായമാണ് ഏതാനും വർഷം മുമ്പ് വരെ ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നത്. വേനൽകാലങ്ങളിൽ നെൽപ്പാടങ്ങളിൽ മുള ചീന്തി ഉണ്ടാക്കിയ വേലിക്കെട്ടുകൾ (ചുടാത്തി) ക്കകത്താണ് മാടുകളെ സംരക്ഷിച്ചിരുന്നത്. ഓഫ് സീസണുകളിൽ കരാർ വ്യവസ്ഥയിൽ മാടുകളെ വളർത്താൻ ഏൽപ്പിക്കുന്ന സമ്പ്രദായവും പണ്ടു കാലത്തുണ്ടായിരുന്നു.

ഇന്ന് ഈ പഞ്ചായത്ത്ിൽ പ്രദേശത്ത് നിലയാകെ മാറി. ഉഴവുമാടുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. ക്ഷീരമേഖല വികസിച്ചു, പ്രതികൂല കാലാവസ്ഥ കാരണം സസ്യകൃഷിയിലൂടെയുള്ള വരുമാനം കുറഞ്ഞതോടെ ക്ഷീരമേഖല ഇടത്തരക്കാരുടെ വരുമാന മാർഗ്ഗമായി മാറി. നാടൻ കറവമാടുകളുടെ സ്ഥാനത്ത് സങ്കര വർഗ്ഗങ്ങൾ വന്നു. ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കർഷകർ ശ്രദ്ധ ചെലുത്താൻ തുടങ്ങി. നെൽപാടങ്ങൾ നികത്തി വാഴകൃഷി വ്യാപകമായതോടെ മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായി. കന്നുകാലികളെ ഇളക്കി മേയ്ക്കൽ അതോടെ ഇല്ലാതായി. പശു, കാള, എരുമ, പോത്ത്, ആട് എന്നിവയാണ് ഈ പ്രദേശത്തെ വളർത്തു മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനപ്പെട്ടവ കോഴി, താറാവുകളും.

വളർത്തു മൃഗങ്ങളും പക്ഷികളും

പഞ്ചായത്തിൽ മൊത്തം മൃഗ ചികിൽസ സംവിധാനം 6 ാം വാർഡിലെ ചോലപ്പുറത്തു പ്രവർത്തിക്കുന്ന മൃഗാശുപത്രി മാത്രമാണ്. ഒരു ഡോക്ടറും, ഒരു ലൈവ് സ്റ്റോക്ക് അസിസ്റ്റൻറും, ഒരു അറ്റൻററും ഒരു സ്വീപ്പറും ഇവിടെയുണ്ട്. ക്ഷീര വിപണന രംഗത്ത് ഈ പഞ്ചായത്തിലെ മൊത്തം ഏജൻസി 7 ാം വാർഡിലെ മൂഴിമൂലയിൽ പ്രവർത്തിക്കുന്ന കോട്ടത്തറ ക്ഷീര വ്യവസായ സഹകരണ സംഘം മാത്രമാണ്. പ്രസ്തുത സഹകരണ സംഘത്തിൽ സെക്രട്ടറി, ക്ലാർക്ക്, ഒരു ടെക്ക്നിക്കൽ അസിസ്റ്റൻറ്, അഞ്ചു കലക്ടിംഗ് ഏജൻറുകൾ മൂന്നു വിൽപ്പന ഏജൻറുകൾ എന്നീ ജീവനക്കാരുണ്ട്. പ്രസ്തുത സംഘത്തിൻെറ കീഴിൽ പഞ്ചായത്തിലെ 5 ാം വാർഡിലെ എടത്തറ കടവിലും, 4 ാം വാർഡിലെ പിണങ്ങോടും, 3 ാം വാർഡിലെ വെങ്ങപ്പള്ളിയിലും, 2 ാം വാർഡിലെ പുഴമുടിയിലും പഞ്ചായത്തിന് വെളിയിൽ കോട്ടത്തറയിലും കലക്ടിംഗ് സെൻററുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സംഘത്തിൽ ശരാശരി 500 ലിറ്ററോളം പാൽ പ്രതിദിനം സംഭരിച്ച് വിപണനം നടത്തുന്നുണ്ട്. മൃഗസംരക്ഷണ മേഖലയിലെ ശാഖകളായ ആടു വളർത്തൽ, കോഴി വളർത്തൽ, മുയലു വളർത്തൽ, പന്നിവളർത്തൽ എന്നിവ വ്യവസായികമായി വളർത്തുന്ന കൂട്ടായ യൂണിറ്റുകളില്ല. വ്യക്തികൾ സ്വന്തം ചെലവിൽ ആട്, കോഴി, മുയൽ, പന്നി എന്നിവയെ വളർത്തുന്നു.

പ്രശ്നങ്ങൾ

(1) കാലിത്തീറ്റ കുറഞ്ഞ ചെലവിൽ ലഭിക്കുന്നില്ല.

(2) 2, 8, 1 വാർഡുകളിൽ ക്ഷീരവിപണനത്തിനുള്ള സൗകര്യം കുറവാണ്.

(3) മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ കുറവാണ്.

(4) ബോധവൽക്കരണത്തിൻെറ അപര്യാപ്തത.

(5) അനുബന്ധ സ്ഥാപനങ്ങളുടെ ഏകീകരണമില്ലായ്മ.

(6) വാക്സിനുകളുടെ ലഭ്യതക്കുറവ്.

(7) തീറ്റപുൽ കൃഷിയിടത്തിലുണ്ടായ മാന്ദ്യത.

(8) ഇടത്തട്ടുകാരുടെ ചൂഷണം.

(9) വനിതകൾ, ആദിവാസികൾ, അഭ്യസ്തവിദ്യർ എന്നിവരെ ഈ രംഗത്തേക്കാകർഷിക്കാനുള്ള കഴിവില്ലായ്മ.

(10) അസംഘടിതരായ കർഷകർ

(11) S. P. C. A യുടെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ ഇല്ല.

(12) മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടവും ഡോക്ടർക്കും ജീവനക്കാർക്കും താമസിക്കാനുള്ള കോട്ടേഴ്സുകളും ഇല്ല.

(13) അത്യുൽപാദന ശേഷിയുള്ള ഇനങ്ങളെ ഇറക്കുമതി ചെയ്യാനുള്ള സംവിധാനങ്ങൾ ഇല്ല.

(14) മൃഗാശുപത്രിയിലെ സേവനത്തിൽ മരുന്നിന്റെ കുറവ്.

സാദ്ധ്യതകൾ

(1) ജില്ലാതലത്തിലോ മേഖലാ തലത്തിലോ കാലിത്തീറ്റ മിക്സിംഗ് സെൻററുകൾ സ്ഥാപിച്ച് കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കണം. അതിലേക്കാവശ്യമായ ചോളം, പുളിങ്കുരു, തവിട് തുടങ്ങിയ അസംസ്കൃത വസ്തുക്കൾ പ്രാദേശികമായി ഉൽപ്പാദിപ്പിക്കാൻ കഴിയും.

(2) ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തനം എല്ലാ വാർഡുകൾക്കും ലഭിക്കും വിധം വാർഡുകൾ കേന്ദ്രീകരിച്ച് കലക്ടിംഗ് സെൻററുകൾ ആരംഭിക്കണം. 2,8,1 വാർഡുകൾക്ക് മുൻഗണന നൽകി പ്രവർത്തനം പുനഃ സംഘടിപ്പിക്കണം. 1ാം വാർഡിലെ കോക്കുഴിയിലും 8ാം വാർഡിലെ മാടക്കുന്നിലും 2ാം വാർഡിലെ വാവാടിയിലും സെൻററുകൾ തുടങ്ങണം.

(3) ഇപ്പോൾ ചോലപ്പുറത്ത് പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ സേവനം 1,6,7,8 വാർഡുകളിലെ ഒരു പ്രദേശത്തു താമസിക്കുന്നവർക്ക് മാത്രമേ ലഭിക്കുന്നുള്ളു. പ്രസ്തുത ആശുപത്രിയുടെ സേവനം എല്ലാ വാർഡിലേക്കും വ്യാപിപ്പിക്കണം. ആയതിലേക്ക് ആശുപത്രിയുടെ കീഴിൽ ഒരു മൊബൈൽ യൂണിറ്റ് ആരംഭിച്ച് എല്ലാ വാർഡിലും എല്ലാ ദിവസവും ഒരു പ്രത്യേക സെൻററിൽ വച്ച് ചികിൽസയും കൃത്രിമ ബീജോൽപാദനവും നടത്താനുള്ള സംവിധാനമുണ്ടാക്കാം.

(4) മൃഗ സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇന്നത്തെ കർഷകരിൽ പലർക്കും ആ മേഖലയിൽ പരിജ്ഞാനമില്ല. പരമ്പരാഗത രീതി തന്നെ ഇന്നും പല കർഷകരും സ്വീകരിച്ചുപോരുന്നു. പുത്തൻ രീതി ഉപയോഗിച്ച് ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കാനുള്ള അറിവ് കർഷകന് കൈവരേണ്ടിയിരിക്കുന്നു. ആയതിലേക്ക് വാർഡുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകൾ ഈ മേഖലയിൽ സംഘടിപ്പിക്കണം.

(5) മൃഗാശുപത്രിയിൽ അവശ്യം വേണ്ട ഔഷധങ്ങൾ സംഭരിച്ച് സേവനം ഫലപ്രദമാക്കണം.

(6) മൃഗ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പഞ്ചായത്തിന്റെ കീഴിൽ പുനഃ സംഘടിപ്പിക്കണം.

(7) Prevention is better than cure എന്ന വാക്യം അന്വർത്ഥമാക്കുന്നതിന് ആവശ്യമായ പ്രതിരോധ കുത്തിവെപ്പിന് ആവശ്യമായ വാക്സിനുകൾ മൃഗാശുപത്രിയിൽ സംഭരിച്ച് യഥാസമയം ഉപയോഗിക്കാനുള്ള സൗകര്യം ഒരുക്കണം.

(8) പഞ്ചായത്തിൽ നിലവിലുള്ള കോട്ടത്തറ ക്ഷീര വ്യവസായ സഹകരണ സംഘം പരമ്പരാഗത വിഭാഗത്തിൽപെട്ടതാണ്. സംസ്ഥാനത്തിലെ ഏക ക്ഷീര വിപണന ഏജൻസിയായ മിൽമ പരമ്പരാഗത സംഘങ്ങളോട് അനുവർത്തിക്കുന്ന ചിറ്റമ്മ നയം ഈ സംഘത്തിന്റെ പ്രവർത്തനത്തേയും സാരമായി ബാധിക്കുന്നു. മിൽമ നൽകുന്ന ആനുകൂല്യങ്ങൾ അപ്കോസ് സംഘങ്ങൾക്ക് മാത്രം പരിമിതപ്പെടുത്തിയിരിക്കുകയാണ്. ആയതിനാൽ പരമ്പരാഗത സംഘങ്ങൾ സംഭരിക്കുന്ന പാൽ വിപണനം ചെയ്യുന്നതിന് മേഖലാ തലത്തിലോ, ജില്ലാതലത്തിലോ സഹകരണ അടിസ്ഥാനത്തിൽ പ്രത്യേക ഏജൻസി ഏർപ്പെടുത്തണം. എങ്കിൽ മാത്രമേ പരമ്പരാഗത സംഘങ്ങൾ ഇടത്തട്ടിൽ നിന്ന് രക്ഷപ്പെടുകയുള്ളു. സ്വകാര്യ വ്യക്തികളെ ഈ രംഗത്ത് നിന്ന് ഒഴിവാക്കാനുള്ള നടപടി വേണം.

(9) കറവമാടുകളെ വളർത്താനുള്ള എല്ലാ അനുകൂല സാഹചര്യങ്ങളും ഈ ഗ്രാമത്തിലെ എല്ലാ വാർഡുകളിലും ഉണ്ട്. എല്ലാ വാർഡുകളിലും ക്ഷീരോൽപ്പാദന രംഗം വികസിപ്പിക്കുന്നതിനാവശ്യമായ ബൃഹത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം. അത്യുൽപ്പാദന ശേഷിയുള്ള ഇനം പശുക്കളെ സൗജന്യ നിരക്കിൽ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം.അതിനായി വായ്പ വ്യവസ്ഥകൾ ഉദാരമാക്കണം. കർഷകൻ വാങ്ങാനുദ്ദേശിക്കുന്ന പശുവിന്റെ ഈടിൻമേൽ വായ്പ നൽകണം. ആയത് ക്ഷീരസഹകരണ സംഘം മുഖേന നൽകണം.

(10) പഞ്ചായത്തിൽ 2 സർവ്വീസ് സഹകരണസംഗങ്ങൾ ഉണ്ട്. എന്നാൽ ഈ സർവ്വീസ് സഹകരണസംഘങ്ങൾ മൃഗ സംരക്ഷണ വിഭാഗത്തിൽ വായ്പ നൽകുന്നതിന് താൽപര്യം കാണിക്കുന്നില്ല. വായ്പക്ക് വേണ്ടി മറ്റ് ഷെഡ്യൂൾ ബാങ്കുകളെയാണ് ക്ഷീരകർഷകർ ആശ്രയിക്കുന്നത്. മേലിൽ സഹകരണ സംഘങ്ങൾ മുഖേന കറവമാടുകളെയും, ഉഴവുമാടുകളെയും വാങ്ങുന്നതിനും പന്നി, കോഴി, ആട്, താറാവ് തുടങ്ങിയവയെ സഹകരണ അടിസ്ഥാനത്തിൽ വളർത്തു യൂണിറ്റുകൾ ആരംഭിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം വായ്പയായി നൽകുന്നതിന് പ്രസ്തുത ബാങ്കുകൾ നടപടികൾ സ്വീകരിക്കണം.

(11) കറവമാടുകൾക്കും വളർത്തുമൃഗങ്ങൾക്കും സൗജന്യ നിരക്കിൽ ഇൻഷൂറൻസ് ഏർപ്പെടുത്തണം.

(12) ക്ഷീര മേഖലയിൽ സർപ്ലസ് കാലമായ മഴക്കാലത്ത് കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ സംഭരിച്ച് പാൽ പൊടി തുടങ്ങിയ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള ഫാക്ടറികൾ ജില്ലാ തലത്തിൽ ആരംഭിക്കണം.

(13) വിൽപ്പനക്കുള്ള മാംസം നിർബന്ധമായും പരിശോധനയ്ക്ക് വിധേയമാക്കിയിരിക്കണം.

(14) വാർഡു തലത്തിൽ അഭ്യസ്ഥവിദ്യർ, ആദിവാസികൾ എന്നിവരെ ചേർത്ത് സഹകരണ സംഘങ്ങൾ ഉണ്ടാക്കി കോഴി, താറാവ്, കാട എന്നിവയുടെ വളർത്തു കേന്ദ്രങ്ങൾ ആരംഭിക്കാം. സൗജന്യ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെയും താറാവു കുഞ്ഞുങ്ങളെയും കാടപക്ഷികളെയും വിതരണം ചെയ്യാം. മുട്ട സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പഞ്ചായത്ത് കേന്ദ്രീകരിച്ച് മുട്ട, ഇറച്ചി വിപണന സഹകരണ സംഘം രൂപീകരിക്കാം.

(15) പാവപ്പെട്ടവരുടെ പശുവായ ആടുകളെ വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ ആടു വളർത്തു പദ്ധതി പഞ്ചായത്തു തലത്തിൽ ആരംഭിക്കണം. അത്യുൽപാദന ശേഷിയുള്ള നല്ലയിനം ആടുകളെ സൗജന്യ നിരക്കിൽ വ്യക്തികൾക്ക് വിതരണം ചെയ്യണം. സ്വയം തൊഴിൽ എന്ന നിലക്ക് ആയത് പ്രോൽസാഹിപ്പിക്കാവുന്നതാണ്.

(16) വേസ്റ്റ്കളെ പ്രോട്ടീനുകളാക്കി മാറ്റുന്ന പന്നി വളർത്തൽ ഇവിടെ കുടിൽ വ്യവസായമായി പ്രോൽസാഹിപ്പിക്കാവുന്നതാണ്. അനുയോജ്യമായ വ്യക്തികളെ തെരഞ്ഞെടുത്ത് കൂട്ടായോ ഒറ്റക്കോ പന്നികളെ വളർത്താനുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. കുടിയേറ്റ മേഖലയായ 8 -ാംവാർഡിൽ ഇത് നടപ്പിലാക്കാവുന്നതാണ്.

(17) അനുയോജ്യമായ ആളുകളെ ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുത്ത് നല്ലയിനം മുയൽ കുഞ്ഞുങ്ങളെ വിതരണം ചെയ്ത് മുയൽ വളർത്തൽ പ്രോൽസാഹിപ്പിക്കാവുന്നതാണ്.

(18) വളർത്തുപദ്ധതിയുടെ ഭാഗമായി ആദിവാസികൾക്ക് ഉഴവുമാടുകളെ പ്രത്യേക വ്യവസ്ഥയിൽ സൗജന്യമായി വിതരണം ചെയ്യാം. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഇത് സഹായകമായിരിക്കും.

(19) പഞ്ചായത്തിൽ കന്നുകാലി ശല്യം നിയന്ത്രിക്കുന്നതിന് പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പൌണ്ട് ഏർപ്പെടുത്തണം.

(20) പേപ്പട്ടി വിഷബാധ നിയന്ത്രിക്കുന്നതിനാവശ്യമായ ക്യാമ്പുകൾ ഏർപ്പെടുത്തി അതതുകാലത്ത് പ്രതിരോധ കുത്തിവെപ്പുകൾ നടത്താനുള്ള സംവിധാനം ഒരുക്കണം.

(21) 75% സബ്സിഡി നിരക്കിൽ ഓരോ വാർഡിലും അർഹരായ ആളുകൾക്ക് ഗോബർഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാനുള്ള ധനസഹായം നൽകണം. ഊർജ്ജ പ്രതിസന്ധി ഒരു പരിധി വരെ പരിഹരിക്കാൻ ഇത് ഉതകും.

(22) പുരയിടങ്ങളിൽ മതിൽ കെട്ടിനു പകരം ചെമ്പരത്തി , ശീമക്കൊന്ന എന്നിവ വച്ചു പിടിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം. അത് സംബന്ധിച്ച് ബോധവൽകരണം നടത്തണം. തീറ്റപുല്ലിന്റെ ദൗർലഭ്യം ഒരു പരിധി വരെ ഇതുകൊണ്ട് പരിഹരിക്കാൻ കഴിയും.

മൽസ്യബന്ധനം

മൽസ്യ ബന്ധനത്തിന് പ്രാമുഖ്യം നൽകാൻ പറ്റിയ പ്രദേശമല്ല ഇത്. കോഴിക്കോട് പ്രദേശത്തു നിന്ന് ഇറക്കുന്ന കടൽ മൽസ്യങ്ങളാണ് ഇവിടെ ഉപയോഗിക്കുന്നത്. അയല, മത്തി, മുള്ളൻ, ചെമ്മീൻ , തെരണ്ടി, സ്രാവ്, ഏട്ട, വേല്ലൂരി തുടങ്ങിയ മൽസ്യങ്ങളാണ് ഈ പ്രദേശത്ത് ഉപയോഗിക്കപ്പെടുന്നത്. ഈ പ്രദേശത്തു നിന്നു തന്നെ ലഭിക്കുന്ന ശുദ്ധജല മൽസ്യങ്ങളാണ് പരൽ, തോടൻ, വയൽ മുള്ളൻ , കടു, കൈച്ചൽ എന്നിവ. പഞ്ചായത്ത് കേന്ദ്രീകരിച്ച് മൽസ്യ വിൽപന നടത്തുന്ന നാമമാത്ര വ്യക്തികളാണ് മൽസ്യ രംഗത്ത് ഉപജീവനം കഴിച്ചു പോരുന്നത്. പഴയ നായർ തറവാടുകളോടനുബന്ധിച്ച് ഏതാനും പ്രകൃതിയാൽ ഉള്ള കുളങ്ങളാണ് ഈ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉള്ളത്. അവയിൽ ഒന്നിലും മൽസ്യം വളർത്തുന്നില്ല.

കൃത്രിമമായി നിർമ്മിക്കുന്ന കുളങ്ങൾ ഈ പഞ്ചായത്തിൽ പരാജയമാണ്. പ്രകൃത്യാ ഉള്ള കുളങ്ങളിൽ മൽസ്യം വളർത്താവുന്നതാണ്. കുന്നിൻ ചെരിവുകളിലുള്ള നീരുറവകൾ തടയണ നിർമ്മിച്ച് വെള്ളം തഞ്ഞുനിർത്തി മൽസ്യ കൃഷി നടത്താവുന്നതാണ്.

നദികൾക്കരികെയുള്ള ചോലപ്പുറം, ഏടമുണ്ട, 2ാം വാർഡിലെ അച്ചണവയൽ, വടക്കെവീട്, മൈലാടി പ്രദേശങ്ങളിൽ കരയിൽ ടാങ്കുകൾ നിർമ്മിച്ച് അതിലേക്ക് നദീജലം നിറച്ച് മൽസ്യ കൃഷി ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിലെ 5ാം വാർഡിൽ ഏടത്തംകടവ് പ്രശേത്ത് തരിശായി കിടക്കുന്ന 3 ഏക്കർ സ്ഥലമുണ്ട്. നദിക്കരയിലാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്. അവിടെ വിപുലമായ തോതിൽ മൽസ്യ കൃഷി നടത്താവുന്നതാണ്. അതോടനുബന്ധിച്ച് മൽസ്യവിപണനസംവിധാനവും ഏർപ്പെടുത്താം. അതോട് ചേർന്ന് ഒരു പാർക്കും ഒരു വിശ്രമ മന്ദിരവും ലൈബ്രറിയും തുടങ്ങാം. അനുയോജ്യമായ ഇനം മൽസ്യ കുഞ്ഞുങ്ങളെ ലഭ്യമാക്കിയും മൽസ്യ വളർത്തു രംഗത്ത് കൃഷിക്കാർക്ക് ആവശ്യമായ പരിശീലനം നൽകിയും ഇവിടെ മൽസ്യ ബന്ധനം പ്രോൽസാഹിപ്പിക്കാവുന്നതാണ്. പ്രത്യേക പരിഗണന നൽകി ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

ഉപ സംഹാരം

ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുന്ന പ്രക്രിയയാണല്ലൊ വികസനം. ഉൽപ്പാദന മേഖലക്ക് ഊന്നൽ കൊടുത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയാൽ മാത്രമെ ജീവിതനിലവാരം ഉയർത്താനും അതുവഴി തൊഴിലില്ലായ്മ പരിഹരിക്കാനും കഴിയൂ. ഉൽപാദന മേഖലയിൽ സസ്യകൃഷിയേക്കാളും ഊന്നൽ കൊടുക്കേണ്ടത് മൃഗ സംരക്ഷണത്തിനാണ്. സസ്യകൃഷി കാലവർഷത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ മൃഗസംരക്ഷണമേഖല പ്രതികൂല കാലാവസ്ഥയെ ഒരു പരിധിവരെ അതിജീവിക്കുന്നതാണ്. മാത്രമല്ല കുറഞ്ഞ മുതൽ മുടക്കുകൊണ്ട് കൂടുതൽ പ്രയോജനം ലഭ്യമാക്കാൻ പറ്റിയ മേഖലയാണിത്. സ്വയം തൊഴിൽ കണ്ടെത്തി ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ ജീവിതനിലവാരം ഉയർത്താൻ ഈ മേഖലയിലേക്കുള്ള പ്രോൽസാഹനം സഹായിക്കും. ആയതിനാൽ 9ാം പദ്ധതിക്ക് രൂപം നൽകുമ്പോൾ മൃഗസംരക്ഷണമേഖലക്ക് ഊന്നൽ നൽകുന്നത് കൂടുതൽ പ്രയോജനം ചെയ്യും.

വ്യവസായം

7

ചരിത്ര പശ്ചാത്തലം

1978-79 - ൽ പഞ്ചായത്ത് രൂപീകരിക്കുമ്പോൾ വെങ്ങപ്പള്ളി പഞ്ചായത്ത് ഒരു വ്യവസായമില്ലാ പഞ്ചായത്തായിരുന്നു എന്നു തന്നെ പറയാം.

അതിനുശേഷം 1980 -ൽ 1 -ാം വാർഡിൽ സഹകരണാടിസ്ഥാനത്തിലുള്ള ഓടു നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. 1990 - ൽ 1 - ാം വാർഡിൽ സ്റ്റോൺ ക്രഷർ പ്രവർത്തനത്തിനു തുടക്കം കുറിച്ചു. 1996 - ൽ പുഴമുടിയിൽ ഹോളോ ബ്രിക്സ് നിർമ്മാണ ഫാക്ടറി പ്രവർത്തിക്കാൻ തയ്യാറെടുത്തുവരുന്നു. കൂടാതെ ചെറുകിട നെല്ല്, കാപ്പി കുത്ത് മില്ലുകളും, ഗ്രിൽസ്, ഷട്ടർ നിർമ്മാണ യൂണിറ്റുകളും, നാടൻ ഇഷ്ടിക നിർമ്മാണ യൂണിറ്റുകളും, പഞ്ചായത്തിൽ അങ്ങിങ്ങായി പ്രവർത്തിക്കുന്നുണ്ട് എന്നുള്ളതാണ് വ്യാവസായികമായി പഞ്ചായത്തിന്റെ നിലവിലുള്ള അവസ്ഥ.

മുകളിൽപ്പറഞ്ഞ ഓടു നിർമ്മാണ യൂണിറ്റിന്റെ അനുബന്ധമായി സിമൻറ് ഹോളോ ബ്ലോക്കും എല്ലാ വിധ കെട്ടിട നിർമ്മാണ സാമഗ്രികളും നിർമ്മിക്കാനുള്ള ഒരുക്കങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നതിനാലും, സിമൻറ് ഹോളോ ബ്രിക്സിന്റെ വലിയ ഒരു യൂണിറ്റ് 2 -ാം വാർഡിൽ പ്രവർത്തനസജ്ജമായി വരുന്നതിനാലും, വിപണിയും മറ്റും പ്രശ്നമാകാനുള്ള സാധ്യത കണക്കിലെടുത്ത് ചില വാർഡുസമിതികളിൽ നിന്നും ശുപാർശ സമർപ്പിച്ചിട്ടുള്ള ഹോളോബ്ലോക്ക് നിർമ്മാണത്തിന് ഇനി പഞ്ചായത്തിൽ സാധ്യത കുറവായതിനാൽ ഗ്രൂപ്പ് ചർച്ചയിൽ സിമൻറ് ഹോളോ ബ്രിക്സ് നിർമ്മാണ വ്യവസായത്തിന് ശുപാർശ ചെയ്യേണ്ട എന്നാണ് തീരുമാനിച്ചത്.

1 ാം വാർഡ്

(1) വനിതാ നാരു വ്യവസായ സഹകരണ സംഘം

ഇതിന് ആവശ്യമായ പ്രധാന അസംസ്കൃത വസ്തുവായ നേന്ത്രവാഴത്തട പഞ്ചായത്തിൽ സുലഭമായി കിട്ടാനുണ്ട്. ഒരു നേന്ത്രവാഴയിൽ നിന്നും സുമാർ 60 കയുടെ നാരു കിട്ടും എന്നാണ് നിലവിൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റിൽ നിന്നും മനസ്സിലായത്. ഇത് കർഷകർക്ക് ഗുണപ്രദമായ കാര്യമാണ് - അത് കൊണ്ടു തന്നെ ഇത് ഒരു കൃഷി അനുബന്ധ വ്യവസായമാണ്. (Agrobased Industry) ഇത് സംബന്ധിച്ച പരിശീലനം ലഭിച്ച ആളുകൾ 1 ാം വാർഡിലുണ്ട് - വാഴനാരിൽ നിന്നും കൗതുക വസ്തുക്കളും തുണി നെയ്തിനാവശ്യമായ നൂലും നിർമ്മിച്ചെടുക്കുന്നത്ര ഇത് സംബന്ധിച്ച ഗവേഷണം പുരോഗമിച്ചു കഴിഞ്ഞിട്ടുണ്ട്. 100 ഓളം സത്രീകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന വ്യവസായമാണ് നാരുവ്യവസായം (Fibre Industry) ഇത് കൊണ്ട് നിർമ്മിക്കപ്പെടുന്ന വസ്തുക്കളുടെ വിപണനത്തിന് ഖാദി ഗ്രാമ വ്യവസായ ബോർഡും ഖാദിഗ്രാമ വ്യവസായ കമ്മീഷനും സഹായിക്കും. ഈ യൂണിറ്റിന്റെ പ്രയോഗ സാധ്യത കണക്കിലെടുത്ത് ഇത് ഞങ്ങൾ ശക്തിയായി ശുപാർശ ചെയ്യുന്നു. വയനാട്ടിലെ തന്നെ ആദ്യ സംരഭമായിരിക്കുമിത്.

(2) കാപ്പി നെല്ലുകുത്ത് യൂണിറ്റ്

1 ാം വാർഡിൽ ധാരാളം കൃഷിക്കാരും അവരുൽപ്പാദിപ്പിക്കുന്ന ധാന്യങ്ങളും കാപ്പിയും കുത്താനും പൊടിക്കാനും ഒരു കാപ്പി നെല്ലു കുത്ത് മില്ലിനുള്ള സാധ്യത അങ്ങേയറ്റമാണ്. ഇപ്പോൾ വാർഡിന്റെ അടുത്തൊന്നും ഇത്തരമൊരു മിൽ ഇല്ല. ഇത് വ്യക്തിഗത യൂണിറ്റായി തുടങ്ങാവുന്നതാണ്.

2 ാം വാർഡ്

(1) കുരുമുളക് സംസ്ക്കരണ യൂണിറ്റ്

അസംസ്കൃത സാധനമായ കുരുമുളക് ധാരാളം കിട്ടാനുള്ളത് കൊണ്ട് ഈ യൂണിറ്റ് ഫലപ്രദമായി നടത്താവുന്നതാണ്. കുരുമുളക് സത്തിനും, വെള്ളക്കുരുമുളകിനും വിപണിയിൽ നല്ല ഡിമാൻറാണുള്ളത്. 25 ഓളം പേർക്ക് പ്രത്യക്ഷത്തിൽ തൊഴിൽ നൽകാനുതകുന്നതിനു പുറമെ കൃഷിക്കാർക്ക് കുരുമുളകിന് ന്യായമായ വില ലഭ്യമാക്കാൻ സഹായകമാകുന്നതിനാലും ഈ യൂണിറ്റ് വളരെ ഉപകാരപ്രദവും പ്രയോഗ സാധ്യതയു മുള്ള ഒന്നാണ്.

(2) വസ്ത്ര നിർമ്മാണം

ധാരാളം സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുള്ള ഒരു യൂണിറ്റാണിത്. അധികം മൂലധന നിക്ഷേപവും സാങ്കേതിക വിദ്യയും ആവശ്യമില്ലാത്തതിനാൽ ഇത്തരം യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിക്കാവുന്നതാണ്. വനിതാ

വ്യവസായ സഹകരണ സംരഭമായി ഇതാരംഭിക്കാവുന്നതാണ്.

(3) അച്ചാർ നിർമ്മാണം

ഇതും വലിയ മൂലധനമുടക്കില്ലാതെ ആരംഭിക്കാവുന്നതും വനിതകൾക്ക് തൊഴിൽ സാധ്യതയും ഉള്ള യൂണിറ്റാണ്. ഒന്നിച്ചൊരു തൊഴിൽ ശാലയിൽ വച്ചോ കുടുംബയൂണിറ്റുകളായി ആരംഭിക്കാവുന്നതാണ്. കുടുംബ യൂണിറ്റുകളിൽ വെച്ചുണ്ടാക്കുന്ന അച്ചാർ അതിന്റെ ഒരു വിതരണ ഏജൻസിയായി ഒരു സഹകരണ സംരഭവും തുടങ്ങാവുന്നതാണ്.

(4) കോഴി വളർത്തൽ

കുടുംബ യൂണിറ്റുകളായി ആരംഭിക്കാവുന്നതാണ്. വീട്ടമ്മമാർക്ക് പ്രത്യേകം അദ്ധ്വാനമില്ലാതെ അവരുടെ ജീവിത ഭാരത്തിന് ഒരു താങ്ങാവുന്ന സംരംഭമാണിത്. നല്ല വിപണന സാധ്യതയുള്ള ഒന്നാണിത്.

<u>3 ാം വാർഡ്</u>

(1) മര വ്യവസായം- ഈർച്ചമിൽ - കാർഷികോപകരണ ഫർണിച്ചർ നിർമ്മാണ യൂണിറ്റ്

പഞ്ചായത്തിൽ സമാന സ്വഭാവമുള്ള യൂണിറ്റ് വേറെ ഇല്ലാത്തതിനാൽ കെട്ടിട നിർമ്മാതാക്കളും മറ്റും അവരുടെ മര ഉരുപ്പടികളും മറ്റും ഈർന്നു കിട്ടാൻ ദുർഘടമായ വഴികളിലൂടെ നാഴികകൾ താണ്ടി മറ്റു പ്രദേശങ്ങളിലെ ഈർച്ചമില്ലുകളെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. വ്യക്തിഗതമായ യൂണിറ്റായി തുടങ്ങാവുന്നതാണ്. തൊഴിൽ സാധ്യത 10 ഓളം പേർക്ക്.

(2) മെഴുകുതിരി നിർമ്മാണം

കച്ചവടക്കാരിൽ നിന്നും മറ്റും ലഭ്യമായ വിവരങ്ങൾ വെച്ച് മെഴുകുതിരിയുടെ ഡിമാൻറ് വളരെ അധികവും ലഭ്യത വളരെ കുറവുമായതിനാൽ മെഴുകുതിരി യൂണിറ്റ് പ്രായോഗികമായി നടത്താൻ കഴിയുന്ന സംരഭമാണ്. വ്യക്തിഗതമായ (Individual) പാർട്ട്ണർഷിപ്പായോ, സഹകരണ സംരഭമായോ ആരംഭിക്കാവുന്നതാണ്. അസംസ്കൃത സാധനങ്ങൾ വ്യവസായ വകുപ്പിൽ നിന്നും ലഭിക്കുന്നതാണ്.

(3) അലൂമിനിയം ഫാബ്രിക്കേഷൻ

വർദ്ധിച്ചുവരുന്ന കെട്ടിട നിർമ്മാണ ആവശ്യങ്ങൾ കണക്കിലെടുത്ത് ഈ സംരംഭം വളരെയേറെ തൊഴിൽ സാധ്യതകളുള്ള ഒന്നാണ്. ഇതിന്റെ പരിശീലനവും വൈദഗ്ദ്ധ്യവും സിദ്ധിച്ച ആളുകൾ വാർഡിലുണ്ട്. ഖാദി ഗ്രാമ വ്യവസായമായി അംഗീകരിക്കപ്പെട്ട ഒരു വ്യവസായമാണിത്. ഇത് വ്യക്തിഗത യൂണിറ്റുകളായി ആരംഭിക്കാവുന്നതാണ്.

(4) നേന്ത്രക്കായ ചിപ്സ് നിർമ്മാണം

അസംസ്കൃത വസ്തുവായ നേന്ത്രക്കായ ധാരാളം കിട്ടാൻ ഉള്ളതുകൊണ്ട് ഈ വ്യവസായത്തിനും പഞ്ചായത്തിൽ നല്ല സാധ്യതയുണ്ട്. ഇത് വ്യക്തിഗത-കുടുംബ യൂണിറ്റുകളായി ആരംഭിക്കാവുന്നതാണ്.

(5) പ്ലാസ്റ്റിക് നാരുകൊണ്ട് കസേര, കുട്ട, കൗതുക വസ്തുക്കൾ നിർമ്മാണം

ചെറുകിട ഇടത്തരം കുടുംബ യൂണിറ്റുകളായി ആരംഭിക്കാവുന്ന സാധ്യതയുള്ള ഒന്നാണിത്.

<u>4 ാം വാർഡ്</u>

(1) മിനിസ്റ്റേഡിയത്തിനടുത്ത് ഇരുനില കെട്ടിടം നിർമ്മിച്ച് താഴെ കമ്മ്യൂണിറ്റി ഹാൾ, മേലെ നിലയിൽ ചന്ദനത്തിരി നിർമ്മാണ യൂണിറ്റും ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, ഒരു ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും മഹിളാ സമാജത്തിന്റെ കീഴിൽ സ്ഥാപിക്കുക. കൂടാതെ ലൈബ്രറിയും, ടി. വി. യും സ്ഥാപിക്കുക.

(2) *ഇഞ്ചി സംസ്ക്കരണ യൂണിറ്റ്*

ഇഞ്ചി കൃഷിക്കാർക്ക് മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും മോചനം ലഭിക്കാനും തൊഴിലവസരങ്ങൾ ഉണ്ടാക്കാനും ഉതകുന്ന ഒരു യൂണിറ്റാണിത് - പഞ്ചായത്തിൽ സാധ്യതയുള്ള ഒന്നുമാണ്.

(3) അംബേഡ്കർ കോളനിയിൽ കെട്ടിടം നിർമ്മിച്ച് കോഴിവളർത്തൽ കേന്ദ്രം ആരംഭിക്കുക .

5 ാം വാർഡ്

(1) ബുക്ക് ബൈൻഡിംഗ് യൂണിറ്റ്

സത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന യൂണിറ്റാണ് ഇത്. പഞ്ചായത്തിൽ ഇപ്പോൾ ഇത്തരം യൂണിറ്റുകൾ ഇല്ല.

(2) നാടൻ ഇഷ്ടിക നിർമ്മാണം

വാർഡിന്റെ പ്രത്യേകതകളും വർദ്ധിച്ചു വരുന്ന കെട്ടിട നിർമ്മാണ ആവശ്യങ്ങളും കണക്കിലെടുത്ത് പ്രോൽസാഹിപ്പിക്കാവുന്ന സംരംഭമാണിത്.

(3) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്

സ്ത്രീകളുടെ ഒരു സഹകരണ സംഘം രൂപീകരിച്ച് അധികം മൂലധനം മുടക്കില്ലാതെ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാനുതകുന്ന യൂണിറ്റാണ് ഇത്.

6 ാം വാർഡ്

(1) ജൈവവള നിർമ്മാണ യൂണിറ്റ്

കാർഷികാവശിഷ്ടങ്ങളിൽ നിന്നും നേന്ത്രവാഴക്കുലയുടെ തണ്ട്, അടക്കതോട്, കൊക്കോതോട്, ഈർച്ചപൊടി എന്നിവയിൽ നിന്നും ജൈവവളങ്ങളും, എല്ലുപൊടി നിർമ്മാണ യൂണിറ്റും ആരംഭിച്ചാൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതിനു പുറമെ കൃഷിക്കാർക്കും വളരേയേറെ ഉപകാരപ്രദമായിരിക്കും. ഈ യൂണിറ്റ് സഹകരണ സംരംഭമായി ആരംഭിക്കാവുന്നതാണ്.

(2) ഡൈമണ്ട് കട്ടിംഗ് യൂണിറ്റ്

ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ള ഒരു യൂണിറ്റാണിത് - സമാന സ്വഭാവമുള്ള യൂണിറ്റുകൾ ജില്ലയിൽ മറ്റു സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അസംസ്കൃത സാധനങ്ങൾ സപ്ലൈ ചെയ്യാനുള്ള ഏജൻസികളും ഉണ്ട്. വാർഡിൽ ഈ യൂണിറ്റിന്റെ സാധ്യത വളരെ അധികമാണ് - സഹകരണ സംരഭമായും ആരംഭിക്കാം.

(3) കറി പൗഡർ നിർമ്മാണ യൂണിറ്റ്

തൊഴിലവസരങ്ങൾ ഉണ്ടാക്കാനുതകുന്ന ഒരു യൂണിറ്റാണിത്.

(4) സഹകരണ തയ്യൽ ഇൻസ്റ്റിറ്റ്യൂട്ട്

വനിതകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാനുതകുന്ന ഒരു യൂണിറ്റാണിത്. വാർഡിൽ സാധ്യതയുള്ള ഒന്നാണിത്. മഹിളാ സമാജത്തിന് സ്വന്തമായി 4 സെൻറ് സ്ഥലം ഉണ്ട്.

7 ാം വാർഡ്

(1) എണ്ണയാട്ടു മില്ല്

പരിശുദ്ധമായ വെളിച്ചെണ്ണയും എള്ളെണ്ണയും പഞ്ചായത്തിൽ മുഴുവൻ ലഭ്യമാക്കാൻ കഴിയുന്നതിനു പുറമെ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന യൂണിറ്റാണിത്. വ്യക്തിഗത-സഹകരണ സംരംഭമായി ആരംഭിക്കാവുന്നതാണ്- ഉപദേശ നിർദ്ദേശങ്ങൾ ഖാദി ഗ്രാമ വ്യവസായ ബോർഡിൽനിന്നും ലഭ്യമാണ്.

(2) കുട്ട പനമ്പ് പായ നെയ്ത്ത്

വാർഡിൽ പരമ്പരാഗതമായി ഈ തൊഴിൽ അറിയാവുന്നവർക്ക് പ്രോത്സാഹനം നൽകി അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന സംരംഭമാണ്.

(3) നാടൻ ഇഷ്ടിക നിർമ്മാണം

വാർഡിൽ സാധ്യതയുള്ള ഒരു സംരംഭമാണിത്. വർദ്ധിച്ചു വരുന്ന ഡിമാൻറ് കണക്കിലെടുത്ത് ഇത്തരം യൂണിറ്റുകൾക്ക് സാധ്യത വളരെയധികമാണ്.

(4) അച്ചാർ നിർമ്മാണം

തൊഴിൽ സാധ്യതയുള്ള ഒരു യൂണിറ്റാണിത്.

(5) നേന്ത്രക്കായ ചിപ്സ് നിർമ്മാണം

വാർഡിൽ സാധ്യതയുള്ള ഒരു യൂണിറ്റാണിത്.

(6) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

വനിതകൾക്ക് തൊഴിൽ അവസരം ഉണ്ടാക്കാൻ കഴിയുന്ന സംരഭമാണ് .

<u>8 ാം വാർഡ്</u>

(1) അടക്ക സംസ്ക്കരണ - പെയിൻറ് നിർമ്മാണ യൂണിറ്റ്

കൃഷിക്കാർക്ക് വളരെയേറെ പ്രയോജനപ്രദമായ സംരംഭമാണിത്. അടക്കയ്ക്ക് ന്യായ വില ഉറപ്പാക്കാൻ കഴിയുന്നതിനു പുറമെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന സംരംഭമാണിത്. അടക്ക പ്രോസസ്സ് ചെയ്യുമ്പോൾ കിട്ടുന്ന ദ്രാവകം പെയിൻറ് നിർമ്മാണത്തിനുതകുന്ന അസംസ്കൃത വസ്തുവാണ് - കാംപ്കോ സെൻട്രൽ അരിക്കനട്ട് മാർക്കറ്റിൽ . പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവിൽ നിന്നും ഈ സംരഭം വളരെയേറെ സാധ്യതകളും പ്രയോജനവും ഉള്ള ഒന്നാണ്.

(2) നാടൻ ഇഷ്ടിക നിർമ്മാണം

വാർഡിൽ ഈ സംരഭത്തിന് സാധ്യതകളേറെയുള്ള അനുകൂല സാഹചര്യങ്ങൾ ഉപയോഗപെടുത്താവുന്നതാണ്.

(3) കുട്ട പനമ്പ് നെയ്ത്

പാരമ്പര്യമായി കുട്ട പനമ്പ് നെയ്ത് തൊഴിൽ ചെയ്യുന്നവർ വാർഡിൽ ഉണ്ട്. അവർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാനുതകുന്ന സംരംഭമാണ്.

(4) കറി പൗഡർ നിർമ്മാണം

തൊഴിൽ സാധ്യതകളുള്ള സംരംഭമാണ്. വാർഡിൽ സാധ്യതയുണ്ട്.

സമയപരിമിതി കാരണം ഈ റിപ്പോർട്ട് സമഗ്രമാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ പല വാർഡുകളിലായി ഞങ്ങൾ ശുപാർശ ചെയ്തിട്ടുള്ള വ്യവസായ യൂണിറ്റുകൾ അധികവും കാർഷിക ബന്ധ വ്യവസായങ്ങളാണ്. പഞ്ചായത്തിലെ കർഷകർക്കും ഇതിൻെറ പ്രയോജനം വളരെയധികമാണ്. ഇവയൊന്നും തന്നെ പരിസരമലിനീകരണമോ പരിസ്ഥിതി പ്രശ്നങ്ങളോ ഉണ്ടാക്കുന്നവയല്ല. എല്ലാം തന്നെ വളരെയേറെ സാധ്യതകൾ ഉള്ളതും ഫലപ്രദമായി നടത്താവുന്നവയുമാണ്.

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള തൊഴിൽ ചെയ്യാൻ കെട്ടു പണിക്കാർ, മരപ്പണിക്കാർ എന്നിവരെ കിട്ടാൻ പഞ്ചായത്തിലുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ തൊഴിലുകൾ പരിശീലിപ്പിക്കാനുതകുന്ന ഒരു തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ തുടങ്ങണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു. 5 -ാം വാർഡുകാരും അവരുടെ വാർഡിൽ ഇത്തരം ഒരു ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

കളിമണ്ണു ലഭിക്കാനുള്ള പ്രയാസവും വിപണി കണ്ടെത്താനുമുള്ള (നിലവിലുള്ള യൂണിറ്റുകളിൽ ഇപ്പോൾ അനുഭവപ്പെട്ടു വരുന്ന പ്രശ്നമാണിത്) പ്രയാസവും കണക്കിലെടുത്ത് വയർ കട്ട് ഇഷ്ടിക നിർമ്മാണം (കമ്പനി ഇഷ്ടിക) ഞങ്ങൾ ശുപാർശയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിദ്യാഭ്യാസം

8

വയനാട് ജിലയിലെ ഏറ്റവും ചെറിയ പഞ്ചായത്തായ വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് 1991 - ലെ സെൻസസ് പ്രകാരം 21.16 ച. കി. മീ. വിസ്തീർണ്ണവും 4550 പുരുഷൻമാരും 4564 സ്ത്രീകളും അടക്കം മൊത്തം 9114 ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ്. ചെറുകിട നാമമാത്ര കർഷകരും, കർഷകതൊഴിലാളികളും, ആദിവാസികളും ഏതാനും വൻകിട ഭൂവുടമകളും ഉള്ള ഈ പ്രദേശം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണത്തിലും വണ്ണത്തിലും വളരെ പിറകിലാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് കർഷകരും ആദിവാസികളും മാത്രം താമസമാക്കിയ ഈ പ്രദേശത്ത് ഒറ്റ വിദ്യാഭ്യാസ സ്ഥാപനം പോലും ഉണ്ടായിരുന്നില്ല. 50 വർഷങ്ങൾക്കു മുൻപ് കത്തോലിക്ക സഭയുടെ ആഭിമുഖ്യത്തിൽ വെങ്ങപ്പള്ളി ആർ. സി. എൽ. പി സ്ഥാപിതമായിക്കൊണ്ട് ഈ പഞ്ചായത്തിലെ അടിസ്ഥാന വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. തുടർന്ന് തെക്കും തറയിൽ അമ്മാസഹായം ഹയർ എലിമെൻററി സ്കൂൾ പരേതനായ അമ്പലപ്പടി കുഞ്ഞിരാമൻ നായരാൽ സ്ഥാപിക്കപ്പെട്ടു. തുടർന്ന് കത്തോലിക്കാ മിഷൻെറ ആഭിമുഖ്യത്തിൽ മാടക്കുന്ന് സെൻറ് ആൻറണീസ് യു. പി. സ്കൂളും ആദിവാസികളുടെ വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കുന്നതിന് മൂരിക്കാപ്പ് ഗവ. വെൽഫേയർ എൽ. പി. സ്കൂളും സ്ഥാപിക്കപ്പെട്ടു. വീണ്ടും വളരെ വർഷങ്ങൾക്കു ശേഷം മാത്രമാണ് ഈ പഞ്ചായത്തിൽ മുസ്ലീം ഓർഫനേജ് സൊസൈറ്റിയുടെ വകയായി ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടത്. ഈ ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് തുടക്കം കുറിച്ച പരേതരായ നാണു മാസ്റ്റർ, കളത്തിൽ ചാപ്പുണ്ണി മാസ്റ്റർ, അമ്പലപ്പടി കുഞ്ഞിരാമൻ നായർ, മൂരിക്കാപ്പ ഗണപതി അയ്യർ തുടങ്ങിയ മഹൽ വ്യക്തികളെ ഓർക്കുന്നത് അവസരോചിതമാണ്.

പഞ്ചായത്തിലെ നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അവസ്ഥ.

വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ഒരു ഗവ. എൽ. പി. സ്കൂൾ അടക്കം രണ്ട് എൽ. പി. സ്കൂളുകളും എൽ. പി. വിഭാഗത്തോടു കൂടിയ രണ്ടു യു. പി. സ്കൂളുകളും ഒരു ഹൈസ്കൂളും മാത്രമ ാണ് ഉള്ളത്.

നിലവിലുള്ള സ്കൂളുകളുടെ ഒരു ചാർട്ട്

I ഗവ: വെൽഫേയർ: എൽ. പി. സ്കൂൾ വെങ്ങപ്പള്ളി

അദ്ധ്യാപകർ മറ്റു ജീവനക്കാർ			വിദ്യാർത്ഥികൾ			S.C.	S.T.	ആകെ	കെട്ടിടം ഫർണിച്ചർ
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ				
3 1	1	4+1 5	58	58	116	33	31	64	*

***** സ്ഥിരം കെട്ടിടം - ഒറ്റ ഹാൾ, - 23 സെൻറ് ഭൂമി ചുറ്റു മതിൽ ഇല്ല കിണർ ഇല്ല വൈദ്യുതി ഇല്ല കക്കൂസ് ഇല്ല മൂത്രപ്പുരഭാഗികം പൊതു ടാപ്പ് ഉണ്ട് അടുക്കളഇല്ലആവശ്യത്തിന് ഫർണിച്ചർ ഇല്ല 55% ആദിവാസി കുട്ടികൾ പഠിക്കുന്നു.

S. T. D.	BOYS	GIRLS	TOTAL
I	18	15	33
II	8	20	28
III	19	13	32
IV	13	10	23

സ്കോളർ ഷിപ്പ് ഇല്ല S. C. S. T കുട്ടികൾക്ക് ലംപ്സം ഗ്രാൻറും, യൂണിഫോം തുണി എന്നിവ വിതരണം ചെയ്യുന്നു. ഉച്ചക്കഞ്ഞി വിതരണം നടത്തുന്നു:

ജീവനക്കാർ

ഹെഡ്മാസ്റ്റർ	അസിസ്റ്റൻറ് ടീച്ചർമാർ	P.T. C.	ആകെ
1	3	1	5

II അമ്മാസഹായം യു. പി. സ്കൂൾ, തെക്കും തറ

സ്വകാര്യ വിദ്യാലയം.

അദ്ധ്യാപകരും മറ്റു ജീവനക്കാരും			വിദ്യാർത്ഥികൾ			S.C. S. T		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
7+1 8	4	12	196	174	370	72	61	133

S. T. D	BOYS	GIRLS	TOTAL
I	43	24	67
II	27	32	59
III	17	18	35
IV	23	18	41
V	33	31	64
VI	17	23	40
VII	36	28	64

ഹെഡ്മാസ്റ്റർ	1=1
അസിസ്റ്റന്റ് ടീച്ചർ	4+4 = 8
സംസ്കൃതം	1 = 1
ഹിന്ദി	1 = 1
പ്യൂൺ	1 = 1
ആകെ	12

സ്ഥിരം കെട്ടിടം 2 ഹാൾ, ഭൂമി 2 ഏക്കർ 40 സെന്റ് ചുറ്റുമതിൽ ഇല്ല കിണർ ഉണ്ട് .വൈദ്യുതി ഇല്ല . കക്കൂസ് മൂത്രപ്പുര ഉണ്ട് . അടുക്കള ഉണ്ട് . ഫർണിച്ചർ ആവശ്യത്തിന് തികയുന്നില്ല. പഠനോപകരണങ്ങൾ ഭാഗികം. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഇല്ല. കുട്ടികൾക്ക് യൂണിഫോം നിർബന്ധമാക്കിയിരിക്കുന്നു. 6 കുട്ടികൾക്ക് പഠനത്തിന് സ്കോളർഷിപ്പ് ലഭിക്കുന്നു. 2 എൻഡോവ്മെൻറുകൾ വിതരണം ചെയ്യുന്നു. P. T. A., M. P.T. A. പ്രവർത്തിക്കുന്നു. ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കിവരുന്നു.

III.R. C. L. P. വെങ്ങപ്പള്ളി AIDED

അദ്ധ്യാപകർ മറ്റു ജീവനക്കാർ			വിദ്യാർത്ഥികൾ			S. C. S.T		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2	5	7	150	132	282	52	43	95

S.T.D	BOYS	GIRLS	TOTAL
I	31	32	63
II	50	30	80
III	36	35	71
IV	33	35	68

കെട്ടിടം - ഹാൾ (സ്ഥിരം) സ്ഥലം - 1 ഏക്കർ, ചുറ്റുമതിൽ ഇല്ല, കിണർ ഉണ്ട്, വൈദ്യുതി ഇല്ല മൂത്രപ്പുര ഉണ്ട് കക്കൂസ് ഇല്ല പാചകശാല ഉണ്ട് ഫർണിച്ചർ കുറവ് പഠനോപകരണങ്ങൾ ഭാഗികം സ്കോളർഷിപ്പ് ഇല്ല. P. T. A., M. P. T. A. പ്രവർത്തിക്കുന്നു.

ഹെഡ്മിസ്ട്രസ്	അസിസ്റ്റന്റ്	അറബി	ആകെ
1	5	1	7

IVസെൻറ് ആൻറണീസ് കോട്ടത്തറ, മാടക്കുന്ന്

അദ്ധ്യാപകരും മറ്റു ജീവനക്കാരും			വിദ്യാർത്ഥികൾ			ST. SC.		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
4 + 1	6	10+1 11	123	124	247	42	51	93

S. T. D.	BOYS	GIRLS	TOTAL
I	14	17	31
II	24	30	54
III	17	13	30
IV	14	14	28
V	14	14	28
VI	19	21	40
VII	21	15	36

സ്ഥിരം കെട്ടിടം 1 (പൊതു ഹാൾ) സ്ഥലം - 3 ഏക്കർ ചുറ്റുമതിൽ ഇല്ല. കിണർ ഉണ്ട്.വൈദ്യുതി ഇല്ല. കക്കൂസ് മൂത്രപ്പുര ഉണ്ട്. ഫർണിച്ചർ ആവശ്യത്തിന് ഇല്ല. പഠനോപകരണങ്ങൾ ഭാഗികം. സ്കോളർഷിപ്പ് ഇല്ല. P. T. A., M. P. T. A പ്രവർത്തിക്കുന്നു.

ഹെഡ്മാസ്റ്റർ	1
അസിസ്റ്റൻറ് ടീച്ചർമാർ	7
ഹിന്ദി	1
സംസ്കൃതം	1
പ്യൂൺ	1
ആകെ	11

V. W. O. H. S പിണങ്ങോട്

അദ്ധ്യാപകർ			വിദ്യാർത്ഥികൾ			S. C. S. T		
M.	F. M.	TOTAL	M.	F. M.	TOTAL	M.	F. M.	TOTAL
11	10	21	270	266	536	24	31	55

S. T. D.	BOYS	GIRLS	TOTAL
VIII	103	98	201
IX	99	95	194
X	68	73	141
TOTAL	270	266	536

സ്ഥിരം കെട്ടിടം - 2 ഹാൾ - 1 ഓഫീസ് ചുറ്റുമതിൽ ഇല്ല വേലി കെട്ടി സംരക്ഷണം 3 ഏക്കർ സ്ഥലം ഉണ്ട് പൈപ്പുവെള്ളം ഉണ്ട് വൈദ്യുതി ഉണ്ട് മൂത്രപ്പുര കക്കൂസ് ഉണ്ട് .ഫർണിച്ചർ ഉണ്ട് പഠനോപകരണങ്ങൾ ഭാഗികം M. P. T. A., P. T. A പ്രവർത്തിക്കുന്നു.

ABSTRACT

വിദ്യാലയം	അദ്ധ്യാപകർ ജീവനക്കാർ	വിദ്യാർത്ഥികൾ	S. C. S. T	സ്കൂളിന്റെ തരം	ഗവ./AIDED
1 G. W. L. Pമൂരിക്കാപ്പ്	4+1= 5	58+58=116	33+31=64	L.P. സ്കൂൾ	GOVT
2 R.E.L.P. വെങ്ങപ്പള്ളി	2+5=7	150+132=282	52+43= 95	L.P. സ്കൂൾ	AIDED
3 A, S, U, P, തെക്കും തറ	8+4=12	196+174 =370	72+61=133	U. P. സ്കൂൾ	AIDED
4 ST. ANTONYS മാടക്കുന്ന്	5+6=11	123+124=247	42+51=93	U. P. സ്കൂൾ	AIDED
5. W. O. H. S. പിണങ്ങോട്	11+10=21	270+266= 536	24+31=55	ഹൈസ്കൂൾ	AIDED

STD	BOYS	GIRLS	TOTAL
I	106	88	194
II	109	112	221
III	89	79	168
IV	83	77	160
V	47	45	92
VI	36	44	80
VII	57	43	100
VIII	103	98	201
IX	99	95	194
X	68	73	141
ആകെ	797	754	1551

L.P. വിഭാഗം വിദ്യാർത്ഥികൾ	743
U.P. വിഭാഗം വിദ്യാർത്ഥികൾ	272
ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾ	536
ആകെ	1551
S. C/ S.T.	
ആൺകുട്ടികൾ L. P/U.P/H.S	223
പെൺകുട്ടികൾ L. P/U.P/H.S	217
ആകെ	440

അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ ഐ. സി. ഡിപി യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 11 അംഗൺവാടികളും ആദിവാസി കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള സാക്ഷരതാ കേന്ദ്രങ്ങളും രണ്ടു ജന ശിക്ഷണ നിലയങ്ങളും രണ്ടു അനൗപചാരിക നഴ്സറി സ്കൂളുകളും ഈ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

അദ്ധ്യാപകരും മറ്റു ജീവനക്കാരും

(30 പുരുഷൻമാരും 26 സ്ത്രീകളുമടക്കം 56 ആളുകൾ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്നു. ഇതിൽ 27 പേർ അദ്ധ്യാപകരും 26 അദ്ധ്യാപികമാരും 3 അദ്ധ്യാപകേതര ജീവനക്കാരും ആണ്) ഹൈസ്കൂളിലെ അദ്ധ്യാപകേതര ജീവനക്കാരെ ചേർത്തിട്ടില്ല.

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ:-

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു.ഇത് ഈ പ്രദേശത്തിൻെറ വിദ്യാഭ്യാസമേഖലയെത്തന്നെ മുരടിപ്പിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വളരെ ശോചനീയമാണ്. കെട്ടിടങ്ങളുടെ പഴക്കം, സൗകര്യകുറവുകൾ, കളിസ്ഥലങ്ങളുടെ അപര്യാപ്തത, പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സാഹചര്യകുറവ്,കുടിവെള്ള പ്രശ്നം, ആധുനീക പഠനോപകരണങ്ങളുടെ അപര്യാപ്തത, വിദ്യാലയങ്ങളിലെ വൈദ്യുതിയുടെ അഭാവം തുടങ്ങിയവയെല്ലാം ആധുനിക വിദ്യാഭ്യാസരീതി വിദ്യാലയങ്ങളിൽ നടപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. കോക്കുഴി, ചൂരിയാറ്റ, വാവാടി, പിണങ്ങോട് തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനു പോലും കിലോമീറ്ററുകൾ നടക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. അതുപോലെ തെക്കുംതറ, കോളനി മുക്ക് ഭാഗങ്ങളിൽ നിന്നുമുള്ള കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കൽപ്പറ്റ, പിണങ്ങോട് എന്നീ സ്ഥലങ്ങളിൽ എത്തിപ്പെടുന്നതിന് അനുഭവിക്കുന്ന യാത്രാദുരിതം വർണ്ണനാതീതമാണ്. ആദിവാസികളുടെ പഠനത്തിലുള്ള താൽപര്യമില്ലായ്മ വിദ്യാഭ്യാസ നിലവാരം താഴ്ന്നു പോകുന്നതിന് പ്രധാന പങ്കു വഹിക്കുന്നു. ഒന്നാം ക്ലാസിൽ ചേരുന്ന ആദിവാസി വിദ്യാർത്ഥികളിൽ 40% പോലും പ്രൈമറി ഘട്ടം പൂർത്തീകരിക്കുന്നില്ല എന്ന വസ്തുത ഖേദകരമാണ്. പഞ്ചായത്തിൽ നിലവിലുള്ള ഹൈസ്കൂൾ പഞ്ചായത്തിൻെറ ഒരറ്റത്തായതിനാലും പ്രസ്തുത വിദ്യാലയത്തിലെ പഠന സമയ പദ്ധതിയുടെ മാറ്റവും (വെള്ളിയാഴ്ച അവധി ശനിയാഴ്ച പ്രവർത്തി ദിവസം. റംസാൻ അവധി കാലഘട്ടം തുടങ്ങിയവ) ഈ പഞ്ചായത്തിലെ ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിക്കേണ്ട വിദ്യാർത്ഥികൾ മറ്റു ഹൈസ്കൂളുകൾ തേടിപോകുന്ന സാഹചര്യം ഉണ്ടാക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ആവശ്യമായ അദ്ധ്യാപകരുടെ അഭാവം ഒരു പരിധി വരെ ഈ മേഖലയിലെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു. ഉദാഹരണമായി കായിക അദ്ധ്യാപകരുടെ അഭാവം മേഖലയുടെ കായിക രംഗത്തേയും ക്രാഫ്റ്റ് അദ്ധ്യാപകരുടെ അഭാവം തൊഴിൽ പരിശീലനത്തെയും കാര്യമായി ബാധിക്കുന്നു. അദ്ധ്യാപകരെ മറ്റു പ്രവർത്തനങ്ങളിലേക്ക് ഉപയോഗിക്കുന്നത് (ഉദാ: സെൻസസ്, എന്യൂമറേഷൻ തുടങ്ങിയ മേഖലകൾ) വിദ്യാഭ്യാസ നിലവാരം താഴുന്നതിന് ഇടനൽകുന്നു. വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകർ നിസാര ആവശ്യങ്ങൾക്കുപോലും വിദ്യാഭ്യാസ ഓഫീസുമായി ബന്ധപ്പെടേണ്ടതിനാൽ വിദ്യാലയങ്ങളുടെ പഠന നിലവാരത്തെ ഒരു പരിധി വരെ ബാധിക്കുന്നു. വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ ബഹുഭൂരിപക്ഷം വിദ്യാഭ്യാസസ്ഥാപനങ്ങളും സ്വകാര്യഉടമകളുടെതായതിനാൽ മാനേജർമാർക്ക് പരിമിതമായ വിദ്യാഭ്യാസ ഗ്രാൻറ് കൊണ്ട് വിദ്യാലയത്തിലെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയുന്നില്ല.

ഐ. സി. ഡി. പി. യുടെ കീഴിൽ ഈ പഞ്ചായത്തിൽ പതിനന്നോളം അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നെങ്കിലും അവയുടെ സ്ഥിതി വളരെ ദയനീയമാണ്. മൂന്നും നാലും സെൻറ് ഭൂമിയും ഒരു കൊച്ചു കെട്ടിടവും മാത്രമാണ് അംഗൻവാടികളുടെ അടിത്തറ. കൊച്ചു കുട്ടികൾക്ക് കളിക്കുന്നതിനുള്ള സ്ഥലമോ കളിപ്പാട്ടങ്ങളോ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങളോ ഒന്നും തന്നെ അംഗൻവാടികളിൽ ഇല്ല. ഒരംഗൻ വാടിയിൽ ഒരായയും ഒരു ടീച്ചറുമാണ് ഇന്നുള്ള ജോലിക്കാർ. 10 മണി മുതൽ 3 മണി വരെ ശനിയാഴ്ചയടക്കം പത്തും നാൽപതും പിഞ്ചു കുട്ടികളെ സംരക്ഷിക്കേണ്ട അദ്ധ്യാപികമാരുടെ ജോലി ഭാരം വളരെ കൂടുതലാണ്. അംഗൻവാടി പ്രവർത്തനങ്ങൾക്കുപുറമെ ഓഫീസുകളുമായി ബന്ധപ്പെടുക പല സർവേകളിലും ഏർപ്പെടുക ആരോഗ്യ പ്രവർത്തനങ്ങളിലും പങ്കെടുക്കുക തുടങ്ങിയ ഭാരിച്ച ജോലികൾ വേറെയും നിറവേറ്റുന്ന ജീവനക്കാരുടെ വേതനം വളരെ തുച്ഛവുമാണ്.

സാക്ഷരതാപ്രവർത്തനത്തിൻെറ ഭാഗമായി വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലും ആദിവാസി കോളനികളെ കേന്ദ്രീകരിച്ചുകൊണ്ട് സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിക്കുകയും നല്ലൊരു ശതമാനം ആദിവാസികളെയും മറ്റുള്ളവരെയും സാക്ഷരരാക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർച്ചയായുള്ള പ്രവർത്തനം നടത്താത്തതിൻെറ ഫലമായി സാക്ഷരർ നിരക്ഷരരായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനോടനുബന്ധിച്ചു പ്രവർത്തിക്കുന്ന ജനശിക്ഷണനിലയങ്ങളുടെ പ്രവർത്തനങ്ങളും കാര്യക്ഷമങ്ങളല്ല.

പ്രശ്ന പരിഹാരങ്ങൾ:-

നിലവിലുള്ള വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് കുട്ടികളെ പഠനത്തിന് ഔൽസുക്യരാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. പഞ്ചായത്തിലെ ഒരേ ഒരു ഗവ: വിദ്യാലയത്തിന്റെ കെട്ടിടം അടിയന്തിരമായി റിപ്പയർ ചെയ്ത് സുരക്ഷിതമാക്കേണ്ടത് അത്യാവശ്യമാണ്. രണ്ടു വർഷം മുമ്പ് സർക്കാരിലേക്ക് സൗജന്യമായി ലഭിച്ച സ്കൂൾ കെട്ടിടവും സ്ഥലവും സംരക്ഷിക്കുന്നതിന് കോമ്പൗണ്ട് വാൾ കെട്ടുക. മൂത്രപ്പുര കക്കൂസ് ഇവ നിർമ്മിക്കുക, ഓഫീസ് മുറി, പാചക മുറി തുടങ്ങിയവ പണിയിക്കുക, ശുദ്ധജല സൗകര്യം ഏർപ്പെടുത്തുക, വിദ്യാലയം വൈദ്യുതീകരിക്കുക, ആവശ്യമായ ഫർണിച്ചർ നൽകുക, പണിതീരാത്ത ഡി. പി. ഇ. പി.കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുക, ഉപയോഗശൂന്യമായ പഠന സാമഗ്രികൾ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുക, നൂതനങ്ങളായ പഠനോപകരണങ്ങൾ നൽകുക, ഒരു സ്ഥിരം പ്യൂണിനെ നിയമിക്കുക എന്നീ കാര്യങ്ങൾ നിറവേറ്റുകയാണെങ്കിൽ ഗവ: വെൽഫേയർ സ്കൂളിലെ പഠന നിലവാരം മെച്ചപ്പെടുത്താൻ കഴിയുന്നതാണ്.

വെങ്ങപ്പള്ളി പഞ്ചായത്തിലെ സ്വകാര്യ മേഖലയിലെ ഒരു പ്രധാന വിദ്യാലയമായ അമ്മാസഹായം യു. പി. സ്കൂൾ പരിമിതമായ സൗകര്യങ്ങൾ വെച്ചുപോലും ഒരു മാതൃകാ സ്കൂളാണ്. നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയാണെങ്കിൽ നിലവാരം കുറെകൂടി മെച്ചപ്പെടുത്താൻ കഴിയും. സ്കൂളിന് കോമ്പൗണ്ട് വാൾ ഇല്ല എന്നുള്ളതും ആവശ്യമായ കളിസ്ഥലം ഇല്ല എന്നതും പ്രധാന ന്യൂനതയാണ്. നിലവിലുള്ള കെട്ടിടങ്ങൾ വളരെ പഴക്കം ചെന്നവയാണ്. അവ റിപ്പയർ ചെയ്യുക, കോമ്പൗണ്ട് വാൾ നിർമ്മിക്കുക, കളിസ്ഥലം വിസ്തീർണ്ണം കൂട്ടുക, സ്കൂൾ വൈദ്യുതീകരിക്കുക, വാട്ടർ കണക്ഷൻ നൽകുക, സ്കൂളിലേക്ക് നടപ്പാത നിർമ്മിക്കുക, അടുക്കള നിർമ്മിക്കുക, ആധുനിക പഠന ഉപകരണങ്ങൾ (ഉദാ: സ്ലൈഡ് പ്രൊജക്ടർ, മറ്റു ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, ലാബറട്ടറി സൗകര്യങ്ങൾ, കൂടുതൽ പുസ്തകങ്ങളോടു കൂടിയ ലൈബ്രറി) തുടങ്ങിയവ ഏർപ്പെടുത്തുക എന്നിവ അടിയന്തിരമായി ചെയ്യേണ്ടവയാണ്.

വെങ്ങപ്പള്ളി പഞ്ചായത്തിലെ മറ്റൊരു സ്വകാര്യ മേഖലയിലെ യു. പി. സ്കൂളായ മാടക്കുന്ന് സെൻറ് ആൻറണീസ് യു. പി. സ്കൂളിന് കോമ്പൗണ്ട് വാൾ നിർമ്മിച്ച് സുരക്ഷിതമാക്കുക. ആവശ്യമായ പഠനോപകരണങ്ങൾ നൽകുക, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ലാബറട്ടറി സൗകര്യം മെച്ചപ്പെടുത്തുക എന്നിവ അത്യാവശ്യമാണ്.

വെങ്ങപ്പള്ളി പഞ്ചായത്തിലെ ഏറ്റവും പഴയ വിദ്യാലയമായ വെങ്ങപ്പള്ളി ആർ. സി. എൽ. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു. പി. സ്കൂളായി മാറ്റേണ്ടത് അത്യാവശ്യമാണ്. പ്രസ്തുത സ്കൂളിന് ആവശ്യമായ കളിസ്ഥലം കെട്ടിടം, കോമ്പൗണ്ട് വാൾ, വിദ്യാഭ്യാസ പഠനോപകരണങ്ങൾ, വൈദ്യുതി, കുടിവെള്ള സൗകര്യം, ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സൗകര്യം, പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

വെങ്ങപ്പള്ളി പഞ്ചായത്തിലെ ഒരേ ഒരു ഹൈസ്കൂളായ പിണങ്ങോട് ഓർഫനേജ് ഹൈസ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവ അത്യാവശ്യമായി ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. നിലവിലുള്ള സ്കൂൾ പ്രവർത്തി സമയം മാറ്റി ജനറൽ സിസ്റ്റം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. വെള്ളിയാഴ്ച പ്രവർത്തി ദിവസമാക്കി ശനിയാഴ്ച അവധി ദിവസമാക്കുന്ന രീതിയും മറ്റു വിദ്യാലയങ്ങളിലെ പോലെ മദ്ധ്യവേനലവധി ഏപ്രിൽ, മെയ് മാസങ്ങളിൽ ആക്കുകയും ചെയ്താൽ മറ്റു വിദ്യാലയങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിയുന്നതാണ്.

അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അതിനോടനുബന്ധിച്ച് കൂടുതൽ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ നിർമ്മിക്കുക, കളിക്കാനുള്ള ഉപകരണങ്ങൾ നൽകുക, കളിസ്ഥലം നിർമ്മിക്കുക, കോമ്പൗണ്ട് വാൾ കെട്ടി സുരക്ഷിതമാക്കുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക, കൂടുതൽ ജീവനക്കാരെ ഏർപ്പെടുത്തുക, ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്തുക ജീവനക്കാരെ ഡിപ്പാർട്ടുമെൻറ് ജീവനക്കാരായി അംഗീകരിക്കുക, ജീവനക്കാരെ മറ്റു മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നത് അവസാനിപ്പിക്കുക എന്നിവ അടിയന്തിരമായി ചെയ്യേണ്ടതാണ്.

സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ആദിവാസി കോളനികളോടനുബന്ധിച്ചുള്ള സാക്ഷരതാ കേന്ദ്രങ്ങൾ പുനരാരംഭിക്കുക, സാക്ഷരതാ ഇൻസ്ട്രക്ടർമാർക്ക് ആവശ്യമായ വേതനം

നൽകി അവരുടെ സേവനം ഉറപ്പു വരുത്തുക. ആവശ്യമായ പഠനോപകരണങ്ങൾ നൽകുക. സാക്ഷരതാ കേന്ദ്രങ്ങളിൽ വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ച് പഠന സൗകര്യം മെച്ചപ്പെടുത്തുക. ജനശിക്ഷൺ നിലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നിവ അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടിക്രമങ്ങൾ താഴെ പറയുന്ന ക്രമത്തിൽ മൊത്തത്തിൽ ചെയ്യേണ്ടിയിരിക്കുന്നു.

1. സ്കൂൾ സമയത്ത് കോട്ടത്തറ-കൽപ്പറ്റ, കൽപ്പറ്റ-കാവുംമന്ദം റൂട്ടുകളിൽ കൂടുതൽ ബസ്സോടിച്ച് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും യാത്രാ സൗകര്യം ഉറപ്പു വരുത്തുക.
2. വെങ്ങപ്പള്ളി പഞ്ചായത്തിൽ സർക്കാർ ഉടമയിൽ ഒരു മോഡൽ ഹൈസ്കൂൾ സ്ഥാപിക്കുക. (തെക്കും തറയിൽ സ്ഥാപിക്കുന്നതിന് മുൻഗണപ നൽകുക)
3. വെങ്ങപ്പള്ളി ആർ. സി. എൽ. പി സ്കൂൾ യു. പി. സ്കൂളായി ഉയർത്തുക.
4. കോക്കുഴിയിൽ അനുവദിച്ച ഡി. പി. ഇ. പി. സ്കൂളിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക.
5. പിണങ്ങോട് അഞ്ചാം വാർഡിൽ ഹൈസ്കൂളിനടുത്തായി ഒരു എൽ. പി. സ്കൂൾ അനുവദിക്കുക.
6. ഹൈസ്കൂളിൽ പ്ലസ്. ടു കോഴ്സ് ആരംഭിക്കുക.
7. എൽ. പി. സ്കൂളുകളോട് അനുബന്ധിച്ച് പ്രീ. പ്രൈമറി വിദ്യാലയങ്ങൾ അനുവദിക്കുക.
8. നെല്ലിക്കക്കുന്ന്, വാവാടി, ചൂരിയാറ്റ എന്നീ സ്ഥലങ്ങളിൽ അംഗൻവാടികൾ അനുവദിക്കുക.
9. സ്കൂൾ പി. ടി. എ, മദർ പി. ടി. എ എന്നിവ കാര്യക്ഷമമാക്കുക.
10. പഞ്ചായത്തു തലത്തിൽ വിദ്യാഭ്യാസ കോംപ്ലക്സുകൾ നടത്തുക.
11. പഞ്ചായത്തു തലത്തിൽ വിദ്യാലയങ്ങളിൽ കലാകായിക മൽസരങ്ങൾ ഏർപ്പെടുത്തുക.
12. വിദ്യാലയങ്ങളിലെകൊഴിഞ്ഞുപോക്ക് തടയുന്നതിന് രക്ഷകർത്താക്കളെ ബോധവൽക്കരിക്കുക, വോളണ്ടിയർമാരുടെ സേവനം ഉറപ്പുവരുത്തുക.
13. വിദ്യാഭ്യാസം നിർബന്ധവും പ്രാഥമിക വിദ്യാഭ്യാസം നൽകാതിരിക്കുന്നത് ശിക്ഷാർഹവുമാക്കുക.
14. ആദിവാസി വിദ്യാർത്ഥികൾക്ക് ലംസംഗ്രാൻറുകൾ പണമായി നൽകുന്നതിനു പകരം യൂണിഫോം, പുസ്തകം, കുട, ബേഗ്, ചെരിപ്പ് തുടങ്ങിയ സാധനങ്ങളായി നൽകുക.
15. തെക്കുംതറയിൽ ആദിവാസി ഹോസ്റ്റൽ (സ്ഥലം ലഭിക്കാൻ സാധ്യതയുണ്ട്) സ്ഥാപിച്ച് ആദിവാസി കുട്ടികളുടെ പഠനം ഉറപ്പു വരുത്തുക.
16. കുട്ടികളെ അംഗൻവാടികളിൽ അയക്കാൻ നിർബന്ധിതരാക്കുക.
17. വിദ്യാലയങ്ങളിൽ സ്പെഷലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുക.
18. വിദ്യാർത്ഥി അദ്ധ്യാപക അനുപാതം കുറയ്ക്കുക.
19. ആൾ പ്രമോഷൻ നിർത്തലാക്കുക.
20. യു. പി. തലത്തിൽ (ജില്ലാ തലത്തിലെങ്കിലും) പബ്ലിക് പരീക്ഷ ഏർപ്പെടുത്തുക.
21. ജില്ലാ തലത്തിൽ ചോദ്യ പേപ്പറുകൾ ഏകീകരിക്കുക.
22. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.
23. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവ സൗജന്യമായി നൽകുക.
21. പഞ്ചായത്തു തലത്തിൽ ഹെഡ്മാസ്റ്റർമരെ ഉൾപ്പെടുത്തി വിദ്യാഭ്യാസ ഉപദേശകസമിതി രൂപീകരിക്കുക. (പ്രധാന വിദ്യാഭ്യാസ പ്രവർത്തകർ, അദ്ധ്യാപക സംഘടനാ ഭാരവാഹികൾ, വാർഡ് മെമ്പർമാർ, ഡി. പി. ഇ. പി. ഭാരവാഹികൾ, പി. ടി. എ, മദർ. പി. ടി. ഐ, പ്രസിഡൻറുമാർ എന്നിവർ അംഗങ്ങളായിരിക്കണം).
25. പഞ്ചായത്തിൽ ഒരു കാർഷിക പരിശീലന കേന്ദ്രവും ഒരു ഐ. ടി. ഐ. യും സ്ഥാപിക്കുക.
26. തൊഴിൽ പരിശീലനം നൽകുന്നതിനായി പഞ്ചായത്തുവക ടൈപ്പ് റൈറ്റിംഗ്, കമ്പ്യൂട്ടർ കോഴ്സ്, ടെയ്ലറിംഗ് എന്നിവയിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
27. T.V. റേഡിയോ പരിപാടികളിൽ പ്രാഥമിക വിദ്യാഭ്യാസ പരിപാടികൾക്ക് കൂടുതൽ സമയം അനുവദിക്കുക.

മേൽ നടപടി ക്രമങ്ങൾ ക്രമ പ്രകാരം നടപ്പാക്കുകയാണെങ്കിൽ വെങ്ങപ്പള്ളി പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്തു പരിധിയിൽ നിന്ന് മറ്റു പ്രദേശങ്ങളിൽ പോയി വിദ്യ അഭ്യസിക്കുന്നതിനുള്ള കുട്ടികളുടെ വിഷമങ്ങൾ പരിഹരിക്കുന്നതിനും കഴിയുന്നതാണ്.

പൊതുജനാരോഗ്യം

9

വെങ്ങപ്പള്ളി പഞ്ചായത്തിൽ 1995 - 96 കൊല്ലത്തെ കണക്ക് പ്രകാരം 21.16 Sq. K.M സ്ഥലത്ത് 9114 ജനങ്ങൾ ഉണ്ട്. ഇതിൽ 4550 പുരുഷൻമാരും 4504 സ്ത്രീകളും ആണ് ഉള്ളത്. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ പുരുഷൻമാർ 1310 ഉം സ്ത്രീകൾ 1264 പേരുമാകുന്നു. ഇത്രയും ജനങ്ങൾക്കുവേണ്ടി ഒരു മാതൃ ശിശു സംരക്ഷണ കേന്ദ്രം, ഒരു ആയുർവേദ ആശുപത്രി മൂന്ന് I. P. P സെൻററുമാണ് ഉള്ളത്. ഈ വാർഡുകളിൽ 18 ജീവനക്കാരാണ് ജോലി ചെയ്യുന്നത്. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആരോഗ്യ പരിപാലനത്തിനുവേണ്ടി സൗകര്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ ഈ സൗകര്യം അപര്യാപ്തമാണ്.

ഇതു പോലെ കുടിവെള്ള പ്രശ്നം ഏറ്റവും രൂക്ഷമാണ്. ഈ പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ കുടിവെള്ളം കിട്ടുവാൻ കിലോമീറ്ററോളം നടക്കേണ്ട ഗതികേടുണ്ട്. ഉദാഹരണമായി നാരങ്ങാക്കുഴി കോളനി പരിശോധിച്ചാൽ അവിടെത്തന്നെ ജനങ്ങൾ ഒരു കിലോമീറ്റർ നടന്ന് പഞ്ചായത്ത് ഓഫീസിനു മുമ്പിലുള്ള ടാപ്പിൽ നിന്നാണ് വെള്ളം എടുക്കുന്നത്. ഈ ടാപ്പിൽ മിക്കസമയത്തും വെള്ളം ഉണ്ടാകാറില്ല. പിന്നെ അര കിലോമീറ്റർ ദൂരം കൂടി നടന്ന് വല്ല സ്വകാര്യ വ്യക്തികളുടെ വീടുകളിൽ നിന്നാണ് വെള്ളം എടുക്കുന്നത്

ശുചീകരണത്തിൻെറ പ്രശ്നം എടുത്താൽ ജനങ്ങളുടെ അലസതയാണ് പ്രധാനം . ബോധ വൽക്കരണ ക്ലാസുകൾ നടത്തി ഒരു വലിയ അളവോളം ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. മാരകമായ കീടനാശിനികൾ (ഫോറെയിറ്റ്, ഫ്യൂറഡാൻ മുതലായവ) വ്യാപകമായി കൃഷിയിടത്തിൽ പ്രയോഗിച്ചു വരുന്നു. ഇത് വെള്ളത്തിൽ എത്തിപ്പെടുന്നു. ഇതുമൂലം പുതിയ പുതിയ മാരക രോഗങ്ങൾ ഉണ്ടാവുന്നുണ്ട്. ശുചീകരണത്തിൻെറ കാര്യത്തിൽ കർശനനിയമങ്ങൾ ആവശ്യമാണ്.

പരിഹാര നിർദ്ദേശങ്ങൾ:-

1. വെങ്ങപ്പള്ളി പഞ്ചായത്തിൽ 1 ാം വാർഡിൽ ആദിവാസികൾ തിങ്ങിപാർക്കുന്ന കോക്കുഴിയിൽ നിന്നും രോഗികൾക്കും മറ്റും പ്രാഥമികാരോഗ്യകേന്ദ്രത്തിൽ എത്തണമെങ്കിൽ 6 കിലോമീറ്ററിൽ കൂടുതൽ നടന്നു വരണം. അതിനാൽ ഈ പ്രദേശത്തുള്ളവരുടെ പ്രയാസവും ബുദ്ധിമുട്ടും കണക്കിലെടുത്ത് കോക്കുഴിയിൽ ഒരു അലോപ്പതി ആശുപത്രി തുടങ്ങുകയും ഒരു ഡോക്ടറെ എത്രയും പെട്ടന്ന് നിയമിക്കുകയും വേണം.

2. കുടുംബക്ഷേമ കേന്ദ്രം എല്ലാ വാർഡിലും തുടങ്ങണം. എല്ലാ കേന്ദ്രത്തിലും ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടർമാർ വിസിറ്റ് ചെയ്യുകയും മരുന്നു നൽകുകയും ചെയ്യണം.

3. എല്ലാ വാർഡിലും ഹോമിയോപ്പതി, ആയുർവേദ ആശുപത്രി എന്നിവ തുടങ്ങണം.

4 2- ാം വാർഡിലെ ബാവാടിയിലെ പ്രാഥമികാരാഗ്യകേന്ദ്രത്തിൻെറ നിലവിലുള്ള സബ്സെൻററിൽ ഡോക്ടർമാർ വിസിറ്റ് നടത്തിയും മരുന്നുകൾ കൊടുത്തും സേവന ലഭ്യമാക്കണം. സാംക്രമിക രോഗങ്ങൾ തടയുന്നതിനും മറ്റും കുടിവെള്ളം പരിശോധിച്ച് മരുന്ന് തളിക്കേണ്ടത് ആവശ്യമാണ്.

5 പഞ്ചായത്തിലെ 3 ാം വാർഡ് വെങ്ങപ്പള്ളി ടൗൺ സ്ഥിരമായി ശുചീകരിക്കാനും ചപ്പു ചവറുകൾ നിക്ഷേപിക്കുവാനും സംവിധാനം വേണം.

6. മലിന ജലം ഒഴിവാക്കുവാൻ ഓവു ചാലുകൾ നിർമ്മിക്കുക.

7. 3-ാം വാർഡിൽ ഹെൽത്ത് സെൻറർ സ്ഥാപിക്കുകയും അവിടെ സ്ഥിരമായി ഒരു ഡോക്ടർ വിസിറ്റ്ചെയ്ത് ആവശ്യമുള്ള മരുന്നുകൾ അവിടെ നിന്നു തന്നെ കൊടുക്കുകയും ചെയ്യുക.

8 പഞ്ചായത്തിലെ 4 ാം വാർഡിൽ നിന്ന് 4 കിലോമീറ്റർ ദൂരത്തിലാണ് ഇപ്പോൾ ആരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. ഇത്രയും ദൂരം രോഗികളെയും കൊണ്ടു പോകുവാനുള്ള വിഷമം കണക്കിലെടുത്ത് പഞ്ചായത്ത് ഗ്രൗണ്ടിന് സമീപം ഒരു ഹെൽത്ത് സെൻറർ തുടങ്ങി അവിടെ ഒരു ഡോക്ടർ വിസിറ്റ് ചെയ്ത് ശുശ്രൂഷ നടത്തുക.

9. പിണങ്ങോട് ബസാറിൽ ചപ്പുചവറ് ഇടുന്നതിന് സംവിധാനം ഉണ്ടാക്കുകയും അത് ദിനംപ്രതി എടുത്ത് മാറ്റുന്നതിന് ആളെ നിയമിക്കുകയും അഴുക്കുചാൽ നിർമ്മിക്കുകയും ആയത് ശുചീകരിക്കുകയും ചെയ്യുക.

10 ഹെൽത്ത് സെൻററിൽ മാസത്തിൽ ഒരു തവണയെങ്കിലും സെമിനാർ നടത്തുക.

11. പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഒരു യൂനാനി ആശുപത്രിയും ഒരു അലോപ്പതി സബ്സെൻററും ആരംഭിക്കുക.

12. ഹെൽത്ത് കാർഡ് അനുവദിക്കുകയും വർഷത്തിൽ ഒരിക്കൽ പഞ്ചായത്തിലെ എല്ലാ വാർഡിലും സൗജന്യമായി മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ കേമ്പ് നടത്തി മഹാരോഗങ്ങളിൽ നിന്ന് സാധാരണക്കാരെയും ആദിവാസികളെയും രക്ഷപ്പെടുത്തുക.

13. പഞ്ചായത്തിലെ 6 ാം വാർഡിൽ മാസത്തിൽ ഒരു തവണ എന്ന രീതിയിൽ പൊതുജനാരോഗ്യ കേമ്പുകൾ നടത്തണം. വാർഡുകൾതോറും ഹോമിയോ, യൂനാനി , പ്രകൃതി ചികിൽസ എന്നിവ ആരംഭിക്കണം.

14. G.L.P SCHOOL വെങ്ങപ്പള്ളിയിൽ അടിയന്തിരമായി കക്കൂസ് നിർമ്മിക്കണം.

15. എല്ലാ വാർഡിലും ആദിവാസികൾക്കും ദുർബല വിഭാഗങ്ങൾക്കും സൗജന്യമായി കക്കൂസ് നിർമ്മിക്കുക.

16. എല്ലാ വാർഡിലും നാല് സെൻറ് ലാൻറ് ലെസ്സ് കോളനിയിലെ മലിന വസ്തുക്കൾ നീക്കം ചെയ്യുവാനുള്ള സംവിധാനം ചെയ്യുക.

17. പഞ്ചായത്തിലെ നിലവിലുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുക

18. പഞ്ചായത്തിലെ 7 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന അലോപ്പതി ആശുപത്രിയിൽ നിലവിലുള്ള ഡോക്ടറെ കൂടാതെ സ്ഥിരമായി ഒരു ഡോക്ടറെ കൂടി നിയമിച്ച് രോഗികളെ കിടത്തി ചികിൽസിക്കൽ ആരംഭിക്കുക.

19. നിലവിലുള്ള ആശുപത്രിയിൽ സ്ത്രീകളെയും പുരുഷൻമാരെയും കിടത്തിചികിൽസിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ഇതിനായി പത്തു കിടക്കകൾ കൂടിയുള്ള പുതിയ കെട്ടിടം കൂടി പണിയുക.

20. ആശുപത്രിക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും നൽകി ആവശ്യമായ പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുക.

21. ആശുപത്രി ഇക്കാലമത്രയും ഒരു നോക്കു കുത്തിയായി സ്ഥിതി ചെയ്യുകയാണ്. ഇതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ആശുപത്രിയുടെ വികസന സമിതി ഗ്രാമീണ ജനതയെ ഉൾക്കൊള്ളിച്ചു പുനഃസംഘടിപ്പിക്കുക.

22. ആശുപത്രിയിൽ ഡോക്ടർമാർ ക്വാർട്ടേഴ്സിൽ തന്നെ താമസിക്കുവാൻ ഉതകുമാറ് ആശുപത്രി ക്വാർട്ടേഴ്സ് സജ്ജമാക്കുക. 24 മണിക്കൂറും ആശുപത്രിയിലെ ഡോക്ടർമാരുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ആംബുലൻസ് സൗകര്യവും, ടെലഫോൺ സൗകര്യവും ഏർപ്പെടുത്തുക.

23. ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫ് ഇന്നത്തെകാളും കൂടുതലായി കോളനികളിലും വീടുകളിലും നിരന്തരമായി ബന്ധപ്പെടുക.

24. ഗ്രാമീണരുടെ കിണറുകളിൽ ക്ലോറിനേറ്റ് ചെയ്യുവാൻ ആരോഗ്യ വകുപ്പ് വേണ്ട നടപടിയെടുക്കുക. ഗ്രാമീണ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മാസം തോറും സെമിനാർ നടത്തുകയും ചെയ്യുക.

25. ആശുപത്രിയിൽ X -Ray, Blood Bank, ECG തുടങ്ങിയ ആധുനിക ചികിൽസ സൗകര്യം ഏർപ്പെടുത്തുക.

26. പഞ്ചായത്തിലെ എല്ലാ വാർഡിലെയും ജനങ്ങളുടെ രക്ത ഗ്രൂപ്പ് നിർണ്ണയിക്കുകയും അവർക്ക് ഹെൽത്ത് കാർഡ് നൽകുകയും ചെയ്യുക.

27. ആയുർവേദ ആശുപത്രിയുടെ കെട്ടിടത്തിൻെറ പണി ഉടൻ പൂർത്തിയാക്കി രോഗികളെ കിടത്തി ചികിൽസിക്കുവാൻ ഉള്ള സൗകര്യവും സ്ഥിരം ഡോക്ടറെ നിയമിക്കുകയും ഫോൺ സൗകര്യം ഏർപ്പെടുത്തുകയും ആവശ്യമായ മരുന്നു ലഭ്യമാക്കുകയും ചെയ്യുക.

28. ആശുപത്രിയുടെ ആവശ്യത്തിനും ഗ്രാമീണരുടെ ആവശ്യത്തിനും വേണ്ട പച്ച മരുന്നുകൾ ഗ്രാമത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

29. പഞ്ചായത്തിലെ 8 ാം വാർഡിൽ ഒരു കുടുംബക്ഷേമ കേന്ദ്രം മാത്രമേ ഉള്ളൂ. ആദിവാസികൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്നത് 8 ാം വാർഡിലാണ്. I. P. P സെൻററിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കുക. ആംബുലൻസ് സൗകര്യവും ആദിവാസി കോളനി കേന്ദ്രമാക്കി മാറ്റത്തിൽ ഒരിക്കൽ ഒരു മെഡിക്കൽ ചെക്കപ്പും നടത്തുക.

30. ആയുർ വേദ ആശുപത്രിയും ഹോമിയോപ്പതി ആശുപത്രിയും സ്ഥാപിക്കുക.

കുടി വെള്ളം

1. ആദിവാസികളും സാധാരണ ജനങ്ങളും തിങ്ങിപ്പാർക്കുന്ന ഒന്നാം വാർഡിന്റെ അതിർത്തിയായ ഓടംബം കുന്നിൽ ഒരു പൊതു കിണർ ആവശ്യമാണ്. തോണിക്കടവ്, ഓടംബം എന്നിവിടങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അവിടെ 15 ഓളം വീട്ടുകാർക്ക് പൈപ്പുലൈൻ നീട്ടി കൊടുത്താൽ അവിടെ ജലക്ഷാമം പരിഹരിക്കാം

2 കോക്കുഴിയിൽ പമ്പ് ഹൗസിൽ നിലവിലുള്ള മൂന്നു പമ്പു സെറ്റുകളിൽ ഒന്നു മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ബാക്കിയുള്ള രണ്ടെണ്ണം കേടുവന്നിട്ടുണ്ട്. ആയത് റിപ്പോർട്ട് ചെയ്ത് ഉപയോഗപ്രദമാക്കണം. മൂപ്പൻ കോളനി യിലെ കിണർ റിപ്പയർ ചെയ്താൽ അവരുടെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

3. പുതുക്കുടി കുന്നിൽ നിലവിലുള്ള കിണറിൽ ഒരു പമ്പു സെറ്റ് വെച്ചും ടാങ്ക് കെട്ടിയും വെള്ളം അടിച്ച് പൈപ്പ് ലൈൻ വഴിയും ആ പ്രദേശത്ത് കാരുടെ കുടിവെള്ളക്ഷാമം ഏതാണ്ട് പരിഹരിക്കാം.

4 പഞ്ചായത്തിലെ 2 ാം വാർഡിൽ മാരക്കുന്ന്, കൊറ്റിതറക്കുന്ന്, കാപ്പാട് കുന്ന്, വില്ലേജ് ഓഫീസ് പരിസരം എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തേണ്ടതാണ്.

5 പഞ്ചായത്തിലെ മൂന്നാം വാർഡിൽ കോടഞ്ചേരിക്കുന്ന്, കുന്നുംപുറത്ത്, ഓട്ടുംപുറംകുന്ന് എന്നിവ ജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലമാണ്. അവിടെ ഓരോ കിണർ അത്യാവശ്യമാണ്. മറ്റു സ്ഥലങ്ങളിൽ പൈപ്പുലൈൻ ഇട്ടാൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

6. പഞ്ചായത്തിലെ 4 ാം വാർഡിൽ നെല്ലിക്കക്കുന്നിൽ മോട്ടോർ സ്ഥാപിച്ച് നിലവിലുള്ള കിണറിൽ നിന്ന് ഒരു ടാങ്കിലേക്ക് വെള്ളമടിച്ച് ആവശ്യമായ പൈപ്പ് ലൈൻ ഇട്ടാൽ ആ പ്രദേശത്തുകാരുടെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

7. പിലാച്ചിക്കുന്നിൽ താഴെഭാഗത്ത് വയലിനോട് ചേർന്ന് കിണർ കുഴിക്കുകയും മുകൾ ഭാഗത്ത് ടാങ്ക് നിർമ്മിക്കുകയും കിണറിനോട് ചേർന്ന് പമ്പു ഹൗസും അതിൽ വൈദ്യുതി കണക്ഷനും ചെയ്താൽ വെള്ളം ടാങ്കിലേക്ക് പമ്പ് ചെയ്യുകയും പൈപ്പ് ലൈൻ വഴി കുടിവെള്ളം എത്താത്ത പേർക്ക് നൽകാവുന്നതാണ്,

8. അംബേദ്കർ കോളനിയിലേക്ക് പബ്ലിക് ടാപ്പ് ദീർഘിപ്പിക്കുക. പിണങ്ങോട് അങ്ങാടിയിൽ പൊതു കിണർ കുഴിക്കുകയും മിനി സ്റ്റേഡിയത്തിനു സമീപം പൊതു ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചാൽ പിണങ്ങോട് പ്രദേശത്തുകാരുടെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

9. നിലവിലുള്ള ടാങ്ക് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഹൈ കപ്പാസിറ്റിയുള്ള ഹൈ ലെവൽ ടാങ്ക് സ്ഥാപിച്ച് സ്റ്റാൻറ് ബൈ പമ്പ് സെറ്റ് സ്ഥാപിച്ചാൽ ഇന്നത്തെക്കാൾ കൂടുതൽ ജനങ്ങൾക്ക് ജലക്ഷാമം പരിഹരിക്കാം. പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ആവശ്യമുള്ള ഇടത്ത് ടാപ്പുകൾ സ്ഥാപിക്കുകയും നിലവിൽ തകരാറുള്ള പൈപ്പു ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്യുക.

10. പഞ്ചായത്തിലെ അഞ്ചാം വാർഡിൽ അറയിൽക്കുന്നിലുള്ള വാട്ടർ ടാങ്ക് പൊളിച്ചു മാറ്റി വലിയ ടാങ്ക് നിർമ്മിക്കേണ്ടതാണ്. കുന്നത്തു കയറ്റത്തിലും തെങ്ങും പിലാത്ത് കുന്നിലും മുസ്ലീം പള്ളിക്കടുത്ത് ഓരോ പൊതു കിണർ ആവശ്യമാണ്. ഇപ്പോഴുള്ള വാട്ടർ ടാങ്കിൽ നിന്നുള്ള വെള്ളം ഹൈസ്കൂൾകുന്ന് താഴെവരെയും എം. എം. നഗർ പഴശ്ശി നഗർ വരെയും നീട്ടിയാൽ കുറെയധികം ജനങ്ങൾക്ക് ലഭ്യമാകും.

11. നിർത്തലാക്കിയ വാട്ടർ കണക്ഷനുകൾ ഗൃഹാവശ്യത്തിന് നൽകുന്നതിന്ന് നടപടി സ്വീകരിക്കുക.

12. പഞ്ചായത്തിലെ 6 ാം വാർഡിൽ അമ്പലത്തിങ്കൽ പ്രദേശത്ത് പത്തോളം വീട്ടുകാർ കിണർ കുഴിക്കുന്ന അവസരത്തിൽ അടിയിൽ പാറയുള്ളതുകൊണ്ട് കുടിവെള്ളം ലഭിക്കുന്നില്ല. സർക്കാർ സഹായത്തോടെ ഒരു വലിയ കിണർ കുഴിച്ച് പാറ നീക്കം ചെയ്താൽ അവർക്ക് കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. കിണർ കുഴിക്കുവാൻ പ്രയാസമുള്ള പക്ഷം പൈപ്പ് ലൈൻ ഇട്ടാലും മതിയാവുന്നതാണ്,

13. ചൂരിയാറ്റ കോളനിയിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. അവിടെ കിണർ കുഴിച്ചാൽ ജലക്ഷാമം പരിഹരിക്കാം. നാരങ്ങാക്കുണ്ട്, അമ്പലക്കുന്ന്, ചെമ്പകക്കുണ്ട് കടവിന്ന് സമീപം പത്തു വീട്ടുകാരുടെ ആവശ്യത്തിന് കിണർ കുഴിക്കണം. പാണ്ടിക്കടവ് പാലത്തിനു സമീപം പത്തു വീട്ടുകാർക്ക് ഉപകാരപ്രദമായ കിണർ കുഴിക്കണം.

14. പുതുക്കുടി കുന്നിൽ അംഗനവാടിക്കു സമീപം നിലവിലുള്ള കിണർ റിപ്പയർ ചെയ്താൽ പത്തോളം വീട്ടുകാർക്ക് വെള്ളം ഉപയോഗിക്കാം. മൂരിക്കാപ്പ് ഇ. കെ നാണുവിന്റെ വീട്ടിനടുത്തുള്ള കിണർ റിപ്പയർ ചെയ്താൽ ഏതാനും പേർക്ക് ഉപകാര പ്രദമാകും. കല്ലട കോളനിയിൽ ഒരു കിണർ ആവശ്യമാണ്.

15. മുത്താച്ചിക്കുന്നിൽ നിന്നും ജലം പമ്പു ചെയ്യുന്ന രീതിയിൽ മൂരിക്കാപ്പ് കുന്നിൽ ഒരു വലിയ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ ഇടുകയാണെങ്കിൽ 6 ാം വാർഡിൽ ചോലപ്പുറം പുതുക്കുടിക്കുന്ന് അമ്പലത്തിങ്കൽ കൂടാതെ 7, 8 വാർഡുകളില വലിയ ഒരു വിഭാഗം ജനങ്ങൾക്ക് കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഓടയോട്ടുമ്മൽ പട്ടിക വർഗ്ഗ വിഭാഗത്തിലെ ആറ് കുടുംബങ്ങൾക്ക് അംഗനവാടിയിൽ കിണർ നിർമ്മിക്കേണ്ടതാണ്.

16. മൂരിക്കാപ്പ് സ്കൂൾ പരിസരത്ത് സ്കൂൾ ആവശ്യാർത്ഥത്തവും അടുത്ത വീട്ടുകാർക്കും ഒരു കിണർ ആവശ്യമാണ്.

17. പഞ്ചായത്തിലെ ഏഴാം വാർഡിൽ അമ്മാസഹായം യു. പി. സ്കൂൾ കുന്ന് കോളനി മരമൂലകോളനി കുമ്പളകുനി ഏരിയ, പുതുക്കണ്ടി ഏരിയ എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമത്തിന് കിണർ ആവശ്യമാണ്. മറ്റുള്ള കോളനികളിലും മറ്റും പൈപ്പ് ലൈൻ ഇട്ട് ശുദ്ധജലം ലഭ്യമാക്കേണ്ടതാണ്.

19. പഞ്ചായത്തിലെ 8 ാം വാർഡിൽ പന്ത്രണ്ടു കുടുംബങ്ങൾ ഉള്ള കോവിലേരി കോളനിയിലും ചീങ്ങോളിക്കുന്ന് കോളനി, നായാടി പൊയിൽ, കള്ളതോട് മേലെ, കൊറ്റിയോട്ടുമ്മൽ കോളനി എന്നിവിടങ്ങളിൽ ശുദ്ധജലത്തിനും കുടിവെള്ളത്തിനും കിണർ ആവശ്യമാണ്.

20. എടത്തറ കടവത്ത് നിന്ന് സപ്ലൈ ചെയ്യുന്ന പൈപ്പ് ലൈൻ ഇപ്പോൾ തരിയോട് പഞ്ചായത്തിലേക്ക് സപ്ലൈ ചെയ്യുന്നത് വെങ്ങപ്പള്ളി പഞ്ചായത്തിന്റെ അതിർത്തിയിൽ കൂടിയാണ്. ഈ പൈപ്പിൽ നിന്നുള്ള വെള്ളം കാവുംമന്ദം കിണർ മുതൽ മാടക്കുന്ന് വരെ രണ്ട് കിലോമിറ്റർ വരെ പൈപ്പ് ലൈൻ സ്ഥാപിച്ചാൽ ഈ ലൈൻ കൊണ്ട് എട്ടാം വാർഡിൽ 30 ൽ അധികം കുടുംബത്തിന് ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും കോവിലേരിക്കുന്ന് കോളനി, കൊറ്റിയോട്ടു കുന്ന് കോളനി, ഒരുവുമ്മൽ കോളനി തുടങ്ങി മുപ്പതോളം കുടുംബങ്ങൾക്ക് ഉപകാരപ്രദമാകും.

21. പഞ്ചായത്തിലെ രണ്ട് മൂന്ന് വാർഡുകളിൽ ഇപ്പോൾ നിർമ്മിക്കുന്ന ഭാഗങ്ങളിൽ നിന്ന് വെള്ളം എത്തിക്കുവാൻ ആവശ്യമായ പൈപ്പ് ലൈൻ ഇടുവാനുള്ള ഫണ്ട് അനുവദിക്കണം.

പരിസര ശുചിത്വം

1 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ആദിവാസികൾക്കും മറ്റുള്ള സാധാരണക്കാർക്കും പൊതുവായ ഓരോ ശ്മശാനം ആവശ്യമാണ് ആദിവാസികൾ ഇന്ന് പുഴ വക്കും മറ്റുമാണ് സ്മശാനമാക്കുന്നത്.

2 എല്ലാ വാർഡുകളിലും എല്ലാ ആദിവാസി കോളനികളിലും പൊതു കക്കൂസ് നിർമ്മിക്കേണ്ടതാണ്.

3 വർദ്ധിച്ച രാസവസ്തു പ്രയോഗം കാരണം മലിനമായ അന്തരീക്ഷത്തെകുറിച്ച് പഠനം നടത്തി മതിയായ സംരക്ഷണം ഉറപ്പുവരുത്തുക.

4 യഥാവസരം റിപ്പെയർ നടത്താതെ റോഡിലോടുന്ന വാഹനങ്ങളിൽ നിന്ന് തുപ്പുന്ന വിഷപ്പുക നിയന്ത്രിക്കാൻ വേണ്ട സൗകര്യം ചെയ്യുക.

5 റോഡുകളിൽ വെച്ചുള്ള മൽസ്യം, മാംസം വിൽപ്പന തടയുക. ചപ്പു ചവറുകൾ ഉപയോഗിച്ച് കമ്പോസ്റ്റ് വളമോ ബയോഗ്യാസ് പ്ലാന്റോ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുക.

6 പൊതു നിരത്തുകളിലെ ഡ്രൈനേജ് യഥാകാലം റിപ്പെയർ ചെയ്യുക.

7. പഞ്ചായത്തും ആരോഗ്യ വകുപ്പും പൊതുജനങ്ങളും അടങ്ങുന്ന ഒരു ജനകിയ സമിതി രൂപീകരിക്കുകയും ഈ സമിതിയുടെ നേതൃത്വത്തിൽ ഗ്രാമത്തിലെ ഹോട്ടലുകൾ ചായക്കടകൾ തുടങ്ങിയ സ്ഥലങ്ങൾ പരിശോധിക്കുകയും പരിസരശുചീകരണം പൂർണ്ണമാണോ എന്നു ഉറപ്പു വരുത്തുക. എല്ലാ വാർഡിലും ചപ്പു ചവറിടുന്ന സംവിധാനം ചെയ്യുക.

8. എല്ലാ വാർഡിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാനുള്ള ഏർപ്പാടുകളും വളർത്തു നായ്കൾക്ക് നിർബന്ധ ലൈസൻസും ഏർപ്പാടു ചെയ്യുക.

9 റോഡരികിൽ കന്നുകാലികളെ കെട്ടുന്നതും കുളിപ്പിക്കുന്നതും കർശനമായി നിരോധിക്കുക.

റോഡ്, ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

10

ആമുഖം

കേരളത്തിലെ പ്രത്യേകിച്ച് വയനാട് ജില്ലയിലെ തന്നെ ഒരു കൊച്ചു പഞ്ചായത്ത്. വിസ്തീർണ്ണം കൊണ്ട് പതിനായിരത്തോളം ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നു ഇവിടെ. വികസനത്തെക്കുറച്ച് ചർച്ച ചെയ്യുമ്പോൾ എല്ലാം കൊണ്ടും വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. വർഷങ്ങൾക്ക് മുമ്പ് വരെ നമ്മുടെ പ്രദേശം കോട്ടത്തറ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. ആയതുകൊണ്ട് തന്നെ നമ്മുടെ പ്രദേശം വികസനത്തിൽ വളരെ പിന്നോക്കം നിൽക്കുകയായിരുന്നു. ഈ സാഹചര്യത്തിലാണ് വെങ്ങപ്പള്ളി പഞ്ചായത്ത് രൂപീകരണം എന്ന ജനങ്ങളുടെ മുറവിളി സാധ്യമായത്. ഇന്നാൽ പോലും ജനങ്ങളുടെ ആഗ്രഹത്തിനൊത്ത് വികസന രംഗത്ത് മുന്നേറാൻ നമ്മുടെ പഞ്ചായത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. ഭൂമിശാസ്ത്ര പരമായി പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിനെ കീറിമുറിച്ചുകൊണ്ട് ഒരു വലിയ പുഴയും ഒരു ചെറു പുഴയും ഒഴുകുന്നു. ഇങ്ങനെ പുഴകളാൽ ചുറ്റപ്പെട്ട പഞ്ചായത്ത് എന്ന നിലയിൽ വാഹനഗതാഗതയോഗ്യമായ ഒരു പാലം പോലും ഈ പഞ്ചായത്തിലില്ല എന്നുള്ളത് വളരെ ദയനീയമായ ഒരവസ്ഥയാണ്. കാലവർഷം ശക്തിപ്പെടുന്നതോടുകൂടി ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളും ഒറ്റപ്പെടുകയും അതുവഴി ജനങ്ങളുടെ സാധാരണ ജീവിതം താറുമാറാകുന്നതിനെ അതിജീവിക്കുന്നതിനാവശ്യമായ യാതൊരു സംവിധാനവും നമ്മുടെ പഞ്ചായത്തിനില്ല. നമ്മുടെ പുഴകൾക്കും തോടുകൾക്കുമായി ഏതാണ്ട് 15 ഓളം താൽക്കാലിക മുളം പാലങ്ങളാണ് പഞ്ചായത്ത് നിർമ്മിച്ചുപോരുന്നത്. എന്നാൽ ശാശ്വത പരിഹാരം എന്നനിലയ്ക്ക് ഫുട് ബ്രിഡ്ജുകളും, പാലങ്ങളും നിർമ്മിച്ചാൽ വർഷം തോറും ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം നമുക്ക് നികത്താനാകും.

അതുപോലെതന്നെ നമ്മുടെ പഞ്ചായത്തിൽ ചെറുതും വലുതുമായി 30 ഓളം റോഡുകൾ ഉണ്ട് എന്നാണ് ഗ്രാമ സഭകളുടെ റിപ്പോർട്ട് സൂചിപ്പിക്കുന്നത്. വാസ്തവത്തിൽ നിലവിലുള്ള റോഡുകളിൽ ഗതാഗതയോഗ്യമായവ വിരലിലെണ്ണാവുന്നത് മാത്രമേയുള്ളൂ എന്നതാണ് ശരി. ഉദാഹരണത്തിന് ഈ പഞ്ചായത്തിലെ പ്രധാന റോഡാണ് പിണങ്ങോട്, തെക്കും തറ, കമ്പളക്കാട് റോഡ്. പ്രസ്തുത റോഡ് സുമാർ 6 വർഷം മുമ്പ് പി. ഡബ്ലൂ. ഡിയെ ക്കൊണ്ട് ഏറ്റെടുക്കാൻ കഴിഞ്ഞതൊഴിച്ചാൽ ഈ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിൽ നമ്മൾ പിറകോട്ട് പോയി. റോഡിന്റെ സ്ഥിതി ഇങ്ങനെ ആയതിനാൽ തന്നെ ഇതുവഴിയുള്ള യാത്രാപ്രശ്നം പരിഹരിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ മറ്റ് റോഡുകളുടെ സ്ഥിതി എടുത്ത് പരിശോധിച്ചാൽ പോലും മുൻപറഞ്ഞവയിൽ നിന്നും ഒട്ടും വിഭിന്നമില്ല സ്ഥിതിഗതികൾ. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഗതാഗതയോഗ്യമായ റോഡുകൾ ഇല്ലാത്തതുകാരണം പഞ്ചായത്തിൽ യാത്രാപ്രശ്നം പരിഹരിക്കാനും കഴിഞ്ഞിട്ടില്ല.

അതുപോലെ തന്നെ ഊർജ്ജത്തെക്കുറിച്ച് വിവരിക്കുമ്പോൾ ഒരു പക്ഷെ കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന പഞ്ചായത്തായിരിക്കാം വെങ്ങപ്പള്ളി പഞ്ചായത്ത്. നിലവിൽ ഊർജ്ജ ഉൽപാദന സംവിധാനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. വൈദ്യുതിയെ ആശ്രയിച്ച് മാത്രമേ ഇപ്പോൾ ഇവിടങ്ങളിൽ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ സാധുക്കുകയുള്ളൂ. വൈദ്യുതിയെ പറ്റി ജനങ്ങളുടെ അഭിപ്രായം വരുമ്പോൾ ജനരോഷം മുഴുവനും ബോർഡിനോടും ഉദ്യോഗസ്ഥവൃന്ദത്തോടുമാണ്. കാരണം അടിമുതൽ മുകൾ വരെയുള്ള ഉദ്യോഗസ്ഥവൃന്ദത്തിന്റെ ജനങ്ങളോടുള്ള സമീപനവും, നിലപാടുകളുമാണ് ഇതിനു കാരണം. ഈ നിലപാടിന് മാറ്റം വരുത്തി ജനങ്ങളെ സേവിക്കുന്നവരായി ഉയർന്നു പ്രവർത്തിക്കുന്നവരാണ് വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥർ. ഈകാര്യം വളരെ ഗൗരവമായി എടുത്തുകൊണ്ടും ഈ പഞ്ചായത്തിലെ വൈദ്യുതി എത്താത്ത മേഖലകളിൽ വൈദ്യുതി എത്തിക്കുന്നതിനും നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുമാവശ്യമായ നടപടികൾ സത്വരമാക്കുന്നതിന് കഴിയണം.

ഇന്ന് നിലവിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിന് പൊതുമാർക്കറ്റ് ഇല്ലാത്ത സ്ഥിതി നിലവിലുണ്ട്. അതുകൊണ്ട് തന്നെ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കൽപ്പറ്റ പട്ടണവുമായി ബന്ധപ്പെടേണ്ടി വരുന്നു. ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിനും നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ആമുഖമായി ഇത്രയും പറഞ്ഞുകൊണ്ട് നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതോടൊപ്പം പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ നിർമ്മിക്കുന്നതിനും പുഴകളുടേയും തോടുകളുടേയും പാലങ്ങൾ തീർത്തുകൊണ്ടും ഇവിടെ വിവരിക്കുന്ന ബസ് വെയിറ്റിംഗ് ഷെഡ്ഡുകളും, നടപ്പാതകളും, വൈദ്യുതിപ്രശ്നങ്ങളും മാർക്കറ്റും യാഥാർത്ഥ്യമാക്കി നമ്മുടെ ഗ്രാമ പഞ്ചായത്തിനെ വികസനപാതയിലേക്ക് കൊണ്ടു വരേണ്ടതിനാവശ്യമായ കൂട്ടായ ശ്രമവും ജനപങ്കാളിത്തവും ഉറപ്പുവരുത്തി മുന്നോട്ട് പോകുവാൻ കഴിയട്ടെ എന്നാശംസിച്ചുകൊണ്ടും താഴെ പറയുന്ന പ്രവർത്തികളുടെ വാർഡ് റിപ്പോർട്ടുകളുടെ ക്രോഡീകരിച്ചരൂപം ഇതോടൊപ്പം ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി നടക്കുന്ന പഞ്ചായത്ത് സെമിനാറിൽ ചർച്ചക്കായി സമർപ്പിക്കുന്നു.

എന്ന് വിശ്വസ്തതയോടെ
കൺവീനർ
സി. സി. ചാക്കോ

ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടതായ പ്രവർത്തിയിൽ ഉൾപ്പെടുന്ന റോഡുകൾ

1. ***P. W. D. റോഡ്*** - പിണങ്ങോട് - കണ്ണക്കാട് റോഡ് വീതികൂട്ടി, അഴുക്ക് ചാൽ നിർമ്മിച്ച്, സൈഡ് കെട്ടി റീ ടാർ ചെയ്യണം.
2. കൽപ്പറ്റ - പടിഞ്ഞാറത്തറ (P. W. D.) റോഡ് പിണങ്ങോട് ടൗൺ വീതി കൂട്ടി അഴുക്ക് ചാൽ നിർമ്മിച്ച്, കോട്ടത്തറ റോഡ് ജംഗ്ഷനിലും, അത്തിമൂല റോഡ് ജംഗ്ഷനിലും കൽവർട്ടുകൾ നിർമ്മിക്കുക.
3. മണിയൻകോട് - കോക്കുഴി - കരിങ്കുറ്റി റോഡ് - 4-കിലോ മീറ്റർ മെറ്റലിംഗ്, ടാർ ചെയ്യുക. കൽപ്പറ്റ മുനിസിപ്പാലിറ്റി, കോട്ടത്തറ, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതാണ്.
4. വെങ്ങപ്പള്ളി - മണിയൻകോട് - ചൂരിയറ്റ റോഡ് ടാർ ചെയ്യുക. കുറേ ഭാഗം റീടാർ ചെയ്യണം.
5. വെങ്ങപ്പള്ളി - ആനോത്ത് റോഡ് വീതി കൂട്ടി റീ ടാർ ചെയ്യണം. പൊഴുതന - വെങ്ങപ്പള്ളി പഞ്ചായത്തുകളെ ഒന്നിപ്പിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് ചെയ്യേണ്ടതായ റോഡുകൾ.

1. തെക്കുംതറ - മണിയൻകോട് റോഡ് 3 കിലോമീറ്റർ റീ ടാർ ചെയ്യണം. കൽപ്പറ്റ മുനിസിപ്പാലിറ്റിയെയും, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്നതാണ്.
2. താന്നിക്കമൂല (കാവുമന്ദം) - മാടക്കുന്ന് റോഡ് - 2.800 കിലോമീറ്റർ വീതി കൂട്ടി റീ ടാർ ചെയ്യണം.
3. വാവാടി - I. P. P. സെൻറർ - കോവക്കുനി സ്റ്റേഡിയം റോഡ് 1 കിലോമീറ്റർ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
4. മാടക്കുന്ന് - അയിക്കരപ്പടി - കാവുമന്ദം റോഡ് 2.500 കിലോമീറ്റർ ഗതാഗതയോഗ്യമാക്കണം. തരിയോട്, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു.

റോഡുകൾ

ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടതായ പ്രവർത്തികൾ

1. മൂരിക്കാപ്പ് - കൊടുങ്കയം - തെക്കുംതറ റോഡ് 4 കിലോമീറ്റർ സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് നടത്തണം. പഞ്ചായത്തിലെ 1, 6, 7 വാർഡുകളെ ബന്ധിപ്പിക്കുന്നതാണ്.
2. കാരാറ്റപ്പടി - കലാറ റോഡ് $1^1/_2$ കിലോമീറ്റർ മെറ്റലിംഗ് ടാറിംഗ് ചെയ്യണം. കോട്ടത്തറ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നു.
3. ചോലപ്പുറം - ഹൈസ്കൂൾ മുക്ക് (പാണ്ടിക്കടവ്) റോഡ് 3 കിലോമീറ്റർ ഗതാഗതയോഗ്യമാക്കണം.
4. പാലൂക്കര - മൈലാടിപ്പടി റോഡ് - 1 കിലോമീറ്റർ - ഗതാഗതയോഗ്യമാക്കണം.
5. മൂരിക്കാപ്പ് - അംബേദ്കർ റോഡ് 500 മീറ്റർ ഗതാഗതയോഗ്യമാക്കണം.
6. വെങ്ങപ്പള്ളി - ഓട്ടുപുറം റോഡ് - 1 കിലോമീറ്റർ - മെറ്റലിംഗ്, ടാർ ചെയ്യണം.
7. ചൂരിയാറ്റ - കൊടുങ്കയം - കരിമ്പാല കോളനിറോഡ് - 200 മീറ്റർ (ലിങ്ക് റോഡ്) മെറ്റലിംഗ്, ടാർ ചെയ്യണം.
8. പഞ്ചായത്ത് ഓഫീസ് - പന്തം കൊല്ലി - ചൂരിയാറ്റ റോഡ് $1^1/_2$ കിലോമീറ്റർ സോളിംഗ്, മെറ്റലിംഗ്, ടാർ ചെയ്യണം.
9. കാരപ്പടി - മാടക്കുന്ന് റോഡ് - $1^1/_2$ കിലോമീറ്റർ - സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് പ്രവർത്തി ചെയ്യണം. 7 - 8 വാർഡുകളെ ബന്ധിപ്പിക്കുന്നു.
10. കള്ളംതോട് - ചോലപ്പുറം റോഡ് - $1^1/_4$ കിലോമീറ്റർ - ടാർ ചെയ്യണം.
11. മരമൂല - പൊന്നൻങ്കോട് റോഡ് - 1.400 കിലോമീറ്റർ - ഗതാഗതയോഗ്യമാക്കണം. കോട്ടത്തറ പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്നു.
12. പുതുക്കുടി - കല്ലട കോളനിറോഡ് - 400 മീറ്റർ - മെറ്റലിംഗ്, ടാറിംഗ് നടത്തണം.
13. ഓടമ്പം, ഓട്ടുകമ്പനി റോഡ് - 600 മീറ്റർ - ഗതാഗതയോഗ്യമാക്കണം.

14. ചോലപ്പുറം - പിണങ്ങോട് മുക്ക് - 3 കിലോമീറ്റർ - റീ ടാർ ചെയ്യണം.
15. അപ്പണ വയൽ - മൈലാടി - കോളനി റോഡ് - 3 കിലോമീറ്റർ - റീ ടാർ ചെയ്യണം.

ഗ്രാമ പഞ്ചായത്ത് റോഡുകൾ

1. പിണങ്ങോട് ലക്ഷം വീട് കോളനി റോഡ് - 200 മീറ്റർ - ടാർ ചെയ്യേണ്ടതാണ്.
2. തെങ്ങുകണ്ടി - ബാവാടി റോഡ് - $1^1/_2$ കിലോമീറ്റർ - റീ ടാർ ചെയ്യേണ്ടതാണ്.
3. വെങ്ങപ്പള്ളി - മണ്ഡകപ്പാളി റോഡ് - $1^1/_2$ കിലോമീറ്റർ - ടാർ ചെയ്യണം.
4. ഓട്ടുപുറം - കാവും മൂട്ടിൽ കോളനിറോഡ് - 1 കിലോമീറ്റർ - ടാർ ചെയ്യണം.
5. ചിങ്ങോളിക്കുന്ന് - കോളനി റോഡ് - 1 കിലോമീറ്റർ - ടാർ ചെയ്യണം.
6. പുതുക്കുടി വായന ശാല - കുഴിക്കാട് കോളനി റോഡ് - 1 കിലോമീറ്റർ - ടാർ ചെയ്യണം.
7. വേലത്തൂർ കോളനി റോഡ് - 250 മീറ്റർ - ടാർ ചെയ്യണം.
8. കോടഞ്ചേരിക്കുന്ന് - മഞ്ഞിലേരി കോളനി റോഡ് - 1 കിലോമീറ്റർ - ടാർ ചെയ്യണം.
9. പുള്ളുന്നി - കള്ളംതോട് റോഡ് - $1^1/_2$ കിലോമീറ്റർ - ടാർ ചെയ്യണം.
10. കോക്കുഴി - എടക്കുനി റോഡ് - 500 മീറ്റർ - ഗതാഗതയോഗ്യമാക്കണം.
11. കോടഞ്ചേരിക്കുന്ന് - മുക്കുത്ത് വയൽ റോഡ് - 800 മീറ്റർ - ടാർ ചെയ്യണം.
12. നായാടി പൊയിൽ കോളനി റോഡ് - 600 മീറ്റർ - ടാർ ചെയ്യണം.
13. ചാമുണ്ഡം - കോളനി റോഡ് 250 മീറ്റർ - ഗതാഗതയോഗ്യമാക്കണം
14. മൂപ്പൻ കോളനി റോഡ് - 200 മീറ്റർ - ഗതാഗതയോഗ്യമാക്കണം.
15. മഠത്തിൽ കോളനിറോഡ് - 150 മീറ്റർ - ഗതാഗതയോഗ്യമാക്കണം.

പുതുതായി നിർമ്മാണം നടത്തേണ്ടതായ റോഡുകൾ

1. തെക്കും തറ - കരിക്കലോട് റോഡ് - $1^1/_2$ കിലോമീറ്റർ ദൂരം.
2. വെങ്ങപ്പള്ളി - മഞ്ഞിലേരി - അംബേദ്കർ കോളനി റോഡ്.
3. തോണിയമ്പം - എടകുനി റോഡ് - 1 കിലോമീറ്റർ - 25 % ജനങ്ങൾ ശ്രമദാനത്തിലൂടെ ചെയ്യുന്നതാണ്.
4. കാലാറ - കൊക്കോട്ടുൻമേൽ - കണ്ണച്ചൻ മൂല - കാരാറ്റപ്പടി - 4 കിലോമീറ്റർ.
5. അയനിക്കണ്ടി കോളനി റോഡ്.
6. നക്കാക്കുനി - കോളനി റോഡ്
7. അപ്പണ വയൽ കോളനി റോഡ്.
8. തോണിയമ്പം കോളനി റോഡ്
9. നരിക്കൊല്ലി വയൽ - കട്ട്യാലക്കുന്ന് റോഡ്.
10. വടക്കേവീട് കോളനി റോഡ്.
11. കുറിഞ്ഞിൻമേൽ കോളനി റോഡ്.
12. നാരങ്ങാക്കണ്ടി കോളനി റോഡ്.
13. പുഴക്കൽ - എടത്തറ കടവ് റോഡ്.
14. ചൂരിയാറ്റ - കരിയാം കണ്ടി റോഡ്.
15. കരിങ്ങാട് - മാമ്പിലിച്ച റോഡ്.
16. ചോലപ്പുറം - മൃഗാശുപത്രി - ചോലപ്പുറം അംഗനവാടി റോഡ്.
17. നൊട്ടൻവീട് - പനങ്കര - കുഴിക്കാട് റോഡ്.
18. കോവിലേരിക്കുന്ന് - കോളനി റോഡ്.

19. ഓടമൂട്ടിൽ അംഗനവാടി - പിണങ്ങോട് - നാട്ടിപ്പാറ റോഡ്.
20. മൈലാടിപ്പടി - പൂളക്കണ്ടി റോഡ്.
21. വെങ്ങപ്പള്ളി വില്ലേജ് - കപ്പാട് കുന്ന് റോഡ്.
22. അമ്പലക്കുന്ന് - വാളുമുക്ക് റോഡ്.
23. കാവുമൂട്ടിൽ - കോളനി റോഡ്.
24. പിണങ്ങോട് - മണ്ഡകവാളി - അത്തിമൂല - നിസ്കാരപ്പള്ളി റോഡ്.
25. മൂരിക്കാപ്പ് അംബേദ്കർ കോളനി റോഡിൽ നിന്ന് മണിയൻകോട് വെങ്ങപ്പള്ളി റോഡിലേക്ക് ബന്ധിപ്പിക്കുക.

അടിയന്തിരമായി നിർമ്മിക്കേണ്ടതായ പാലങ്ങൾ

1. മാമ്പിലിച്ച പുഴക്കടവിൽ വാഹനം കടന്നു പോകുന്ന രീതിയിൽ ഉള്ള പാലം നിർമ്മിക്കണം. കോട്ടത്തറ, തരിയോട്, വെങ്ങപ്പള്ളി പഞ്ചായത്തുകളെ ബന്ധിപ്പിക്കാൻ കഴിയുന്നതും വാളൽ, ചെന്നലോട്, പടിഞ്ഞാറത്തറ, തെക്കുംതറ, കോട്ടത്തറ, പള്ളിക്കുന്ന്, കമ്പളക്കാട് തുടങ്ങി പ്രധാന സ്ഥലങ്ങളിൽ എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്നു.

2. ചോലപ്പുറം - പാണ്ഡിക്കടവ് പുഴക്ക് പാലം നിർമ്മിക്കണം. കാവുമന്ദം, ചോലപ്പുറം, തെക്കുംതറ, മൂരിക്കാപ്പ്, മാടക്കുന്ന് തുടങ്ങി നിരവധി പ്രദേശങ്ങളെ ബന്ധിപ്പിക്കാൻ കഴിയുന്നു.

3. കരിക്കലോട് പുഴക്ക് പാലം നിർമ്മിക്കണം. കോക്കുഴി, മണിയൻകോട്, കരിങ്കുറ്റി, കണിയാമ്പറ്റ, തെക്കുംതറ തുടങ്ങി വിവിധ ഭാഗങ്ങളിൽ എത്തിച്ചേരാൻ ജനങ്ങൾക്ക് കഴിയുന്നതാണ്.

4. ചാമുണ്ഡം പുഴക്ക് പാലം നിർമ്മിക്കണം.
5. കോക്കുഴി പാലത്തിന് ഇരുവശവും കൈവരികൾ നിർമ്മിക്കണം.
6. കുഴിക്കാട് തോടിന് നടപ്പാലം നിർമ്മിക്കണം.
7. കല്ലട തോടിന് നടപ്പാലം നിർമ്മിക്കണം.
8. കുറുമപ്പാടി തോടിന് നടപ്പാലം നിർമ്മിക്കണം.
9. കൊടുങ്കയം തോടിന് നടപ്പാലം നിർമ്മിക്കണം.
10. കരിങ്ങാട് തോടിന് (മാമ്പിലിച്ച) നടപ്പാലം നിർമ്മിക്കണം.
11. മൂഴിമൂല തോടിന് നടപ്പാലം നിർമ്മിക്കണം.

വെയിറ്റിംഗ് ഷെഡ് നിർമ്മാണം

1. പിണങ്ങോട് ഹൈസ്കൂൾ കുന്ന് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
2. കോളനിമുക്ക് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
3. കോടഞ്ചേരിക്കുന്ന് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
4. മൈലാടിപ്പടി (തെക്കുംതറ) വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
5. പിണങ്ങോട് അങ്ങാടി തെക്കുംതറ ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
6. വെങ്ങപ്പള്ളി ടൗണിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
7. പിണങ്ങോട് ടൗണിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
8. M. H. നഗറിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
9. അംബേദ്കർ കോളനി ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
10. പഞ്ചായത്ത് ഓഫീസിന് മുൻവശം വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
11. അപ്പണ വയലിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
12. കുനിയിൽപ്പടി വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.

13. മാടക്കുന്ന് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
14. തെങ്ങുംകണ്ടി വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
15. ചോലപ്പുറം വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.

മണ്ണ് സംരക്ഷണം സൈഡ് കെട്ട്.

1. ഓടയമ്പം പൊയിൽ സൈഡ് കെട്ടണം.
2. കരാറ്റപ്പടി മുതൽ മാമ്പിലിച്ച വരെ തോടിന് സൈഡ് കെട്ടണം.
3. ആരിച്ചാലി തോട് സൈഡ് കെട്ടണം.
4. പാണ്ടിക്കടവ് തോട് സൈഡ് കെട്ടണം.
5. അംബേദ്കർ കോളനി തോട് സൈഡ് കെട്ടണം.
6. മൊട്ടത്താൻ തോട് സൈഡ് കെട്ടണം.
7. കുറിഞ്ഞിൻമേൽ തോട് സൈഡ് കെട്ടണം.
8. ചാമുണ്ഡം പുഴക്ക് സൈഡ് കെട്ടണം.
9. മാമ്പിലിച്ചി പുഴക്കടവ് മുതൽ ഒരുവുമ്മേൽ വരെ പുഴക്ക് സൈഡ് കെട്ടണം.
10. ചെക്ക് ഡാം മുത്താഴ്ശിക്കുണ്ടിന് സൈഡ് കെട്ടണം.
11. മണ്ഡകപ്പാളി തോടിന് സൈഡ് കെട്ടണം.
12. മൂരിക്കാപ്പ് തോടിന് സൈഡ് കെട്ടണം. സ്കൂളിന് സമീപം.
13. മഞ്ഞിലേരി തോടിന് സൈഡ് കെട്ടണം.

പഞ്ചായത്ത് നിർമ്മിക്കേണ്ടതായ ഫുട് പാത്തുകൾ

1. കുനിയിൽ പടി - നെല്ലിക്കാകുന്ന് നടപ്പാത.
2. വെങ്ങപ്പള്ളി താഴെ വയൽ നടപ്പാത.
3. ബാവാടി മാരൻ കുന്ന് നടപ്പാത.
4. അമ്പലക്കുന്ന് കോളനി - ചോലപ്പുറം നടപ്പാത. 200 മീറ്റർ
5. ഓടയമ്പം പൊയിൽ നടപ്പാത.
6. ഹൈസ്കൂൾ കുന്ന് - പിണങ്ങോട് നടപ്പാത.
7. അമ്പലപ്പടി, കണ്ണച്ചം മൂല നടപ്പാത.
8. പുലിക്കോമൂല നടപ്പാത.
9. ചോലക്കുന്ന് കോളനി നടപ്പാത.
10. പിലാച്ചേരി നടപ്പാത.
11. വെങ്ങപ്പള്ളി - അമ്പലക്കുന്ന് നടപ്പാത.
12. ചോലപ്പുറം അംഗൻവാടി - എടത്തറക്കാവ് നടപ്പാത.
13. മേച്ചേരിക്കുന്ന് തോട്ടം വീട് നടപ്പാത.
14. കോവിലേരി കുന്ന് കോളനി നടപ്പാത.
15. ദർസ് തോട്ടം നടപ്പാത.
16. കൊടുങ്കയം കോളനി നടപ്പാത.
17. കൊറ്റിക്കര കുന്ന് നടപ്പാത.
18. പുഷ്പത്തൂർ കോളനി നടപ്പാത.
19. തുർക്കിവയൽ നടപ്പാത.

20. കോടഞ്ചേരി മുക്കത്ത് വയൽ നടപ്പാത.
21. ഓടമൂട്ടിൽ നിരവത്ത് കുറിച്യ കോളനി നടപ്പാത.
22. തെക്കും തറ സ്കൂൾ കുന്ന് കോളനി നടപ്പാത.
23. വെങ്ങപ്പള്ളി ലാൻറ് ലസ്സ് വർക്കേർസ് കോളനി നടപ്പാത.
24. എരഞ്ഞി മൊട്ടം കുന്ന് കോളനി നടപ്പാത.
25. കൊറ്റിയോടുമ്മൽ കോളനി നടപ്പാത.
26. ചൂരിയാറ്റ നാല് സെൻറ് കോളനി നടപ്പാത.
27. കാവും മൂട്ടിൽ കോളനി നടപ്പാത.
28. വെങ്ങപ്പള്ളി ചന്തൻകോളനി നടപ്പാത.
29. മൂഴിമൂല കല്ലട നടപ്പാത.
30. കുമ്പളക്കുനി കൊക്കോട്ടുമ്മൽ നടപ്പാത.
31. മൊട്ടത്താൻ കുന്ന് മൈതാനി നടപ്പാത.
32. പുതുശ്ശേരികുന്ന് മാടക്കുന്ന് നടപ്പാത.
33. മയിലാടിപ്പടി കണ്ണച്ചം മൂല നടപ്പാത.
34. വെങ്ങപ്പള്ളി ഓട്ടുംപുറം കുന്ന് നടപ്പാത.
35. സ്കൂൾ കുന്ന് നടപ്പാത.
36. മൊട്ടൻ കുന്ന് പാമൽ കോളനി നടപ്പാത.

ഊർജ്ജം

1. കൽപ്പറ്റ ടെലിഫോൺ കാർട്ടേർസിന് മുൻ വശത്തുള്ള 11. K. V. ലൈൻ എക്സ്റ്റൻറ് ചെയ്ത് പുഴമുടി പാലത്തിനടുത്തുള്ള വൈത്തിരി ഫീഡറിൽ ബന്ധിപ്പിച്ച് വൈത്തിരി ഫീഡറിൽ തകരാറിലായാൽ കൽപ്പറ്റ ഫീഡർ ഉപയോഗിച്ച് ബദൽ സംവിധാനം ഏർപ്പെടുത്താം.
2. ജീർണ്ണിച്ച മൂവട്ടി പിണങ്ങോട് 11 K. V. ലൈൻ റീകണക്ഷൻ നടത്തുക.
3. പിണങ്ങോട് ഫീഡർ എക്സ്റ്റൻറ് ചെയ്ത് പഞ്ചായത്ത് ഓഫീസ് പടിക്കൽ കൃഷിക്ക് ഉപയുക്തമായ 63 K. V. ട്രാൻസ്ഫോമർ സ്ഥാപിച്ച് L. T. ലൈൻ എക്സ്റ്റൻറ് ചെയ്യുക.
4. പിണങ്ങോടിനും, വെങ്ങപ്പള്ളിക്കും ഇടയിൽ 11 K. V. ട്രാൻസ്ഫോമർ സ്ഥാപിക്കുക.
5. കാരാറ്റപ്പടി ട്രാൻസ്ഫോമറും കപ്പാസിറ്റി കൂട്ടി പിണങ്ങോട് നിന്ന് 11 K. V. ലൈൻ എക്സ്റ്റൻറ് ചെയ്ത് കാരാറ്റപ്പടി കൽപ്പറ്റ ഫീഡറിൽ ബന്ധിപ്പിച്ച് കൽപ്പറ്റ ഫീഡർ തകരാറായാൽ വൈത്തിരിഫീഡർ ഉപയോഗിച്ച് സപ്ലേ നിലനിർത്തുവാനുള്ള ബദൽ സംവിധാനം ഏർപ്പെടുത്താം.
6. പിണങ്ങോട് റോഡ് M. H. നഗർ ജംഗ്ഷനിൽ നിന്ന് ചോലപ്പുറം റോഡിൽ L. T. ലൈൻ ദീർഘിപ്പിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക.
7. പിലാച്ചേരികുന്ന് L. T. ലൈൻ ദീർഘിപ്പിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക.
8. പുതുക്കുടിക്കുന്നിൽ 3 ഫേസ് ലൈൻ എക്സ്റ്റൻറ് ചെയ്ത് കൊടുങ്കയം വരെയെത്തിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക.
9. കാരാറ്റപ്പടിയിൽ നിന്നും മാടക്കുന്നിലേക്കുള്ള L. T. ലൈനിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
10. കോട്ടത്തറ ലൈനിൽ അംബേദ്കർ കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
11. പൊന്നടയിൽ നിന്ന് ചൂര്യാറ്റയിലേക്ക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
12. വെങ്ങപ്പള്ളിയിൽ നിന്നും ബാവാടിയിലേക്കും , അത്തിമൂലയിലേക്കും, പുഴമുടിയിലേക്കും, പുഴമുടിയിൽ നിന്നും ബാവാടിയിലേക്കും സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.

13. നെല്ലിക്കകുന്നിലേക്ക് L. T. ലൈൻ ദീർഘിപ്പിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക.
14. മഞ്ഞിലേരി വയലിലേക്ക് 3 ഫേസ് L. T. ലൈൻ എക്സ്റ്റൻറ് ചെയ്ത് കൃഷിയാവശ്യത്തിന് ഉപയുക്തമാക്കുക.
15. പഞ്ചായത്തിലെ മുഴുവൻ ആദിവാസികോളനികൾ ലക്ഷം വീട് കോളനികൾ ഇവ വൈദ്യുതീകരിക്കുക.
16. സ്റ്റേഡിയം വൈദ്യുതീകരിക്കുക.
17. വെങ്ങപ്പള്ളി ഓട്ടും പുറം കുന്ന് റോഡിൽ ലൈൻ വർദ്ധിപ്പിച്ച് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.
18. ചോലപ്പുറം പാണ്ടിക്കടവ് പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
19. കാരാറ്റ - കാലാറ റോഡിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.
20. വെങ്ങപ്പള്ളി 4 സെൻറ് കോളനിയിൽ ലൈൻ എക്സ്റ്റൻറ് ചെയ്ത് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.
21. ചൂര്യാറ്റ 4 സെൻറ് കോളനിയിൽ ലൈൻ എക്സ്റ്റൻറ് ചെയ്ത് വൈദ്യുതീകരിക്കുക.

മാർക്കറ്റ്

1. പിണങ്ങോട് അങ്ങാടിയിൽ സ്ഥലം അക്വയർ ചെയ്ത് പൊതുമാർക്കറ്റ് സ്ഥാപിച്ചും, അതിനോടനുബന്ധിച്ച് കിണർ സ്ഥാപിക്കുകയും വേണം.



ഭവന നിർമ്മാണം - സാമൂഹ്യ ക്ഷേമം

11

ഭവന നിർമ്മാണം

1979 - ന് മുൻപ് കോട്ടത്തറ പഞ്ചായത്തിന്റെ ഭാഗമായിരുന്ന വെങ്ങപ്പള്ളി 1979- ൽ ആണ് പഞ്ചായത്ത് ആയി രൂപംകൊണ്ടത്. പഞ്ചായത്ത് രൂപം കൊണ്ട സമയത്ത് പാർപ്പിട സൗകര്യങ്ങൾ പഞ്ചായത്തിൽ വളരെ കുറവാ യിരുന്നു. ഓടിട്ട വീടുകളും, പുല്ലു പുരകളും, ഓലപുരകളും, ഷെഡ്ഡുകളുമായിരുന്നു കൂടുതൽ. ജീവിത സൗകര്യങ്ങൾ വർദ്ധിച്ചതിന്റെ ഭാഗമായി പഞ്ചായത്തിൽ പാർപ്പിടങ്ങളുടെ സൗകര്യത്തിലും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട്. ഓലപുരകളും, പുല്ലു പുരകളും, ഷെഡ്ഡുകളും ഇന്ന് പഞ്ചായത്തിൽ വളരെ കുറവാണ്. 1997 -ൽ വാടക വീടുകളിൽ താമസിക്കുന്നവർ വളരെ കുറവായിരുന്നു. എങ്കിലും ഇന്ന് വാടക വീട്ടിൽ താമസിക്കുന്നവരുടെ എണ്ണം കൂടുതലാണ്. 1985 - ന് മുമ്പ് ആദിവാസി വീടുകളൊഴിച്ച് മറ്റു വീടുകളുടെ ദൂരം വളരെ കൂടുതലായിരുന്നു. എന്നാൽ ഇന്ന് വീടുകൾ വളരെ അടുത്താണ്. പാർപ്പിടങ്ങൾ കൂടുന്നതുകൊണ്ടാണ് പാർപ്പിടങ്ങളുടെ ദൂരത്തിൽ ഈ വ്യത്യാസം കാണുന്നത്. പഞ്ചായത്തിൽ ഇടത്തരം കർഷകരും തൊഴിലാളികളും ആണ് സ്ഥിരതാമസക്കാരിൽ കൂടുതൽ.

പഞ്ചായത്തിൽ നിലവിലുള്ള വീടുകളുടെ വിവരങ്ങൾ

വാർഡ്	മൊത്തം വീടുകളുടെ എണ്ണം	കോൺക്രീറ്റ് വീടുകൾ	ഓട്	പുല്ല്	മറ്റുള്ളവ
1	357	20	249	78	10
2	467	42	363	60	-
3	340	35	218	87	-
4	223	3	182	38	-
5	240	20	150	66	4
6	314	32	257	22	3
7	319	11	225	60	23
8	310	85	182	43	-

നിലവിലുള്ള വീടുകളിൽ ഓടിട്ട വീടുകളാണ് കൂടുതൽ. കോൺക്രീറ്റ് വീടുകൾ വളരെ കുറവാണ്. നിലവിലുള്ള ആദിവാസി വീടുകളിൽ 30 ശതമാനവും ഉപയോഗശൂന്യമായവയാണ്. ആദിവാസി വീടുകൾ പാതുക്കി പണിയുന്നതിന് യാതൊരു സ്കീമും നിലവിലില്ല. ഇടത്തരക്കാരായ ജനങ്ങളുടെ പുല്ലുമേഞ്ഞ വീടുകൾ സ്ഥിരം പാർപ്പിട യോഗ്യമാക്കുന്നതിനും അനുയോജ്യമായ സ്കീമുകളും നിലവിലില്ല. പുതിയ പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വായ്പാസൗകര്യങ്ങളുടെ അപര്യാപ്തത ഒരു പ്രധാന ഘടകമാണ്.

വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ

വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ
40	35	5
20	8	2
15	15	-
20	15	5
15	15	-
25	20	5
30	25	5

പഞ്ചായത്തിൽ ഇനിയും ആവശ്യമായവീടുകളുടെ വിവരങ്ങൾ

വാർഡ്	വായ്പനൽകി അനുവദിക്കാവുന്ന വീടുകൾ	നിർദ്ധനരായ കുടുംബങ്ങൾക്ക് ആവശ്യമായ വീട്	S. C. S. T ക്ക് ആവശ്യമായ വീട്
1	100	50	75
2	100	75	75
3	100	75	25
4	125	75	34
5	125	75	34
6	150	75	125
7	150	75	104
8	125	50	100
ആകെ	975	550	575

പഞ്ചായത്തിൽ കുറഞ്ഞ വരുമാനക്കാർക്ക് വിവിധ ഇനത്തിൽ വായ്പ നൽകി വീടുകൾ ആവശ്യമുണ്ട് . പഞ്ചായത്തിൽ വീട് വെച്ചു താമസിക്കാൻ കഴിയാത്ത ദുർബ്ബല കുടുംബങ്ങൾ ഉണ്ട്. അവർക്ക് വീട് വെക്കുന്നതിൽ മുഴുവൻ സഹായവും നൽകേണ്ടതാണ്. പഞ്ചായത്തിലെ ആദിവാസികളായ കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ആവശ്യമുണ്ട്.

ഭൂമിയും പാർപ്പിട സൗകര്യങ്ങളുമില്ലാത്തവർ

വെങ്ങപ്പള്ളി പഞ്ചായത്തിൽ ഭൂമിയും പാർപ്പിട സൗകര്യങ്ങളും ഇല്ലാത്ത ഭൂരഹിതരായ 400 കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് വീടു വെക്കാനുള്ള സ്ഥലവും വീടും നൽകേണ്ടതാണ്. ഓരോ വാർഡിനും ചുരുങ്ങിയത് ഒരേക്കർ സ്ഥലം ഇതിനായി മാറ്റിവക്കേണ്ടതാണ്.

സാധ്യതകൾ

(1) പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റി രൂപീകരിച്ച് വീടുകൾ നിർമ്മിക്കുന്നതിന് വായ്പകൾ നൽകാവുന്നതാണ്.

(2) വായ്പകൾ ചുരുങ്ങിയത് അൻപതിനായിരം രൂപ വരെ ആക്കാം

(3) വായ്പകൾക്ക് സബ്സിഡി അനുവദിക്കാവുന്നതാണ്.

(4) വീടുകളുടെ നിർമ്മാണം ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന ആയിരിക്കണം.

(5) ആദിവാസികൾക്ക് കോൺക്രീറ്റ് വീടുകൾ നിർമ്മിക്കണം.

(6) നിലവിലുള്ള വീടുകൾ പുതുക്കി പണിയുന്നതിന് വായ്പകൾ ലഭിക്കണം.

(7) വീടുകൾ നിർമ്മിക്കുമ്പോൾ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

(8) വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഓട്, മണൽ, കല്ല്, ഇഷ്ടിക, മരം മുതലായവ പഞ്ചായത്തിൽ നിന്നു തന്നെ സ്വരൂപിക്കേണ്ടതാണ്.

(9) വീടു നിർമ്മാണത്തിന് മനുഷ്യാദ്ധ്വാനം ഉൾപ്പെടുത്തണം.

(10) വീടുകൾ നിർമ്മിക്കുമ്പോൾ സൗകര്യത്തോടു കൂടിയ ചെറിയ വീടുകൾ നിർമ്മിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമം

പഞ്ചായത്തിൽ ഇടത്തരം കൃഷിക്കാരും കർഷക തൊഴിലാളികളും ആണ് കൂടുതൽ പേരും. കർഷക തൊഴിലാളികൾക്ക് ഒക്ടോബർ, നവംബർ മാസങ്ങളിൽ തൊഴിൽ സാധ്യത കുറവാണ്. ഈ കാലങ്ങളിൽ ആദിവാസികളുടെയും തൊഴിലാളികളുടെയും ഇടയിൽ 50% പേർക്കും ദാരിദ്ര്യം അനുഭവപ്പെടുന്നതാണ്.

കാർഷിക മേഖലയിൽ കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കിയാൽ മാത്രമെ ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാവുകയുള്ളു.

സഹായധനങ്ങൾ, പെൻഷനുകൾ

I. R. D. P. പ്രകാരം 64 കുടുംബങ്ങൾക്ക് പഞ്ചായത്തിൽ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. വിവിധ പെൻഷൻ പ്രകാരം നാമമാത്രമായി മാത്രമെ സഹായം ലഭിച്ചിട്ടുള്ളു. വെങ്ങപ്പള്ളി പഞ്ചായത്തിൽ 1032 കുടുംബങ്ങൾക്ക് I. R. D. P പ്രകാരം ധനസഹായം ലഭിക്കേണ്ടതാണ്.

വികലാംഗ പെൻഷൻ

പഞ്ചായത്തിൽ വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. എല്ലാ വികലാംഗർക്കും പെൻഷൻ നൽകേണ്ടതാണ്.

വാർദ്ധക്യകാല പെൻഷൻ

വാർദ്ധക്യകാല പെൻഷൻ പഞ്ചായത്തിൽ 185 പേർക്കെങ്കിലും നൽകേണ്ടതാണ്.

വിധവാ പെൻഷൻ

വിധവാ പെൻഷൻ അർഹരായ 125 പേർ ഉണ്ട്.

കർഷകതൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ കർഷകതൊഴിലാളികളായ 475 പേർക്ക് അർഹതയുണ്ട്.

വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിന് ധനസഹായം

ഈ ഇനത്തിൽ ധനസഹായം ലഭിക്കുന്നവർ വളരെ കുറവാണ്. ധനസഹായം ലഭ്യമാക്കുന്ന നടപടികൾ ഉദാരമാക്കണം.

തൊഴിലില്ലായ്മ വേതനം

പഞ്ചായത്തിൽ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ 150 പേർക്കെങ്കിലും വേതനം ലഭിക്കാൻ അർഹതയുണ്ട്.

വിദ്യാഭ്യാസത്തിനുള്ള ധനസഹായം

ഉന്നതവിദ്യാഭ്യാസം ചെയ്യാൻ സാമ്പത്തികം ഇല്ലാത്ത കുട്ടികളെ പഠിപ്പിക്കുന്നതിന് വിദ്യാഭ്യാസ സാമ്പത്തിക സഹായം ലഭിക്കേണ്ട 300 കുട്ടികൾ ഉണ്ട്. ഇവർക്ക് സാമ്പത്തിക സഹായം അനുവദിക്കണം.

മരുന്ന് വാങ്ങാൻ ധനസഹായം

പഞ്ചായത്തിലെ നിത്യരോഗികളായ പാവപ്പെട്ടവർക്ക് മരുന്ന് വാങ്ങാൻ ധനസഹായമോ മരുന്നോ ലഭിക്കാൻ സൗകര്യം ഏർപ്പെടുത്തണം.

സൗജന്യ ചികിൽസ

പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സൗജന്യ ചികിത്സ ലഭിക്കുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തണം.

മഹിളാ സമാജങ്ങൾ

പഞ്ചായത്തിൽ 8 മഹിളാ സമാജങ്ങൾ ഉണ്ട്. പഞ്ചായത്തിൽ ഒരു മഹിളാ സമാജത്തിന് കെട്ടിടം ഉണ്ട്. എല്ലാ മഹിളാ സമാജത്തിനും സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.

അംഗൻവാടികൾ

പഞ്ചായത്തിൽ 11 അംഗൻവാടികളുണ്ട്. 2 -ാം വാർഡിലെ അംഗൻവാടിക്ക് കെട്ടിടം ഇല്ല. ആദിവാസി കോളനികളിൽ പ്രത്യേക അംഗനവാടികൾ വേണ്ടതാണ്. പഞ്ചായത്തിൽ 4 അംഗനവാടി കൂടി ആവശ്യമുണ്ട്. ഇതിൽ 1,2, 6,7 വാർഡുകളിൽ അംഗനവാടി ആവശ്യമാണ്.

അംഗന വാടികളുടെ പ്രവർത്തനം

(1) അംഗനവാടികളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉണ്ടാവണം.

(2) അംഗനവാടികളിൽ പ്രാഥമിക സൗകര്യം ഉണ്ടായിരിക്കണം

(3) അംഗനവാടികളിൽ കളിക്കോപ്പുകൾ ലഭ്യമാക്കണം.

(4) അംഗനവാടികളിൽ കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം ലഭ്യമാക്കണം.

(5) അംഗനവാടികളുടെ പ്രവർത്തനം പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാവണം.

(6) അംഗനവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും ആവശ്യമായ വേതനം നൽകുകയും വേണം.

പഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത രീതി ഉയർത്തുന്നതിന് ആവശ്യമായ പാർപ്പിട സൗകര്യങ്ങൾ ക്ഷേമ പ്രവർത്തനങ്ങൾ അനിവാര്യമാണ്. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും പാർപ്പിട സൗകര്യം ലഭിക്കുക എന്നതായിരിക്കണം 9-10 പഞ്ചവത്സരപദ്ധതിയുടെ നേട്ടം. ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക നേട്ടങ്ങൾ ഉയർച്ച 9-10 പഞ്ചവൽസര പദ്ധതിയിലൂടെ കൈവരിക്കുന്നതിന് സാധിക്കണം.

9-10 പദ്ധതി കഴിയുമ്പോൾ പാർപ്പിടത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടാത്ത ക്ഷേമ സൗകര്യങ്ങളോടു കൂടിയ ഗ്രാമവാസികൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ടാവണം.

സംസ്ക്കാരം

ചരിത്ര പശ്ചാത്തലം

വയനാടിന്റെ സാംസ്ക്കാരിക ചരിത്ര പശ്ചാതലത്തിൽ പരിശോധിക്കുമ്പോൾ വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിന് ഒറ്റപ്പെട്ട ഒരുന്നത ചരിത്ര പശ്ചാത്തലം അവകാശപ്പെടുവാൻ കഴിയില്ല. കാരണം വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് രൂപികരണം നനടന്നത് ഏതാനും വർഷങ്ങൾക്കു മുമ്പു മാത്രമാണ്.

വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ സാംസ്ക്കാരിക ചരിത്രം പരിശോധിച്ചാൽ മത- ജാതി വിഭാഗങ്ങളുടെ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട ഒരു പൂർവ്വ കാലവും, ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച ശേഷം കലാ സാംസ്ക്കാരിക സംഘടനകളുമായി ബന്ധപ്പെട്ട ഒരു മദ്ധ്യകാലവും കലാ സാംസ്ക്കാരിക രംഗം പ്രായേണ നിർജ്ജീവമായ ഒരാധുനിക കാലവുമാണ് നമ്മുടെ മുമ്പിലുള്ളത്.

പൂർവ്വകാലം

വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് പരിശോധിച്ചാൽ മത - ജാതി വിഭാഗങ്ങളെ അടിസ്ഥാനമാക്കി മൂന്ന് മേഖലകളായി തിരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ 3,4,5 വാർഡുകൾ അടങ്ങിയ മുസ്ലീം ഭൂരിപക്ഷ പ്രദേശം, 1, 2, 6 വാർഡുകളടങ്ങുന്ന ആദിവാസി ജനവിഭാഗങ്ങൾ കേന്ദ്രീകരിച്ച പ്രദേശം 7,8 വാർഡുകൾ അടങ്ങിയ ഹിന്ദു, ക്രിസ്റ്റ്യൻ പ്രദേശം എന്നിവയാണ് അത്. ഇവയിൽ മുസ്ലീം ദേവാലയങ്ങളുമായി ബന്ധപ്പെട്ട പിണങ്ങോട് പ്രദേശത്തിനും ആദിവാസി അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട ചോലപ്പുറം, ചൂരിയാറ്റ, കോക്കുഴി മേഖലകളും തെഴുതന ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട തെക്കുംതറ പ്രദേശത്തിനും മാടക്കുന്ന് സെൻറ് ആൻറണീസ് ദേവാലയവുമായി ബന്ധപ്പെട്ട നിലവിലുള്ള 8 ാം വാർഡ് പ്രദേശത്തിനും എടുത്തു പറയത്തക്ക പൈതൃകം അവകാശപ്പെടാവുന്നതാണ്. കൂടാതെ 1, 2 വാർഡ് പ്രദേശം മണിയങ്കോട് അമ്പലവുമായി ബന്ധപ്പെട്ടും 2, 3 വാർഡുകൾ പുഴമുടി, വെങ്ങപ്പള്ളി അമ്പലങ്ങളുമായി ബന്ധപ്പെട്ടും, 4, 5 വാർഡുകൾ പുത്തൻവീട് അമ്പലം, വിപുലായ രീതിയിൽ ആണ്ടു നേർച്ച നടക്കുന്ന മുസ്ലീം ദേവാലയം എന്നിവയുമായി ബന്ധപ്പെട്ടും 6 ാം വാർഡിൽ കുറിച്യ സമുദായം, പണിയ സമുദായം, കരിമ്പാല സമുദായം, ചോലപ്പുറം അമ്പലം പുതുക്കുടി കുന്ന് ശ്രീ കരിയാത്തൻ കാവ് എന്നിവയുമായി ബന്ധപ്പെട്ടും 7, 8 വാർഡുകളിൽ മാമ്പിലിച്ചിക്കാവ്, കൊക്കോട്ടുൻമൽ കാവ് എന്നിവയുമായി ബന്ധപ്പെട്ടും തെയ്യം, തിറ , മറ്റ് അനുഷ്ഠാന കലകൾ എന്നിവ വിപുലമായ രീതിയിൽ കൊണ്ടാടി നടത്തപ്പെട്ടിരുന്നു.

മദ്ധ്യകാലഘട്ടം

വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ കലാകായിക സാംസ്ക്കാരിക രംഗം ഏറ്റവും ഉജ്ജ്വലമായി നിലനിന്നിരുന്നത് സ്വാതന്ത്ര്യാനന്തര മദ്ധ്യ കാലഘട്ടത്തിലാണെന്ന് കാണാം. ഇക്കാലത്ത് ഈ കൊച്ചു പ്രദേശം അനേകം ലൈബ്രറികൾ, ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകൾ, നാടക സംഘങ്ങൾ, പ്രാദേശിക കലാസമിതികൾ, മഹിളാസംഘങ്ങൾ എന്നിവയുടെ സജീവ പ്രവർത്തനത്തിന് സാക്ഷ്യം വഹിച്ചിരുന്നതായി കാണാവുന്നതാണ്. ഇതിൽ ഏറ്റവും കൂടുതൽ പ്രവർത്തനം നടന്ന തെക്കും തറ ആർട്സ് ആൻറ് സ്പോർട്സ് ക്ലബിന്റെയും, തെക്കും തറ മഹിളാസമാജത്തിന്റെയും പൂർവ്വകാല ചരിത്രവുമായി ബന്ധപ്പെട്ട തെക്കുംതറ പ്രദേശത്തും, കോഴിക്കോട് ടൗൺഹാളിലടക്കം നാടകം അവതരിപ്പിക്കുവാൻ കഴിഞ്ഞ വടക്കേവീട് പ്രദേശത്ത് നിലനിന്നിരുന്ന നാടക സംഘം ബാവാടി, പിണങ്ങോട് , തെക്കുംതറ എന്നിവിടങ്ങിൽ നിലനിന്നിരുന്ന ലൈബ്രറികൾ- ചോലപ്പുറത്ത് നിലനിന്നിരുന്ന കലാസമിതി എന്നിവയുമായി ബന്ധപെട്ടാണ്. ഇക്കാലം പ്രധാനമായും മേൽപറഞ്ഞ സാംസ്ക്കാരിക സംഘടനകളുമായി ബന്ധപ്പെട്ട ഏറ്റവും സജീവമായ ഒരു ഗ്രാമീണ കലാസാംസ്ക്കാരിക രംഗം വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നിലനിന്നിരുന്നു.

ഇവയിൽ ഭൂരിപക്ഷം സംഘങ്ങളും കാലയവനിക്കുള്ളിൽ മറഞ്ഞുപോയെങ്കിലും പാരമ്പര്യം കാത്തു സൂക്ഷിച്ചുകൊണ്ട് തെക്കും തറ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നുവെന്നത് വളരെ അഭിമാനാർഹമായ ഒരു കാര്യമായി കാണാവുന്നതാണ്.

നിലവിലുള്ള അവസ്ഥ

മറ്റു വയനാടൻ പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കൊള്ളാവുന്ന ഒരു സാംസ്കാരിക പശ്ചാത്തലം നിലനിന്നിരുന്നുവെങ്കിലും കാലാനുസൃതമായി മറ്റുമേഖലകളിലെ പുരോഗതിയുമായി തട്ടിച്ചുപരിശോധിച്ചാൽ ഇന്നത്തെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക രംഗം ഒറ്റവാക്കിൽ

പറഞ്ഞാൽ പരിതാപകരമാണ്. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായി നേർ പകുതി ഭാഗത്തുമാത്രമേ സാംസ്കാരിക സ്ഥാപനങ്ങളുടെ സജീവത നിലനിൽക്കുന്നുള്ളൂ.

1 ഗ്രന്ഥശാലകൾ

നിലവിൽ പഞ്ചായത്തിൽ ഗ്രന്ഥശാലാ സംഘം രജിസ്ട്രേഷൻ നിലവിലുള്ള മൂന്നു ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുവെങ്കിലുമ ഇവ 1, 6, 7, 8 എന്നീ വാർഡുകളിലെ ജനങ്ങൾക്കുമാത്രമേ പ്രയോജനം ചെയ്യുന്നുള്ളൂ എന്ന് കാണാം. ഇവരുടെ വിവരങ്ങളടങ്ങിയ പട്ടിക താഴെ കൊടുക്കുന്നു.

1. യുവചേതന ഗ്രന്ഥശാല പുതുക്കുടിക്കുന്ന്, 6 ാം വാർഡ്, F ഗ്രേഡ്

2 യുവജന ഗ്രന്ഥശാല തെക്കുംതറ, 7 ാം വാർഡ്, F ഗ്രേഡ്

3 ഉദയാ ഗ്രന്ഥശാല മാടക്കുന്ന് 8 ാം വാർഡ്, F ഗ്രേഡ്

ഈ മൂന്നു ഗ്രന്ഥശാലകൾ പരിശോധിച്ചാൽ തന്നെ സാംസ്കാരിക രംഗത്തെ പിന്നോട്ട് പോക്ക് നമുക്ക് തിരിച്ചറിയാവുന്നതാണ്. ഏകദേശം കാൽനൂറ്റാണ്ട് പിന്നിട്ടു കഴിഞ്ഞ ഇവയ്ക്ക് ഗ്രന്ഥശാലാ സംഘത്തിന്റെ അവസാന ഗ്രേഡ് മാത്രമേ ലഭിച്ചിട്ടുള്ളൂ. വായനക്കാരുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ എണ്ണം, പുസ്തകങ്ങളുടെ എണ്ണം എന്നിവ കുറവാണ്. ഇവയിൽ ഒന്നിന് ഉദയാ മാടക്കുന്നിന് മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും നിലവിലുള്ളൂ. അതുതന്നെ വളരെ പഴക്കം ചെന്നതുമാണ്. ബാക്കി രണ്ടെണ്ണത്തിൽ ഒന്നിന് യുവചേതന പുതുക്കുടിക്കുന്നിന് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടു കാരണം കെട്ടിടം നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല. മൂന്നാമത്തേത് യുവജന , തെക്കുംതറക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലതാനും. ഒരു നാടിന്റെ സാംസ്കാരിക രംഗത്ത് ഗ്രന്ഥശാലകൾക്കുള്ള വലിയ പങ്കു പരിശോധിക്കുമ്പോൾ ഇവയുടെ പ്രവർത്തനം തന്നെ പോരായ്മകൾ ഉള്ളതായി കാണാം. ഇതിന്റെ പ്രധാന കാരണം സാമ്പത്തിക പരാധീനതകളാണ്. കൂടാതെ ഗ്രാമ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയില്ലായ്മ മൂലം ഗ്രന്ഥശാലകൾക്ക് ആകെ അനുവദിച്ചിരിക്കുന്നത് ഒരു പത്രം എന്ന തോതിലാണ്. തൊട്ടടുത്ത ഗ്രാമപഞ്ചായത്തുകൾ എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്പോർട്സ് ക്ലബ്ബുകൾക്കും മൂന്നും നാലും പത്രങ്ങൾക്കുള്ള പണം അനുവദിക്കുമ്പോഴാണിത് എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. (ഉദാ: കോട്ടത്തറ പഞ്ചായത്ത്) മേൽ പറഞ്ഞ ഗ്രന്ഥശാലകളുടെ പ്രവർത്തനം പ്രധാനമായും മൂന്ന് വാർഡുകളിലായി പരിമിതപ്പെട്ടിരിക്കുന്നു എന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ഗ്രാമപഞ്ചായത്തിന്റെ 1, 2, 3, 4, 5, എന്നീ വാർഡുകൾ ഉൾക്കൊള്ളുന്ന ഒരു വലിയ പ്രദേശം ഗ്രന്ഥശാലകൾ പോയിട്ട് ഒരു റീഡിംഗ് റൂം പോലും നിലവിലില്ലാത്തതാണ്. ഇതിൽ 5 ാം വാർഡ് പ്രദേശത്ത് ഒരു പഞ്ചായത്ത് ലൈബ്രറി നിനിന്നിരുന്നുവെങ്കിലും അത് നാമാവശേഷമായി തീരുകയാണ് ഉണ്ടായത്.

കലാരംഗം

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ കലാരംഗത്തു നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ക്ലബ്ബുകളുടെ വാർഷികാഘോഷങ്ങളിലും പ്രധാന ദേവാലയങ്ങളുടെ ഉൽസവ പരിപാടികളിലും, കാവുകളുടെ തിറ ഉൽഉവങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. സ്ഥിരമായി വാർഷികാഘോഷ പരിപാടികൾ നടത്തപ്പെടുന്ന ഒരൊറ്റ ആർട്സ് ക്ലബ്ബ് പോലും ഗ്രാമ പഞ്ചായത്തിൽ ഇല്ല. സ്ഥിരമായി നടക്കുന്ന കലാ പ്രവർത്തനം ദേവാലയങ്ങളുമായി ബന്ധപ്പെട്ടവ മാത്രമാണ്. ഇവയിൽ 5 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മുസ്ലീ ദേവാലയത്തിന്റെ ആണ്ടു നേർച്ച , മൂന്നിൽ സ്ഥിതിചെയ്യുന്ന ഹിന്ദു ദേവാലയത്തിന്റെ മണ്ഡലോൽസവം 7 ാം വാർഡിൽ സ്ഥിതിചയ്യുന്ന തെഴുതന ശ്രീ ഭഗവതി ക്ഷേത്രോൽസവം 8 ാം വാർഡിൽ സ്ഥിതി ചയ്യുന്ന ക്രിസ്റ്റ്യൻ ദേവാലയമായ സെൻറ് ആൻറണീസ് പള്ളി പെരുന്നാൾ എന്നിവയാണ് കലാരംഗത്ത് ശ്രദ്ധിക്കപ്പെടുന്നവ. കൂടാതെ കാവുകളിലെ തിറയുൽസവങ്ങളിൽ പുതുക്കുടിക്കുന്ന് ശ്രീ കരിയാത്തൻകാവ് തിറയുൽസവം തെക്കും തറ കൊക്കോട്ടുമ്മൽ തിറയുൽസവം എന്നിവയും ശ്രദ്ധിക്കപ്പെടുന്നവയാണ്.

ആദിവാസി ജനസമുദായങ്ങളുമായി ബന്ധപ്പെട്ട് ചോലപ്പുറം പ്രദേശത്ത് കുറിച്യ സമുദായത്തിന്റെയും എല്ലാ വാർഡുകളിലെയും പണിയ സമുദായങ്ങൾ കേന്ദ്രീകരിച്ച് അവരുടെയും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് ആദിവാസി ജനവിഭാഗത്തിന്റെ പ്രാചീന കലകൾ അരങ്ങേറാറുണ്ട്.

മറ്റ് കലാരംഗം പരിശോധിച്ചാൽ ശോചനീയമായ അവസ്ഥയാണ് നിലവിലുള്ളതെങ്കിലും തെക്കും തറ കേന്ദ്രീകരിച്ച് ഒരു വിധം നല്ല രീതിയിൽ പ്രവർത്തിക്കുന്നതും ഒരു വർഷം അനേകം വേദികളിൽ അരങ്ങേറാറുള്ളതുമായ ഒരു സ്ഥിരം നാടക സംഘം 'കീർത്തന തീയേറ്റേഴ്സ് തെക്കുംതറ' എന്ന പേരിൽ

പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ശുഷ്കമായ സജ്ജീകരണങ്ങളോടെയാണെങ്കിലും പൊന്നട കേന്ദ്രമായി ഒരു 'അമ്മൻകുടമാട്ട ടീം' പ്രവർത്തിച്ചു വരുന്നു.

ഒരൊറ്റ സിനിമാ ശാലയും നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തിൽ ഫിലിം സൊസൈറ്റികൾ, വീഡിയോ സെൻററുകൾ തുടങ്ങിയവയുടെ ഇല്ലായ്മ ദൃശ്യ മാദ്ധ്യമ രംഗത്തെ ശൂന്യമാക്കിയിരിക്കുകയാണ്. വലിയ ഇടത്തരം വീടുകളിൽ ടി. വിയും ഏകദേശം 99% വീടുകളിലും റേഡിയോയും എത്തിച്ചേർന്നിട്ടുണ്ട്.

കായികരംഗം

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൻെറ കായികരംഗം മറ്റു ദേശങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കൊള്ളാവുന്നത് എന്നു പറയാൻ കഴിയില്ലെങ്കിലും പഞ്ചായത്തിലെ പിണങ്ങോട് , തെക്കുംതറ പ്രദേശങ്ങൾ കേന്ദ്രീകരിച്ചു നടക്കുന്ന കായിക പ്രവർത്തനം അവിടങ്ങളിൽ നിലനിൽക്കുന്ന സ്പോർട്സ് ക്ലബ്ബുകളും മികച്ച പ്രവർത്തനത്താൽ ശ്രദ്ധിക്കപ്പെടുന്നവയുമാണ്. ഗ്രാമപഞ്ചായത്തിൽ 8 വാർഡുകളിലായി 9 സ്പോർട്സ് ക്ലബ്ബുകൾ നിലവിലുണ്ടെങ്കിലും 1 , 2 വാർഡുകളിലെ ഒരു വലിയ പ്രദേശത്ത് ഒരു രീതിയിലുമുള്ള കായിക പ്രവർത്തനങ്ങളും നടക്കുന്നില്ല എന്നറിയാൻ കഴിയുന്നു. നിലവിൽ വെങ്ങപ്പള്ളി പ്രദേശം കേന്ദ്രീകരിച്ചു ഫുട്ബോൾ, വോളിബോൾ കളികളും പിണങ്ങോട് കേന്ദ്രീകരിച്ചു ഫുട്ബോൾ ക്രിക്കറ്റ് കളികളും തെക്കുംതറ കേന്ദ്രീകരിച്ചു വോളിബോൾ ഫുട്ബോൾ കളികളും വേനൽകാലങ്ങളിൽ സജീവമാകാറുണ്ട്. പ്രവർത്തനത്തിൻെറ കാര്യത്തിൽ ഒരു വലിയ പാരമ്പര്യം കാത്തു സൂക്ഷിച്ചുകൊണ്ട് ഇപ്പോഴും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന 'തെക്കും തറ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബി'ൻെറ മികച്ച പ്രവർത്തനം എടുത്തു പറയേണ്ടതാണ്. തുടർച്ചയായി 34 വർഷത്തോളമായി തെക്കുംതറ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം സംസ്ഥാനതല ടൂർണ്ണമെൻറുകൾക്കു വരെ വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിൽ വേദിയൊരുക്കുന്നു എന്നത് വളരെ അഭിമാനാർഹമായ ഒരു കാര്യമാണ്. കൂടാതെ പിണങ്ങോട് കേന്ദ്രമായി വർഷംതോറും നടന്നുവരുന്ന ഫുട്ബാൾ ടൂർണമെൻറ് ഗ്രാമപഞ്ചായത്തിലെ കായിക പ്രേമികൾക്ക് വളരെയധികം ആവേശം പകരുന്നതാണ്. ഇതിനു നന്ദി പറയേണ്ടത് ജോളി ബ്രദേഴ്സ് ക്ലബ്ബിനോടാണ്

കായിക രംഗത്ത് നലവിലുള്ള ഏറ്റവും വലിയ പ്രശ്നം നമ്മുടെ കളിക്കളങ്ങളുടെ ശോചനീയാവസ്ഥയാണെന്നു കാണാൻ കഴിയാവുന്നതാണ്.

എടുത്തു പറയേണ്ട മറ്റൊരു കാര്യം സർക്കാർ തലത്തിൽ നടന്നു വരുന്ന കായിക മൽസരങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ ജനപങ്കാളിത്തം വേണ്ടത്ര രീതിയിലുണ്ടാവാറില്ല എന്നതാണ്. കായികരംഗത്തെ അർഹിക്കുന്ന പ്രാധാന്യത്തോടെ ഭരണാധികാരികൾക്ക് കാണാൻ കഴിയാത്തതാണ് ഇതിനു പ്രധാന കാരണമായി ചൂണ്ടികാണിക്കപ്പെടുന്നത്. കൂടാതെ കക്ഷിരാഷ്ട്രീയാതിപ്രസരം വളർന്നുവരുന്ന കായിക പ്രതിഭകളെ പ്രതികൂലമായി ബാധിക്കുന്നതായും പരാതിയുയർന്നുവന്നിട്ടുണ്ട്.

പ്രധാന നിർദ്ദേശങ്ങൾ

1 നിലവിലുള്ള എല്ലാ സാംസ്കാരികസ്ഥാപനങ്ങൾക്കും ഏറ്റവും കുറഞ്ഞത് മൂന്നു ദിന പത്രങ്ങൾ എന്ന തോതിൽ ഗ്രാമ പഞ്ചായത്തു ഫണ്ടുപയോഗിച്ചു നൽകണം.

2 നിലവിലുള്ള ഗ്രന്ഥശാലകൾക്ക് അടിയന്തിര പ്രാധാന്യത്തോടെ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകണം.

3 എല്ലാ സാംസകാരിക സ്ഥാപനങ്ങൾക്കും പ്രവർത്തനത്തിനാവശ്യമായ വാർഷിക ഗ്രാൻറുകളും സ്പോർട്സ് ഗെയിംസ് ഉപകരണങ്ങളും വിതരണം നടത്തണം.

4 എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കും ടി.വി അനുവദിക്കണം.

5 അടിയന്തിര പ്രാധാന്യത്തോടെ ഒരു പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം.

6 നിലവിൽ പിണങ്ങോട് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് മിനി സ്റ്റേഡിയം അടിയന്തിരമായി മണ്ണിട്ടു നികത്തി ഉപയോഗയോഗ്യമാക്കണം. സ്റ്റേജിന് മേൽപ്പുര, ഗ്രീൻറൂം എന്നിവ നിർമ്മിക്കണം. ചുറ്റുമതിൽ നിർമ്മിക്കുകയും സ്റ്റേഡിയത്തിലേക്ക് വാഹനങ്ങൾക്ക് പ്രവേശിക്കത്തക്ക രീതിയിൽ റോഡും തയ്യാറാക്കണം.

7. നിലവിലുള്ള ചോലപ്പുറം സ്റ്റേഡിയം പുഴക്കു ഭിത്തി നിർമ്മിച്ചു മണ്ണിട്ടു നികത്തി ഉപയോഗയോഗ്യമാക്കണം. നിലവിലുള്ള റോഡു നന്നാക്കുകയും പഞ്ചായത്തുതല പരിപാടികൾക്ക് യോജിക്കത്തക്ക രീതിയിൽ ഒരു സ്റ്റേജ്, ഗ്രീൻ റൂം എന്നിവ നിർമ്മിക്കണം. ഗ്രാമീണ ജനങ്ങൾക്ക് വിശ്രമിക്കാൻ പറ്റുന്ന രീതിയിൽ ഈ സ്റ്റേഡിയത്തിനനുബന്ധമായി ഒരു ഗ്രാമീണ പാർക്ക് നിർമ്മിക്കാവുന്നതാണ്.

8 . പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുകയും ഇവയെ C0-Ordinate ചെയ്ത് ഒരു പഞ്ചായത്തു നിലയം സ്ഥാപിക്കുകയും വേണം.

സാംസ്കാരിക നിലയങ്ങളിൽ

* ലൈബ്രറി ഉണ്ടായിരിക്കണം.
* സ്പോർട്സ്, ആർട്സ് ക്ലബ്ബുകൾ ഉണ്ടായിരിക്കണം.
* ഒരു മൊബൈൽ ലൈബ്രറി ഉണ്ടായിരിക്കണം.
* കൃഷി പരിശീലന കേന്ദ്രം ഉണ്ടായിരിക്കണം.
* ശിശു മന്ദിരം ഉണ്ടായിരിക്കണം.
* ടെലിവിഷൻ, റേഡിയോ, ടെലഫോൺ എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കണം.
* സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രം ഉണ്ടായിരിക്കണം.
* ഒരു ആദിവാസി കലാ പഠന കേന്ദ്രം ഉണ്ടായിരിക്കണം.
* സംഗീതോപകരണങ്ങൾ, കലാകായിക ഉപകരണങ്ങൾ എന്നിവ ഉണ്ടായിരിക്കണം.
* കലാരംഗത്ത് പരിശീലനം നേടിയവരെ സാംസ്കാരിക നിലയങ്ങളിൽ നിയമിക്കണം.
* ഒരു ദൃശ്യ കലാവേദി ഉണ്ടായിരിക്കണം.

9 എല്ലാ വാർഡുകളിലും ഓരോ കളിസ്ഥലങ്ങൾ നിർമ്മിക്കണം.

10 ദൂരദർശൻ പരിപാടികൾ കുട്ടികളെയും യുവജനങ്ങളെയും ഏറ്റവും സ്വാധീനിക്കുന്നു എന്നതിനാൽ സാംസ്കാരിക ഉന്നമനത്തിനുതകുന്ന രീതിയിൽ സർക്കാറിടപെടലോടെ നിലവാരം ഉയർത്തണം.

വനിതാ ക്ഷേമം

കേരള വികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നത് തന്നെയാണ്. സമൂഹത്തിൽ പകുതിയിലധികം വരുന്ന ഒരു ജനവിഭാഗം വികസന പ്രവർത്തനങ്ങളിൽ നിന്നും മാറി നിൽക്കുകയാണ്. ഇതിൽ നിന്ന് ഒരു മാറ്റം വരാതെ കേരളത്തിന്റെ പുരോഗതി സാധ്യമല്ല തന്നെ. ഭരണരംഗങ്ങളിലും മറ്റും 30 % സ്ത്രീകൾക്കുള്ള സംവരണം കൊണ്ടുവരണമെന്ന് തന്നെയാണ് വെങ്ങപ്പള്ളി പഞ്ചായത്തിലെ സ്ത്രീകളുടെ അഭിപ്രായം.

വെങ്ങപ്പള്ളി പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിൽ താഴെയാണ് സ്ത്രീ ജനങ്ങൾ. ഈ പഞ്ചായത്തിനെ സംബന്ധിച്ച് ആദിവാസി വിഭാഗങ്ങളെ മാറ്റി നിർത്തിയാൽ വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകളും പുരുഷൻമാരും തുല്യ അനുപാതമാണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് പഞ്ചായത്തിലെ സ്കൂളുകളിൽ പെൺകുട്ടികൾ ആണ് കൂടുതലുള്ളത്. ആരോഗ്യ കാര്യങ്ങളിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ മോശമായ അവസ്ഥയിലാണ്. വിദ്യാഭ്യാസമുണ്ടായിട്ടും വരുമാനമുള്ള ജോലികളിലേർപ്പെടുന്ന സ്ത്രീകളും കുറവാണ്. വീട്ടു ജോലികൾ കഴിഞ്ഞ് സ്ത്രീകൾക്ക് മറ്റു തൊഴിലുകളിൽ ഏർപ്പെടാൻ സമയക്കുറവ്, സർക്കാർ ജോലി അല്ലെങ്കിൽ സ്ത്രീയെ പുറമേ പോകാൻ കുടുംബനാഥൻമാർ അനുവദിക്കായ്ക, തൊഴിലിൽ ഏർപ്പെടാനുള്ള വിമുഖത തുടങ്ങിയവയാണ് ഇതിന് കാരണം.

ഈ പഞ്ചായത്തിലെ സ്ത്രീകളിലധികവും കാർഷിക മേഖലയിലാണ് പണിയെടുക്കുന്നത്. പക്ഷെ അടുത്ത കാലങ്ങളിലായി സ്ത്രീകൾക്ക് തൊഴിൽ സാധ്യതകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവർ പ്രധാനമായും ജോലി ചെയ്തിരുന്ന മേഖലയായ നെൽകൃഷി കുറഞ്ഞതും പരമ്പരാഗത കൈതൊഴിലുകൾ നശിച്ചതും സ്ത്രീകളുടെ തൊഴിൽ സാധ്യതയെ ഇല്ലാതാക്കിയതിന് കാരണമാണ്. പല മേഖലകളിലും ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീയും പുരുഷനും അവർക്കു ലഭിക്കുന്ന വേതനത്തിൽ വളരേയേറെ വ്യത്യാസം കാണുന്നു. സ്ത്രീക്ക് പുരുഷനേക്കാൾ കൂലി കുറവാണ്. പ്രത്യേകിച്ച് തൊഴിലില്ലാത്ത എന്നു പറയുന്ന സ്ത്രീകളും അവരുടെ വീട്ടു ജോലിക്കു പുറമെ ആടുമാടുകളെ സംരക്ഷിക്കുക, പുരയിട കൃഷികളിൽ സഹായിക്കുക എന്നിങ്ങനെയുള്ള ജോലികൾ ചെയ്യാറുണ്ട്. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾ ധാരാളമുണ്ട്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടികൾ ഉണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാണെന്ന് പറയാൻ നിർവ്വാഹമില്ല. പോഷകാഹാരക്കുറവ് പലർക്കും ഉള്ളതായി കാണുന്നുണ്ട്. പല അംഗൻവാടി കെട്ടിടവും അടിയന്തിരമായി റിപ്പേർ നടത്തേണ്ടതുണ്ട്. കൂടാതെ കിണർ, കക്കൂസ് തുടങ്ങിയവ ഇല്ലാത്ത അംഗൻവാടികൾക്ക് അവ എത്രയും പെട്ടെന്ന് നിർമ്മിച്ചു കൊടുക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ 2 ാം വാർഡിൽ ഉള്ള അംഗൻവാടി ഒരാദിവാസി കോളനിയിലാണ് പ്രവർത്തിക്കുന്നത്. കോളനിയിലുള്ള കുട്ടികൾ അല്ലാത്ത കുട്ടികൾ ഈ അംഗൻവാടിയിൽ വരുന്നില്ല. മറ്റുള്ള കുട്ടികൾക്കും അംഗൻവാടിയിൽ എത്താൻ സൗകര്യപ്രദമായ ഒരു സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് അംഗൻവാടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. അംഗൻവാടികളിൽ കളിക്കോപ്പുകളും പഠനോപകരണങ്ങളും നിർബന്ധമായും നൽകേണ്ടതാണ്.

പഞ്ചായത്തിൽ DWCRA യുടെ പ്രവർത്തനം സജീവമല്ല. വനിതാ വ്യവസായങ്ങൾ ഇവിടെയില്ല. വിവിധ സംഘടനകളിൽ നാമമാത്രമായി സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. ബഹുജന സംഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. പൊതു രംഗത്ത് സ്ത്രീകൾ വരാതിരിക്കുന്നതിന് കാരണംക ുടുംബങ്ങളിൽ നിന്ന് സ്ത്രീകളെ അതിന് അനുവദിക്കായ്ക, അപവാദമുണ്ടാകുമെന്ന ഭയം, സമയക്കുറവ്, സാമ്പത്തിക പരാധീനത, സഹകരണ മില്ലായ്മ, വിമുഖത തുടങ്ങിയവയാണ്. ഇതിന് പരിഹാരമായി ബോധവൽക്കരണ സെമിനാറുകൾ പഞ്ചായത്തി ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക, കുടിൽ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക തുടങ്ങിയവയാണ്.

പഞ്ചായത്തിൽ മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കുകയും കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുകയും ചെയ്താൽ അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കും

ഈ പഞ്ചായത്തിലും സ്ത്രീധനത്തിന്റെ പേരിൽ പീഠനങ്ങൾ അനുഭവിക്കുന്നുണ്ട്. സ്ത്രീകളോട് അക്രമ പ്രവർത്തനങ്ങൾ നടത്താറുണ്ട്. ഇതിനൊരു പരിഹാരമായി സാമൂഹ്യബോധവൽക്കരണം നടത്തുക., ഫാമിലി കൗൺസിലിങ്ങ് വ്യാപിപ്പിക്കുക തുടങ്ങിയവ ചെയ്യണം. കൂടാതെ അശ്ലീല പോസ്റ്ററുകൾ ഒഴിവാക്കാൻ സെൻസറിംഗ് നടത്തുക, ഇതുപോലുള്ള പോസ്റ്ററുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. സമൂഹത്തിൽ അവഗണന അനുഭവിക്കുന്നവർക്ക് (അവിവാഹിതരായ അമ്മമാർ തുടങ്ങിയവർ) പാർപ്പിട സൗകര്യം ജീവനോപാധികൾ മുതലായവ നൽകാൻ ശ്രദ്ധിക്കണം. അതുപോലെ തെറ്റുകളിൽ നിന്നും രക്ഷപ്പെടുത്താൻ ബോധപൂർവ്വമായ ഇടപെടലുകളും ആവശ്യമാണ്.

പൊതു സ്ഥലങ്ങളിൽ നിർബന്ധമായും പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുവാൻ പഞ്ചായത്ത് മുൻ കൈ

എടുക്കണം. മൂത്രപ്പുരകൾ ഇല്ലാത്തതിന്റെ പേരിൽ സ്ത്രീ ജനങ്ങളനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വളരെയാണ്. ചിലപ്പോൾ അവരെ രോഗികളാക്കാൻ ഈ അവസ്ഥയും കാരണമാകും.

നിർദ്ദേശങ്ങൾ

I വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

(1) വാഴനാരുകൊണ്ട് കൗതുകവസ്തുക്കളുടെ നിർമ്മാണം:- ഇത് വ്യവസായമായി വളരാൻ സാധ്യതയുള്ള പഞ്ചായത്താണിത്. വാഴകൃഷി ധാരാളമുള്ളതുകൊണ്ട് ഇവിടെ ഇതിന് സാധ്യത ഏറുന്നു. ആദിവാസി അമ്മമാർക്കും ധാരാളം ജോലി ഇതു മൂലം ഉണ്ടാകുന്നു. 1 ാം വാർഡിൽ നിന്നും ഈ വ്യവസായത്തിന് താൽപര്യമുള്ള സ്ത്രീകൾ മുന്നോട്ടു വന്നിട്ടുണ്ട്.

(2) ഫ്ളോർമില്ല്:- നെല്ലു കുത്ത്, ധാന്യങ്ങൾ പൊടിക്കൽ മുതലായവയ്ക്ക് സാധ്യതയുണ്ട്. 8ാം വാർഡിൽ നിന്നും സ്ത്രീകൾ ഇതിന് മുന്നോട്ടു വന്നിട്ടുണ്ട്. അവർക്ക് അതിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.

(3) കൃഷി ഭവൻ മുഖേന വിതരണം നടത്തുന്നതിനാവശ്യമായ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി സ്ത്രീകളുടെ നേതൃത്വത്തിൽ നേഴ്സറി തുടങ്ങാനാവശ്യമായ സഹായം ചെയ്തു കൊടുക്കാം. അങ്ങനെയാണെങ്കിൽ പഞ്ചായത്തിനാവശ്യമായ എല്ലാവിധ തൈകളും ഗുണമേൻമ ഉറപ്പു വരുത്തി കർഷകർക്ക് ലഭിക്കും. കുറെ സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കും. പൂച്ചെടികളുടെ നേഴ്സറിയും ഇതുപോലെ തുടങ്ങാം.

(4) തയ്യൽ, മെഴുകുതിരി നിർമ്മാണം തുടങ്ങിയ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാം.

(5) പച്ചക്കറി തോട്ട നിർമ്മാണം:- പഞ്ചായത്തിൽ സ്ത്രീകൾക്ക് പച്ചക്കറി തോട്ടം നിർമ്മിക്കാനുള്ള ഭൗതിക സാഹചര്യം ഉണ്ടാക്കികൊടുക്കണം. (ഗുണമേൻമയുള്ള വിത്ത്, ജലസേചന സൗകര്യം തുടങ്ങിയവ)കൂടാതെ ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനും പഞ്ചായത്തിൽ തന്നെ ഒരു സഹകരണ സ്ഥാപനം തുടങ്ങാനും അതുവഴി പഞ്ചായത്തിനാവശ്യമായ മുഴുവൻ പച്ചക്കറിയും ഇവിടെത്തന്നെ ഉണ്ടാക്കാനും സാധിക്കും.

II സ്വയം തൊഴിൽ

(1) പശു വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവക്ക് വീട്ടമ്മമാർക്ക് ധനസഹായം നൽകിയാൽ പുറത്തുപോയി പണിയെടുക്കാൻ സാധിക്കാത്ത അമ്മമാർക്ക് സാമ്പത്തിക ഉയർച്ച ഉണ്ടാകും.

(2) പഞ്ചായത്തിലെ ആദിവാസി സ്ത്രീകളിൽ വലിയൊരുപങ്ക് പരമ്പരാഗതമായ കൈതൊഴിലുകൾ അറിയാവുന്നവരാണ്. ഇവർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുക. ഈ പഞ്ചായത്ത് ഒരു കാർഷിക മേഖല ആയതുകൊണ്ട് കൃഷിക്കാർക്കാവശ്യമായ കുട്ട, മുറം, പരമ്പ്, പൊലിപാറ്റി തുടങ്ങിയ കാർഷികോപകരണങ്ങൾ ഇവിടെ നിർമ്മിക്കാൻ സാധിക്കും. ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ മുള, കൈത തുടങ്ങിയത് പഞ്ചായത്തിനുള്ളിൽ തന്നെ ഉണ്ടാക്കിയെടുക്കാൻ സാധിക്കും. പഞ്ചായത്ത് ഭരണ സമിതി മുൻകൈയെടുത്ത് മുള, കൈത തുടങ്ങിയവയുടെ തൈകൾ ശേഖരിച്ച് പഞ്ചായത്തിലെ സന്നദ്ധ സംഘടനകൾ , ക്ലബ്ബുകൾ, മഹിളാസമാജങ്ങൾ എന്നിവക്ക് നൽകുക. അത് പഞ്ചായത്ത് ഭരണ സമിതി കാണിച്ചുകൊടുക്കുന്ന പുറമ്പോക്കു ഭൂമികളിൽ നട്ടുപിടിപ്പിച്ചാൽ മുളയും, കൈതയും ഇവിടെത്തന്നെ കിട്ടുമല്ലോ. കൂടാതെ പുഴയുടെ സൈഡുകളിൽ ഇവ നട്ടു പിടിപ്പിച്ചാൽ പുഴയുടെ സൈഡ് ഇടിയുന്നതിൽ നിന്നും രക്ഷ കിട്ടും. ഇത് ആവശ്യക്കാർക്ക് ലേലം വിളിച്ച് പഞ്ചായത്തിന് വിൽപ്പന നടത്തിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇതുപോലൊരു കൈതൊഴിൽ വികസിപ്പിച്ചെടുത്താൽ വളരേയേറെ ആദിവാസി സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്നതാണ്. വളരെ പ്രാധാന്യത്തോടെ നടപ്പാക്കേണ്ട ഒരു കുടിൽ വ്യവസായമാണിത്.

(3) തേനീച്ച വളർത്തൽ ഒരു കുടിൽ വ്യവസായമായി വളർത്തിയെടുക്കാം. ഇതിനാവശ്യമായ സഹായം ബന്ധപ്പെട്ടവർ ചെയ്യണം.

പരമ്പരാഗത വ്യവസായത്തിൽ നവീകരണം വരുമ്പോൾ സ്ത്രീകൾക്ക് പ്രാധാന്യം നൽകണം. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം. റേഷൻ കടകളിൽ നിന്നും ലഭിക്കുന്ന അരി മിക്കപ്പോഴും മൃഗങ്ങൾപോലും കഴിക്കാൻ മടുപ്പുള്ളവാക്കുന്നതും മണം കൊണ്ട് മനം മടുക്കുന്നതുമാണ്. ഇത് സ്ത്രീകൾക്കാണ് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നത്. ഇത് പ്രത്യേക പരിഗണയിലെടുത്ത് റേഷൻ വിതരണത്തിൽ ഗുണമേൻമയുള്ള അരിവിതരണം നടത്താൻ ശ്രദ്ധിക്കണം. പഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി ബോധവൽക്കരണ സെമിനാറുകൾ നടത്തേണ്ടതാണ്. അതുപോലെതന്നെ നേതൃത്വ പരിശീലനം നൽകുന്നതിന് പഞ്ചായത്ത് മുൻകൈയെടുക്കണം. പല സ്ത്രികളും പ്രവർത്തനരംഗത്ത് വരാൻ തയ്യാറാണെങ്കിലും അറിവില്ലായ്മ കൊണ്ടും അന്തർമുഖത്വം കൊണ്ടും വിട്ടുനിൽക്കുകയാണ്. നേതൃത്വ പരിശീലനം കൊണ്ടിത് മാറ്റിയെടുക്കാം.

വെങ്ങപ്പള്ളി പഞ്ചായത്തിലെ സ്ത്രീകളുടെ സമഗ്രമായതല്ലെങ്കിലും ഏകദേശ രൂപത്തിലുള്ള ഒരു റിപ്പോർട്ടാണിത്. ഇതിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാവുകയാണെങ്കിൽ പഞ്ചായത്തിലെ ഏകദേശ സ്ത്രീകളും വികസന പ്രക്രിയയിൽ പങ്കാളികളായി എന്നു പറയാൻ കഴിയും.

സഹകരണം

14

വെങ്ങപ്പള്ളി പഞ്ചായത്തിൽ ഇപ്പോൾ അഞ്ച് സഹകരണ സ്ഥാപനങ്ങളാണുള്ളത്. വെങ്ങപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, തെക്കും തറ സർവീസ് സഹകരണ ബാങ്ക്, കോട്ടത്തറ ക്ഷീര വ്യവസായ സഹകരണസംഘം, വെങ്ങപ്പള്ളി വില്ലേജ് ഇൻറസ്ട്രിയൽ സഹകരണ സംഘം, കോക്കുഴി ഹരിജൻ സഹകരണ സംഘം എന്നിവയാണ് അവ. ഇവയിൽ വെങ്ങപ്പള്ളി സഹകരണ ബാങ്ക് ആദ്യകാലത്തെ റൂറൽ ബാങ്ക് രൂപാന്തരപ്പെട്ടുണ്ടായതാണ്. വെങ്ങപ്പള്ളി പഞ്ചായത്തിൻെറ 1 മുതൽ 6 വാർഡുകളാണ് ഇതിൻെറ പ്രവർത്തന മേഖല. നിലവിൽ 2692 മെമ്പർമാരും 13 ലക്ഷം രൂപ ഓഹരി മൂലധനവുമുണ്ട്. 31 ലക്ഷം രൂപ കാർഷിക വായ്പ ഇനത്തിലും 7.3 ലക്ഷം രൂപ പ്രത്യേക വായ്പകളായും 0.45 ലക്ഷം രൂപ IRDP ,ICDP, LT എന്നീ സ്കീമുകളിലും ഇവിടെ നിന്ന് വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. 42 ലക്ഷം രൂപ നിക്ഷേപമുണ്ട്. പണമിടപാടുകൾക്ക് പുറമെ വളം ബിസിനസും, ഓണ ചന്തകളും നടത്തി വരുന്നു. സമീപകാലത്തായി ഈ ബാങ്കിൻെറ പ്രവർത്തനം വളരെ നന്നായിട്ടുണ്ട്. പഞ്ചായത്തിലെ 7, 8 വാർഡുകളിൽ പ്രവർത്തന പരിധിയുള്ള തെക്കുംതറ സർവീസ് സഹ: ബേങ്ക് 1959 - ൽ വിവിധോദ്ദേശ ഐക്യ നാണയ സംഘമായിട്ടാണ് ആരംഭിച്ചത്. 1962 - ൽ സർവ്വീസ് ബേങ്കായി ഉയർത്തപ്പെട്ടു. 1124 മെമ്പർമാരും 3.75 ലക്ഷം ഓഹരി മൂലധനവുമുള്ള ഈ ബാങ്കിൽ നിന്ന് കാർഷിക വായ്പാ ഇനത്തിൽ 26.7 ലക്ഷം രൂപയും മറ്റു വായ്പകളായി 22.8 ലക്ഷം രൂപയും വിതരണം ചെയ്തു വരുന്നു. 49 ലക്ഷം രൂപ നിക്ഷേപമുണ്ട്. ചെറുതെങ്കിലും ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്.

കോട്ടത്തറ ക്ഷീര വ്യവസായ സഹ:സംഘം പ്രതിദിനം 450 ലിറ്റർ പാൽ സംഭരിക്കുന്നു. ഇതിൽ 50 ലിറ്ററോളം ലോക്കൽ മാർക്കറ്റിലും ബാക്കി മറ്റു സ്ഥലങ്ങളിലും വിറ്റഴിക്കുന്നു. കോട്ടത്തറ ഡാം, പിണങ്ങോട് എന്നിവിടങ്ങളിൽ ഇതിന് കലക്ഷൻ സെൻററുകളുണ്ട്. സാധാരണ കൃഷിക്കാർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഉപാധിയായി ഈ സ്ഥാപനം പ്രയോജനപ്പെടുന്നു.

ഖാദി ആൻറ് വില്ലേജ് ഇൻറസ്ട്രീസിൻെറ കീഴിൽ വെങ്ങപ്പള്ളിയിൽ ആരംഭിച്ച വ്യവസായ സ്ഥാപനമാണ് വെങ്ങപ്പള്ളി വില്ലേജ് ഇൻറസ്ട്രീസ് സഹ: സംഘം. (VICOS) ഓട്, ഇഷ്ടിക എന്നിവ നിർമ്മിച്ച് വിൽപന നടത്തുന്ന ഈ സ്ഥാപനം 1984 -ൽ ആണ് ആരംഭിച്ചത്. തുടക്കത്തിൽ 10 ജീവനക്കാർ ഉണ്ടായിരുന്നു. ഇപ്പോൾ 40 ജീവനക്കാരും 621 ഷെയർ ഉടമകളുമുണ്ട്. ഇവിടെ നിന്ന് നിർമ്മിക്കപ്പെടുന്ന ഓടുകൾ നല്ല ഗുണനിലവാരമുള്ളതും വില താരതമ്യേന കുറവുമാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഈ സ്ഥാപനം കുറെയെല്ലാം പ്രയോജനപ്പെടുന്നു. പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ ഇവിടെ സൃഷ്ടിക്കപ്പെടുന്നു.

സഹകരണ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാവേണ്ടതുണ്ട്. കാർഷികോൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് ഇവിടെ ഇപ്പോഴും സ്വകാര്യ മേഖല തന്നെയാണ് പ്രവർത്തിക്കുന്നത്. തൻമൂലം കർഷകർ ചൂഷണം ചെയ്യപ്പെടുന്നുണ്ട്.

പരിഹാര നിർദ്ദേശങ്ങൾ:-

1. പഞ്ചായത്തിലുള്ള 2 സർവ്വീസ് സഹകരണ ബേങ്കുകളുടെ വക വാർഡുകൾ തോറും കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക.

2. കാർഷിക മേഖലയായ വെങ്ങപ്പള്ളി പഞ്ചായത്തിൽ കാർഷിക വിഭവങ്ങൾ ശേഖരിച്ചു വിപണനം നടത്തുന്നതിന് സഹകരണ സംഘം രൂപീകരിക്കുക.

3. ക്ഷീര വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ആവശ്യക്കാർക്ക് മുഴുവൻ കറവമാടുകളെ വാങ്ങാൻ ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

4. സഹകരണ അടിസ്ഥാനത്തിൽ വെങ്ങപ്പള്ളിയിൽ കാലിതീറ്റ ഫാക്ടറി ആരംഭിക്കുക.

5. വീട് നിർമ്മാണത്തിന ഒരു ഭവന നിർമ്മാണ സഹകരണ സംഘം തുടങ്ങണം.

6. സഹകരണ അടിസ്ഥാനത്തിൽ ഒരു കോളേജ് സ്ഥാപിക്കുക.

7. സഹകരണ അടിസ്ഥാനത്തിൽ I T I സ്ഥാപിക്കുക.

8. വെങ്ങപ്പള്ളി സർവ്വീസ് സഹകരണ ബേങ്കിൻെറ ഒരു ശാഖ വെങ്ങപ്പള്ളിയിൽ ആരംഭിക്കുക യാണെങ്കിൽ 1, 2, 3 വാർഡുകളിലെ മെമ്പർമാർക്ക് ഇടപാടുകൾ നടത്തുന്നതിന് സൗകര്യമായിരിക്കും.

9. കോക്കുഴിയിലെ ഗിരിജൻ സഹകരണ സംഘം ഇഷ്ടിക യൂണിറ്റ് വികസിപ്പിച്ചുകൊണ്ട് വരുക. പുഴമുടിയിലെ ഹരിജൻ, ഗിരിജൻ സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10. വനിത സഹകരണ സംഘങ്ങൾ എല്ലാ വാർഡുകളിലും രൂപീകരിച്ചു പ്രവർത്തനം ആരംഭിക്കുക. പഴം പച്ചക്കറി സംസ്കരണ യൂണിറ്റ്, മെഴുകുതിരി യൂണിറ്റ്, തീപ്പെട്ടി നിർമ്മാണ യൂണിറ്റ്, വാഴനാര് ഉപയോഗിച്ചു കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുക. മസാലപ്പൊടി, ചിപ്പ്സ് , ബേക്കറി, അച്ചാർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക. തയ്യൽ ക്ലാസ്സ് ആരംഭിക്കുക, ട്യൂഷൻ സെൻറററുകൾ ആരംഭിക്കുക, എന്നിവ സഹകരണ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുക.

പട്ടിക ജാതി/പട്ടിക വർഗ്ഗ ഗ്രൂപ്പ്

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ ജനസംഖ്യകൊണ്ടും, ഭൂവിസ്തീർണ്ണം കൊണ്ടും ചെറിയ പഞ്ചായത്താണ് വെങ്ങപ്പള്ളി. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 30 ശതമാനത്തിലധികം വരും പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ എണ്ണം 1991 ലെ സെൻസസ് പ്രകാരം 2265 ആണ് പട്ടിക വർഗ്ഗക്കാരുടെ എണ്ണം (പുരുഷൻമാർ 1156, സ്ത്രീകൾ 1109) പട്ടിക ജാതിക്കാരുടെ എണ്ണം 307 ആണ്. (പുരു: 154, സത്രീകൾ 153)

പണിയർ, കുറിച്ച്യർ, കാട്ടുയായ്ക്കർ എന്നീ പട്ടിക വർഗ്ഗക്കാർ ഇവിടെ താമസിക്കുന്നു. (പണിയർ 650 കുടുംബം, കുറിച്ച്യർ 125 കുടുംബം, കാട്ടു നായ്ക്കർ 12 കുടുംബം, ഊരാളി 2 കുടുംബം)

കരിമ്പാലൻമാരും പുലയരുമാണ് പട്ടിക ജാതിക്കാർ 100 കുടുംബം (പുരു: 70, കരിംമ്പാലൻമാർ 30 കുടുംബം)

ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ് ഈ വിഭാഗക്കാർ. കുറിച്ച്യ സമുദായക്കാർ മാത്രമാണ് കുറച്ചെങ്കിലും ഭൂമി കൈവശമുള്ളവർ. മറ്റുള്ളവരെല്ലാം കർഷകതൊഴിലാളികളാണ്. വയൽ കൃഷിയുമായി ബന്ധപ്പെട്ടതാണ് ഇവരുടെ തൊഴിൽ. നെൽ കൃഷി കഴിഞ്ഞാൽ ഇവർ തൊഴിൽ രഹിതരായിത്തീരുന്നു. തൊഴിലില്ലാത്ത മൺസൂൺ കാലത്താണ് ഇവരുടെ ഇടയിൽ പട്ടിണിയും മറ്റസുഖങ്ങളും കണ്ടു വരുന്നത്. പരിസര ശുചീകരണമില്ലായ്മ, മാലിന്യമുള്ള കുടിവെള്ളം എന്നിവയാണ് ഇവരിൽ കാണുന്ന സാംക്രമിക രോഗങ്ങളുടെ പ്രധാന കാരണങ്ങൾ. ഇവരെല്ലാവരും തന്നെ കർഷകതൊഴിലാളികളായതിനാൽ കൃഷിയോടനുബന്ധിച്ച തൊഴിൽ മാത്രമാണ് ഇവിടുത്തെ സാഹചര്യത്തിൽ ആവിഷ്കരിക്കാനുള്ളത്. ഇവരിൽ ഭൂരിഭാഗവും ഭൂരഹിതരും, ഭവന രഹിതരുമാണ്.

1 ഭവന നിർമ്മാണം

ഈ വരുന്ന പഞ്ചവൽസര പദ്ധതിക്കാലത്ത് പട്ടിക വർഗ്ഗക്കാർക്ക് 280 വീടുകളും, പട്ടിക ജാതിക്കാർക്ക് 30 വീടുകളും പുതുതായി നിർമ്മിച്ചു നൽകണം. ഈ വീടുകളുടെ മേൽക്കൂര കോൺക്രീറ്റായിരിക്കണം. വീടുകളോടനുബന്ധിച്ച് കക്കൂസ്, കുളിമുറി, പുകയില്ലാത്ത അടുപ്പ് എന്നിവ നിർമ്മിക്കണം.

വീടുകളുടെ നിർമ്മാണം ഗുണഭോക്താക്കളുടെ പൂർണ്ണ സഹകരണത്തോടെ, അതത് വാർഡുകളിൽ രൂപീകരിച്ചിട്ടുള്ള ആസൂത്രണ സമിതികളുടെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം. (നോമിനി, കോൺട്രാക്റ്റ് സമ്പദായം പൂർണമായി എടുത്തു കളയണം) ഇവരുടെ ഇടയിൽ ബോധവൽക്കരണം നടത്തി നിലവിൽ സ്വന്തമായി വീടുകളുള്ള 500 കുടുംബങ്ങൾക്ക് കക്കൂസ് അനുവദിക്കണം.

പുതുതായിവീട് വെക്കണമെന്ന് മേൽ നിർദ്ദേശിച്ചവരിൽ 75ശതമാനം പേരും ഭൂരഹിതരാണ്. ഇവർക്ക് ചുരുങ്ങിയത് 15 സെൻറ് ഭൂമി വാങ്ങി നൽകിയായിരിക്കണം വീട് വെക്കേണ്ടത്.

പട്ടിക വർഗ്ഗക്കാരുടെ നിലവിലുള്ള 240 വീടുകളും , പട്ടിക ജാതിക്കാരുടെ 25 വീടുകളും പദ്ധതിക്കാലത്ത് നിർബന്ധമായും നന്നാക്കേണ്ടതാണ്.

2 കുടിവെള്ളം

താഴെ പറയുന്ന കോളനികളിൽ കുടിവെള്ളത്തിനായി കിണർ കുഴിക്കണം.

* പുതുക്കുടി, ഓടമ്പം, മഠത്തിൽ പണിയകോളനി
* മാരൻ കുന്ന് പണിയ കോളനി
* കല്ലട, ചൂര്യാറ്റ കരിമ്പാലൻ കോളനി, നാട്ടിപ്പാറ ഓടയോട്ടുമ്മൽ, ആലക്കണ്ടി, ചേനേറ്റ, അമ്പലക്കുന്ന്
* നൊട്ടൻവീട്, സ്കൂൾകുന്ന്, കൊളപ്പറ്റ, മാതലോട്,
* കോവിലേരിക്കുന്ന്, കള്ളൻ തോട്, ചീങ്ങോളി ക്കുന്ന്, ഇരിങ്കാണിക്കുന്ന്

നിർദ്ദിഷ്ട ചോലക്കുന്ന് വാട്ടർ സപ്ലൈ സ്കീമിൻെറ (പരിധിയിൽ താഴെപ്പറയുന്ന കോളനികൾക്ക് കുടിവെള്ളം കിട്ടും എന്നുറപ്പ് വരുത്തേണ്ടതാണ്.നാരങ്ങക്കണ്ടി, വടക്കേ വീട്, അപ്പണവയൽ മേലെ, താഴെ കോളനികൾ, ചോലക്കുന്ന്, ഊരംകുന്ന് എന്നിവ.)

താഴെപ്പറയുന്ന കോളനികളിൽ കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് കുടിവെള്ളമെത്തിക്കണം.

1. ഓടമൂട്ടിൽ വടക്കേക്കുന്ന് കുറിച്യ കോളനി

2. ഐനിക്കണ്ടി കുറിച്ച്യകോളനി

3. ഗാന്ധിനഗർ അംബേഡ്കർ കോളനിയിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം കൂടുതൽ ഫലവത്താക്കണം (കോളനിയിലെ ഒരന്തേവാസിയെത്തന്നെ പമ്പ് പ്രവർത്തിപ്പിക്കാൻ ഏൽപ്പിക്കണം)

4. കോളനികളുടെ പൂർണ്ണ സഹകരണത്തോടെ താഴെ പറയുന്ന കിണറുകൾ നന്നാക്കണം (റിംഗ് സിമൻറ്, ഇഷ്ടിക മുതലായവ ഇവർക്ക് ലഭ്യമാക്കണം)

Ward I കുഴിക്കാട്, തോണിയമ്പം, കൊടുങ്കയം, കോക്കുഴി, എന്നീ പണിയ കോളനികൾ

Ward II വൈലത്തൂർ, നാക്കാക്കുനി, ചോലക്കുന്ന്, വടക്കേവീട്, കോളനികൾ

Ward IV മഞ്ഞിലേരി കോളനി

Ward VII മരമ്മൂല കോളനി

3. വൈദ്യുതി

വൈദ്യുതീകരിക്കാത്ത മുഴുവൻ കോളനികളും വൈദ്യുതീകരിക്കണം, ഒന്നോ രണ്ടോ പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിച്ചാൽ വൈദ്യുതി ലഭ്യമാക്കാൻ കഴിയാവുന്ന കോളനികൾക്ക് മുൻഗണന നൽകണം. അത്തരം കോളനികളുടെ പേര് താഴെ ക്കൊടുക്കുന്നു.

Ward I കോക്കുഴി, ചാമുണ്ടം, കൊടുങ്കയം, കുഴിക്കാട്ട്, പുതുക്കുടിക്കുന്ന്, മഠത്തിൽ, തോണിയമ്പം, ഓടമ്പം

Ward II ചോലക്കുന്ന്, അപ്പണവയൽ, നാക്കാക്കുനി, വേലത്തൂർ, വടക്കേവീട്, നാരങ്ങാക്കണ്ടി, മാരൻ കുന്ന്

Ward IV പിലാച്ചേരികുന്ന് (പാറോപ്പടി) കുറിച്ച്യകോളനി, മഞ്ഞിലേരി പണിയ കോളനി

Ward V കുറിഞ്ഞിമ്മൽ കുറിച്ച്യകോളനി

Ward VI നാരങ്ങാക്കണ്ടി, വാഴറ്റ, കളത്തിൽ, കല്ലട, ചൂര്യാറ്റ, വടക്കേകുന്ന്, ഓടയോട്ടുമ്മൽ, ചൂര്യാറ്റ കരിമ്പാലൻ കോളനി, ആലക്കണ്ടി

Ward VII മരമൂല, മൊട്ടൻ കുന്ന്, മാമ്പിലിച്ച, കൊളപ്പറ്റ, കണ്ണച്ചൻമൂല ചണ്ണൻ കോളനി, കോടഞ്ചേരി, മാതലോട്, കരിക്കിലോട്, ചമ്പാട്ട്, നൊട്ടൻ വീട്, സ്കൂൾ കുന്ന്, പുഷ്പത്തൂർ

Ward VIII കോവിലേരി, ഐനിക്കണ്ടി, കൊറ്റിയോട്, പുത്തൻ മിറ്റം, ചീങ്ങോളിക്കുന്ന്, നായാടിപ്പൊയിൽ, ഇരിങ്ങാണിക്കുന്ന്

തെരുവ് വിളക്കുകൾ : താഴെപ്പറയുന്ന കോളനികളിലേക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണം

1. ഗാന്ധിനഗർ അംബേഡ്കർ കോളനി

2. നായാടിപ്പൊയിൽ കോളനി

4. റോഡ്

ആദിവാസി കോളനികളിലേക്ക് മാത്രം ഉപയോഗിക്കാവുന്ന റോഡുകളുടെ (ലിങ്ക് റോഡ്) വിവരം താഴെ കൊടുക്കുന്നു.

Ward I മൂപ്പൻ കോളനി റോഡ്, മഠത്തിൽ, തോണിയമ്പം, ചാമുണ്ടം, കൊടുങ്കയം

Ward II അപ്പണ വയൽ മേലെ കോളനി, നാക്കാക്കുനി കോളനി

Ward IV പള്ളിത്താഴെ മുതൽ ബാലവാടി വരെ

Ward VI കല്ലട കോളനിറോഡ്, കുറിഞ്ഞിമ്മൽപടി, ആലക്കൊല്ലി റോഡ്

Ward VII തെക്കുംതറ - കരിക്കിലോട്ട് റോഡ്, കോതമംഗലംവഴി

Ward VIII കോവിലേരി കോളനിറോഡ്, ഐനിക്കണ്ടി കുറിച്ച്യ കോളനി, കൊറ്റിയോട്ട് കോളനിറോഡ്

താഴെപ്പറയുന്ന കോളനികളിലേക്ക് ഫുട്പാത്ത് അനുവദിക്കണം

Ward II ചോലക്കുന്ന്, വടക്കേവീട്, മാരൻ കുന്ന്

Ward VI നമ്പൂരിക്കണ്ടി, നെരവത്ത് കോളനി, ഓടമൂട്ടിൽ വടക്കേകുന്ന് കോളനി

Ward VII കോടഞ്ചേരി കോളനി, പുഷ്പത്തൂർ കോളനി

താഴെ പറയുന്ന റോഡുകൾ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതാണ്

Ward

2 വേലത്തൂർ കോളനി റോഡ്

4 ഗാന്ധിനഗർ അംബേഡ്കർ കോളനി റോഡ്

6 ചൂര്യാറ്റകരിമ്പാലൻ കോളനി റോഡ്

7 നായാടിപ്പൊയിൽ കോളനി റോഡ്, കാവുംമന്ദം - ചോലപ്പുറം റോഡ്

പാലം

Ward I ചെറിയ പുഴക്ക് കുറുകെ ചാമുണ്ടികടവിൽ സ്ഥിരമായ പാലം പണിയുക.

5. ജലസേചനം

1. പണി മൂർത്തിയായ നാട്ടിപ്പാറ, ഓടമൂട്ടിൽ, കോളനികളിലെ കുളങ്ങളിൽ നിന്ന് കൃഷിയാവശ്യത്തിന് വെള്ളം പുറത്തേക്ക് പമ്പ് ചെയ്യുന്നതിന് മോട്ടോർ സ്ഥാപിക്കുക.

2. ഓടയോട്ടുമ്മൽ കുളം പണി പൂർത്തിയാക്കുക.

3. ആലക്കണ്ടി, നിരവത്ത് കോളനികളിൽ പാതിയ കുളം കുഴിക്കുക.

4. നിലവിലുള്ള ഓടമൂട്ടിൽ മിനി അണക്കെട്ടിന്റെ ചോർച്ച തടയുന്നതിന് പുതുതായി ചീർപ്പ് സ്ഥാപിക്കുകയും ,കനാൽ നന്നാക്കുകയും ചെയ്യുക.

6. മൽസ്യം

മേൽപറഞ്ഞ കുളങ്ങളിൽ മൽസ്യം വളർത്തുന്നതിന് സൗജന്യമായി മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

7. മണ്ണ് സംരക്ഷണം

Ward

I ചാമുണ്ടം പുഴയുടെ കരയിൽ സൈഡ് ഭിത്തി കെട്ടി ഭൂമിയും വീടുകളും സംരക്ഷിക്കുക.

2 ഓടമ്പം കോളനിക്ക് പുഴയരികിൽ സൈഡ് ഭിത്തി കെട്ടുക.

6 മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ഓടമൂട്ടിൽ തോട്ടരികിലും, വലിയ പുഴയുടെ ഓരങ്ങളിലും മുള, ഈറ്റ തീറ്റപ്പുല്ല്, കൈത എന്നിവ വച്ച് പിടിപ്പിക്കുക. (മുള, ഈറ്റ, കൈത തുടങ്ങിയവ ഉപയോഗിച്ച് പായ,പനമ്പ്, കൊട്ട തുടങ്ങിയവ നിർമ്മിച്ച് പരമ്പരാഗത കൈതൊഴിൽ വികസിപ്പിക്കാവുന്നതാണ്.)

8 ഇരിങ്ങാണിക്കുന്ന് കോളനിക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുക

8. കൃഷി

1 എല്ലാ SC/ST കുടുംബങ്ങൾക്കും നിർബന്ധമായി അടുക്കളത്തോട്ടം ഉണ്ടാക്കുന്നതിന് നടപടിയുണ്ടാകണം

2 വയലും തോട്ടവുമുള്ള ആദിവാസി കുടുംബങ്ങൾക്ക് കൃഷി ആദായകരമാക്കുന്നതിന് കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യേണ്ടതാണ്. (പവർ ട്രില്ലർ, സ്പ്രെയർ മുതലായവ)

3 സർവ്വേ നടത്തി മാത്രമായിരിക്കണം നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നത്.

4 നെൽകൃഷി ലാഭകരമാക്കുന്നതിന് പൊതു ഞാറ്റടി സമ്പ്രദായം പ്രോൽസാഹിപ്പിക്കണം, എള്ള്, പയർ, തുടങ്ങിയ കടും കൃഷി നടത്തുന്നതിന് സൗകര്യമുണ്ടാക്കണം. നെൽകൃഷി കഴിഞ്ഞാലുള്ള ഇടക്കാലത്ത് വയലുകളിൽ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപടി വേണം. കാർഷിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് കൃഷി ഭവന്റെ നേതൃത്വത്തിൽ വാർഡ് തല ജനകീയ ഉപദേശക സമിതി രൂപീകരിക്കണം.

9. തൊഴിൽ, സഹകരണം

1 ഐ. ആർ. ഡി. പി ധനസഹായം ഉപയോഗിച്ച് ആട്, പശു, കോഴി എന്നിവ വളർത്തുന്നതിന് തൽപരരും അർഹരുമായവരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

2. തയ്യൽ, കൊട്ടനെയ്ത്ത്, കസേര നെയ്ത്ത്, ആശാരിപ്പണി, എന്നിവയിൽ പരിശീലനം നൽകി തൊഴിൽ നൽകാൻ

പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ സംഘം രൂപീകരിക്കണം.

3 പരമ്പരാഗത കൈത്തൊഴിലുകൾ പ്രോൽസാഹിപ്പിച്ച് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും കൂടി മേൽ സംഘത്തെ ഉപയോഗപ്പെടുത്തണം. കൂടാതെ പരമ്പരാഗത തൊഴിലിലും പരിശീലനം നൽകാവുന്നതാണ്.

4 കുറച്ച് യുവാക്കൾക്ക് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ പരിശീലനം നൽകി പിണങ്ങോട് ടൗണിൽ ഒരു ഓട്ടോമൊബൈൽ വർക്ക്ഷാപ്പ് തുടങ്ങുക.

10. വിദ്യാഭ്യാസം

1 1 - ാം വാർഡിൽ നിർദ്ദിഷ്ട DPEP സ്കൂളിന്റെ പ്രവർത്തനം ഉടനെ തുടങ്ങണം.

2 വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു രക്ഷിതാക്കളുടെയിടയിൽ ബോധവൽക്കരണ പരിപാടി ആരംഭിക്കണം

3 പഞ്ചായത്തിലെ രണ്ട് മേഖലകളിൽ ആശ്രമ സ്കൂളുകൾ സ്ഥാപിക്കണം (GRBT)

4 പണിയ വിഭാഗക്കാർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ പണമായി കൊടുക്കുന്നതിന് പകരം, പഠനോപകരണങ്ങളും വസ്ത്രങ്ങളുമായി നൽകണം.

5 ചൂര്യാറ്റ, കോവിലേരിക്കുന്ന് എന്നിവിടങ്ങളിൽ പുതിയ അംഗൺവാടികൾ നിർമ്മിക്കണം.

6 നിലവിൽ പ്രവർത്തിക്കുന്നതും കെട്ടിടമില്ലാത്തതുമായ മുഴുവൻ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകണം.

7 നിലവിലുള്ള അംഗൺവാടികളിലെ കുട്ടികളുടെ വിനോദത്തിനായി ആവശ്യമായ കളിക്കോപ്പുകളും മറ്റും വിതരണം ചെയ്യണം.

8 വയോജന വിദ്യാഭ്യാസവും സാക്ഷരതാ പ്രവർത്തനവും ഊർജ്ജിതമായി നടപ്പിലാക്കണം.

11. ആരോഗ്യം

1 അട്ടപ്പാടി മോഡൽ ട്രൈബൽ ഹെൽത്ത് വളണ്ടിയർമാര പരിശീലിപ്പിച്ച് നിയമിക്കുക. (ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നതിന് വാർഡിൽ ചുരുങ്ങിയത് ഒരാൾ വീതം)

2 ആദിവാസി പാരമ്പര്യ വൈദ്യൻമാരെ പ്രോൽസാഹിപ്പിക്കുക.

3 മാനന്തവാടിയിലുള്ള ഹെൽത്ത് പ്രോജക്ടിന്റെ (മോബൈൽ) പ്രവർത്തനവും സേവനവും മാസത്തിൽ ഒരിക്കലെങ്കിലും പഞ്ചായത്തിലെ എല്ലാ പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിലും (മേഖല) ലഭ്യമാക്കണം.

12. സാമൂഹ്യക്ഷേമം - കലാസാംസ്കാരികം

1 അശരണരായ പട്ടികജാതി/പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് വേണ്ടി ഒരു വൃദ്ധസദനം സ്ഥാപിക്കുക

2 പഞ്ചായത്തിലെ രണ്ട് മേഖലകളിൽ പൊതു സ്മശാനം സ്ഥാപിക്കുക (ചൂര്യാറ്റ, തെക്കും തറ, എന്നീ സ്ഥലങ്ങൾ മേഖലകളാക്കാവുന്നതാണ്)

3 പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിൽ കേന്ദ്രീകരിച്ച് ഓരോ വാർഡിലും T.V. കേന്ദ്രങ്ങൾ സ്ഥാപിക്കുക

4 ഓടമൂട്ടിൽ, ചൂര്യാറ്റ കരിമ്പാലൻ കോളനി, ബാവാടി എന്നിവിടങ്ങളിൽ ഓരോ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം

5 ഓടമൂട്ടിൽ പഴശ്ശി ക്ലബ്ബ്, കോക്കുഴി എന്നിവിടങ്ങളിൽ ഓരോ വായനശാലയും ഗ്രന്ഥശാലയും സ്ഥാപിക്കണം

6 പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി നടപ്പാക്കുന്ന പദ്ധതികൾ പരാജയപ്പെടാനുള്ള പ്രധാനകാരണം പദ്ധതി നടപ്പിൽ ഇവരുടെ പങ്കാളിത്തമില്ല എന്നതാണ്. വരുന്ന കാലങ്ങളിൽ ഈ വിഭാഗക്കാർക്ക് വേണ്ടി ഏത് പദ്ധതികൾ ആവിഷ്കരിച്ചാലും അത് നടപ്പാക്കുന്നതിന് മുമ്പ് ഇവർക്കിടയിൽ ശരിയായ ബോധവൽക്കരണം നടത്തണം. അത്തരം ബോധവൽക്കരണത്തിലൂടെ മാത്രമേ ഈ വിഭാഗത്തെ ഉന്നതിയിലെത്തിക്കുവാൻ കഴിയൂ എന്നതിനാൽ ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണം.

വിഭവ സമാഹരണം

ചരിത്രപരമായ കാരണങ്ങളാൽ സംസ്ഥാനത്തെ ഏറ്റവും ചെറിയ പഞ്ചായത്തുകളിൽ ഒന്നാണ് വെങ്ങപ്പള്ളി. ജനസംഖ്യയിൽ ഭൂരിഭാഗവും ചെറുകിട നാമമാത്ര കൃഷിക്കാരാണ്. വ്യവസായങ്ങളോ, വിനോദ നികുതി ചുമത്താൻ പറ്റിയ സിനിമാ തിയറ്ററുകൾ പോലുള്ള സ്ഥാപനങ്ങളൊ ഈ പഞ്ചായത്തിൽ ഇല്ല. കെട്ടടനികുതി, തൊഴിൽ നികുതി, ചുരുക്കം ചില കച്ചവട സ്ഥാപനങ്ങളിൽ നിന്ന് കിട്ടുന്ന ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ നിന്ന് കിട്ടുന്ന വരുമാനമൊഴിച്ചാൽ പഞ്ചായത്തിന്റെ തൻചിലവുകൾ നിർവഹിക്കാൻ പോലും സർക്കാർ സഹായം ഉറ്റുനോക്കേണ്ട അവസ്ഥയാണുള്ളത്. പഞ്ചായത്തിന്റെ ഭരണച്ചെലവുകൾക്കും മറ്റും ആവശ്യമായ വിഭവ സമാഹരണം കൂടിയേ കഴിയൂ.

നമ്മുടെ പഞ്ചായത്ത് സംസ്ഥാനത്തിലെ ഏറ്റവും ചെറിയ പഞ്ചായത്തുകളിൽ ഒന്നാണെങ്കിലും ഇവിടെ 2 സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. അവ പ്രധാനമായും കാർഷികാവശ്യത്തിനുള്ള വായ്പകളാണ് വിതരണം ചെയ്യുന്നത്. സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒരു ശാഖയും പിണങ്ങോട്ട് പ്രവർത്തിക്കുന്നുണ്ട്. മറ്റ് ധനകാര്യ സ്ഥാപനങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ ഇല്ല. കാർഷികേതര വായ്പകൾക്കും മറ്റുമായി പഞ്ചായത്തിന്റെ തൊട്ടടുത്തുള്ള കൽപ്പറ്റ മുൻസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന വാണിജ്യ ബാങ്കുകളെയാണ് ഇവിടത്തെ ആളുകൾ ആശ്രയിക്കുന്നത്.

കാലവർഷത്തെമാത്രം ആശ്രയിച്ചുള്ള കൃഷിയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അധിവർഷം മൂലം നാണ്യവിളകളിൽ നിന്നുള്ള ഉൽപ്പാദനത്തിൽ മുരടിച്ച അനുഭവപ്പെട്ടിട്ടുണ്ട് . അമിതമായ രാസവള പ്രയോഗം മണ്ണിന്റെ ഘടനയിലും മാറ്റമുണ്ടാക്കി. ജൈവവള പ്രയോഗം പ്രാവർത്തിക മാക്കുന്നതിനാവശ്യമായ പ്രോൽസാഹനം കൃഷിക്കാർക്കിടയിൽ നൽകണം.

ചെറുകിട വ്യവസായങ്ങളും കൈത്തൊഴിലുകളും തുടങ്ങാനുള്ള സാഹചര്യങ്ങൾ ഇവിടെയുണ്ടെങ്കിലും അതിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ ധനകാര്യ സ്ഥാപനങ്ങൾ മുന്നോട്ട് വരുന്നില്ല. ഈ രംഗത്ത് ജനങ്ങൾക്ക് പരിശീലനം നൽകാനുള്ള സംവിധാനവും നിലവിലില്ല.

വ്യവസായിക രംഗത്തും കാർഷിക രംഗത്തും മുന്നേറ്റമുണ്ടാക്കിയാൽ മാത്രമേ ഈ രംഗത്ത് വിഭവ സമാഹരണം വർദ്ധിപ്പിക്കാൻ കഴിയൂ. ഈ രണ്ട് മേഖലകളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയാണ് ഏക പോം വഴി. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാൻറുകൾ വെഹിക്കിൾ ടാക്സ് തുടങ്ങിയ വിവിധ ഇനങ്ങളിൽ നിന്ന് പഞ്ചായത്തിന് ലഭിക്കേണ്ട വിഹിതം യാതോരു വിവേചനവും നിലനിർത്താതെ തക്ക സമയത്ത് പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമ നിർമ്മാണം ഉണ്ടാകണം. അതിനായി ഭരണാധികാരികളെ സ്വാധീനിക്കേണ്ട അവസ്ഥ മാറേണ്ടിയിരിക്കുന്നു.

വരുമാനത്തിലെ വ്യതിയാനം.

ഇനം	1991 -92 ലെ വരവ്	1995-96 ലെ വരവ്	വ്യത്യാസം	%
തനത് വരുമാനം				
(a) കെട്ടിട നികുതി	59989.34	86654.27	2666493	30.8
(b) വിനോദനികുതി	ഇല്ല	ഇല്ല	--	
(c) തൊഴിൽ നികുതി	46735	71045	24310	34.2
ഉപാധിരഹിത ഫണ്ട്	220000	314000	94000	30
ടി. എസ്. പി	(70000)	114000	44000	39.6
ജെ. ആർ. വൈ	310345	494400		
ഗ്രാൻറുകൾ	241663	181396	60267	24.9
ആകെ വരവ്				
ചെലവ് (എസ്റ്റാബ്ലിഷ്മെൻറ്)	183380.70	372215	188834.30	50.7

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 6752.50 വസൂലാക്കിയിട്ടുണ്ട്. ലൈസൻസ് ഫീസ് എല്ലാ കച്ചവടക്കാരിൽ നിന്നും ഈടാക്കാനും ആയത് തക്കസമയത്ത് പിരിച്ചെടുക്കാനും കഴിയണം. നിലവിൽ പഞ്ചായത്ത് പിരിച്ചെടുത്ത് കൊണ്ടിരിക്കുന്ന നികുതികൾ യുക്തി സഹമാക്കണം. ആയതിലേക്കാവശ്യമായ സർവേ നടത്തി നികുതിദായകരെ ബോധ്യപ്പെടുത്തണം.വാർഡ് പ്രതിനിധിയും പഞ്ചായത്തിൽ നിലവിൽ വന്ന വികസന സമിതിയും പഞ്ചായത്തിനെ ഈ കാര്യത്തിൽ സഹായിക്കണം. പഞ്ചായത്തിന്റെ വരുമാനം കൂടാൻ ഇത് സഹായകമായിരിക്കും. നികുതികൾ പിരിച്ചെടുക്കുന്ന പ്രവർത്തനത്തിലും കൂട്ടായ ശ്രമം വേണം. കേവലം ഒരു ജീവനക്കാരന്റെ ചുമതലയായി മാത്രം കണക്കാക്കുന്നത് ശരിയല്ല.പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളും വരുമാനത്തിന്റെ ഒരു ഭാഗം പഞ്ചായത്തിന് കൊടുക്കാൻ തയ്യാറാകണം. വിലക്കയറ്റവും ദുസ്സഹമായ ഈ കാലഘട്ടത്തിൽ പഞ്ചായത്ത് നികുതി ഒരു ഭാരമാകാത്ത രീതിയിൽ നികുതി ചുമത്താൻ പഞ്ചായത്ത് ശ്രദ്ധിക്കണം. അങ്ങിനെയാവുമ്പോൾ എല്ലാവരും അത് നൽകാൻ തയ്യാറാകും. പഞ്ചായത്തിലെ വരവ് ചിലവ് കണക്കുകൾ അതാത് സമയത്ത് ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള സംവിധാനം പഞ്ചായത്തിൽ ഉണ്ടാകണം.

കെട്ടിട നികുതി

കെട്ടിട നികുതി കണക്കാക്കുന്ന ഇപ്പോഴത്തെ രീതി ശാസ്ത്രീയമല്ല. ആയത് യുക്തി സഹമാക്കാനുള്ള ചില നിദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(1) കെട്ടിടത്തിന്റെ തറവിസ്തീർണ്ണം മാത്രം കണക്കിലെടുത്ത് നികുതി ചുമത്തുന്നതിന് പകരം ആഡംബരത്വവും സാധനസാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കുക.

(2) സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തുക.

(3) സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുക.

(4) അസ്സസ് ചെയ്തത് എങ്ങനെ യെന്ന് വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്തുക.

(5) അസ്സസ്മെൻറ് കമ്മറ്റി രൂപീകരിക്കുക.

(6) വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുക.

മറ്റുനികുതികൾ.

തൊഴിൽ ചെയ്യുന്ന മുഴുവൻ പേർക്കും തൊഴിൽ നികുതി ചുമത്തുക. പഞ്ചായത്ത് അടിസ്ഥാനത്തിൽ മുഴുവൻ തൊഴിലാളികളേയും ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്ന് നികുതി വസൂലാക്കുകയും വേണം. കച്ചവടക്കാർക്കും, നിർമ്മാണതൊഴിലാളികൾക്കും ആയത് ബാധകമാക്കാം.

പഞ്ചായത്ത് പ്രദേശമായ പിണങ്ങോട് ഒരു സിനിമാ തിയറ്റർ സ്ഥാപിക്കാൻ കഴിവുള്ള വ്യക്തികളെ പ്രോൽസാഹിപ്പിക്കുക. കൂടാതെ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഒരു കമ്മ്യൂണിറ്റിഹാൾ പണിയുക. പിണങ്ങോട് പ്രദേശത്ത് നിലവിലുള്ള മിനി സ്റ്റേഡിൽ ആധുനീക രീതിയിൽ വിപുലീകരിച്ച് വാടക നിശ്ചയിക്കുക. വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ ഇത് സാധിക്കും.

മറ്റു ധനാഗമമാർഗ്ഗങ്ങൾ

പഞ്ചായത്തിൽ കൂടി ഒഴുകി പോകുന്ന 2 നദികളുടെ പഞ്ചായത്തു പ്രദേശത്തുള്ള കടവുകളിൽ നിന്നും തുച്ഛമായ സംഖ്യക്കാണ് മണൽ ലേലം പോയത്. ആയതിനാൽ മണൽ ലേലം ചെയ്യുന്നതിന് മുൻപ് ഒരു വിദഗ്ദ സമിതി കടവുകൾ സന്ദർശിച്ച് കിട്ടാവുന്ന മണലിന്റെ അളവ് ഏതാണ്ട് തിട്ടപ്പെടുത്തിയ ശേഷം മാത്രം ലേല സംഖ്യ തീരുമാനിക്കുക. യാതൊരു തത്വദീക്ഷയുമില്ലാതെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മണൽ വാരുന്നത് തടയാനായി ആയതിനുള്ള കുത്തകാവകാശം മണൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി അവർക്ക് നൽകുന്നത് ന്നായിരിക്കും.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പുറമ്പോക്ക് ഭൂമി കൃത്യമായി അളന്ന് തിട്ടപ്പെടുത്തണം. അവയിലുള്ള കാലാവധി കഴിഞ്ഞ വൃക്ഷങ്ങളുടെ കണക്കെടുത്ത് വിൽക്കുകയും വിറ്റുകൊടുക്കുന്ന സംഖ്യ പ്രത്യുൽപാദന മേഖലയിൽ മുതൽ മുടക്കുകയും ചെയ്യണം. പ്രസ്തുത ഭൂമി താൽക്കാലിക കൃഷി ചെയ്യുന്നതിന് സ്വകാര്യ വ്യക്തികൾക്ക് ലീസിന് കൊടുക്കാവുന്നതാണ്.

ഭൂനികുതി:-

ഭൂനികുതി നിശ്ചയിക്കുന്നതിനും ആയത് പിരിവെടുക്കുന്നതിനും ഉള്ള അവകാശം പഞ്ചായത്തുകൾക്ക് നൽകണം. ഭൂമിയുടെ തരമനുസരിച്ച് ഭൂനികുതി നിരക്കിൽ മാറ്റം വരുത്തണം. വയൽ നികത്തി മറ്റു കൃഷി ചെയ്യുന്ന നെൽപാടങ്ങൾക്കും വയൽ നികത്തിയുണ്ടാക്കുന്ന പുരയിടങ്ങൾക്കും പരമാവധി നികുതി ചുമത്തണം. നെൽ കൃഷി ചെയ്യുന്ന പാടങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് നിശ്ചയിക്കണം. വിളവെടുപ്പു കാലത്ത് നികുതി പിരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് ഭൂവുടമകൾക്ക് സൗകര്യ പ്രദമായിരിക്കും.

ഷോപ്പിങ്ങ് കോംപ്ലക്സ്

പിണങ്ങോട് - തെക്കുംതറ ജങ്ഷനിൽ ഒരു ഷോപ്പിംങ്ങ് കോംപ്ലക്സ് കം ബസ് സ്റ്റാൻറ് ഉണ്ടാക്കിയാൽ പഞ്ചായത്തിന് വരുമാന മാർഗ്ഗമാകും. ഇപ്പോൾ റോഡ് സൈഡിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് ഒരു പാർക്കിങ്ങ് സ്ഥലമാവുകയും ചെയ്യും.

വെങ്ങപ്പള്ളിയിലോ പിണങ്ങോട് മുക്കിലോ ഒരു ഗ്രാമ ചന്തയും മാർക്കറ്റും തുടങ്ങുന്നതിനുള്ള നിർദ്ദേശം ഗ്രാമ സഭാ റിപ്പോർട്ടിലുണ്ട്. അതും പഞ്ചായത്തിന് വരുമാനമുണ്ടാക്കാവുന്ന മേഖലകളാണ്. പച്ചക്കറി കൃഷി അഭിവൃദ്ധി പ്പെടുത്തുവാനുള്ള പടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചിരിക്കുകയാണ്. അപ്രകാരം ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി വിപണനം ചെയ്യുന്നതിന് ഗ്രാമ ചന്ത ഉപകരിക്കും.

നാഷണൽ സേവിങ്ങ്സ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15% മുതൽ 25% വരെ ആ പഞ്ചായത്തിന് കിട്ടുന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. ആയതിനാൽ പഞ്ചായത്ത് സമിതിയും അയൽക്കൂട്ടങ്ങളും അനുയോജ്യമായ സന്നദ്ധ സംഘടനകൾ മുഖേന പരമാവധി സമ്പാദ്യ നിക്ഷേപം ഉണ്ടായാൽ പഞ്ചായത്തിന് അതൊരു വരുമാന മാർഗ്ഗമാകും.

മനുഷ്യാദ്ധ്വാനം

പഞ്ചായത്തുകളിലെ പ്രധാനമായ വിഭവം മനുഷ്യ വിഭവം തന്നെയാണ്. ജനകീയാസൂത്രണ പ്രക്രിയയിൽ മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള നിർദ്ദേശമുണ്ട്. ജാതി, മത, കക്ഷി പരിഗണനകൾക്കതീതമായി നാടിൻെറ വികസനത്തിന് തൻെറ അദ്ധ്വാനം കൊണ്ട് സംഭാവന നൽകുക എന്നത് മഹത്തരമായ ഒരു ആശയമാണ്. അടുത്ത കാലത്താണ് വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും സർക്കാർ ഉത്തരവാദിത്വത്തിലായത്. കഴിഞ്ഞ കാലത്ത് ലോക്കൽ ഡെവലപ്പ്മെൻറ് (L.D.) സ്കീം രീതിയിലാണ് വികസന പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഈ പദ്ധതി പ്രകാരം ഒരു സ്കീമിനുള്ള പകുതി സംഖ്യ മാത്രമേ സർക്കാരിൽ നിന്ന് ലഭിച്ചിരുന്നുള്ളൂ.ബാക്കി ഭാഗം തദ്ദേശീയർ തന്നെ അദ്ധ്വാനമായോ സാമ്പത്തികമായോ വഹിക്കേണ്ടിയിരുന്നു. അതുപോലെ ജനപങ്കാളിത്തം വികസനപ്രവർത്തനത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. സന്നദ്ധ പ്രവർത്തനങ്ങൾ മുഖേന സാക്ഷരതാ പ്രവർത്തനത്തിൻെറ ഒന്നാം ഘട്ടം പൂർത്തിയാക്കിയതും ഒരു ഉദാഹരണമാണ്.

പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ മൺപണി ആ റോഡിനേറെ ഗുണഭോക്താക്കളായ അയൽകൂട്ടങ്ങളെ ചുമതലപ്പെടുത്താം. റോഡുകളെ സംരക്ഷിക്കുന്നതിനും റോഡുകൾക്കിരുവശത്തും തോടുകൾ വെട്ടുന്ന ജോലിയും പരിസര മാലിന്യം ഇല്ലാതാക്കുന്നതിനും ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഉണ്ട്.

ചെലവുകൾ

സാമ്പത്തിക നിലയിൽ മൈനസായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് പ്രത്യുൽപ്പാദന രീതിയിലാക്കാൻ ശ്രമിക്കണം. പഞ്ചായത്തു ഫണ്ടിൽ നിന്ന് റിപ്പെയറിനും മറ്റും ഉപയോഗിക്കുന്ന സംഖ്യ പാഴായിപ്പോകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഓരോ വർഷവും റിപ്പെയർ ചെയ്യുന്ന റോഡുകൾ വർഷം കഴിയുന്നതോടെ വീണ്ടും പൂർവ്വ സ്ഥിതിയിലാകുന്നു. ഇത്തരം വിഭവ ചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണ്. റോഡുകളുടെ സംരക്ഷണം റോഡിൻെറ ഗുണഭോക്താക്കളായ അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം. വർഷ കാലം തുടങ്ങുന്നതിന് മുമ്പ് റോഡുകളുടെ കാവച്ചാലുകൾ സന്നദ്ധ പ്രവർത്തനം മുഖേന ന്നാക്കണം.

നികുതി പിരിവ് കാര്യ ക്ഷമമാക്കിയും വെട്ടിപ്പ് തടഞ്ഞും പുതിയ സേവനമേഖലകൾക്ക് രൂപം നൽകിയും ഭരണ ചെലവ് കുറച്ചും ഉചിതമായിടത്ത് നികുതിയുടെ മിനിമം നിരക്ക് ഉയർത്തിയും സന്നദ്ധ പ്രവർത്തനങ്ങൾ മുഖേനയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയും പരമാവധി വിഭവ സമാഹരണം നടത്താവുന്നതാണ്. അധികാര വികേന്ദ്രീകരണവും താഴേ തട്ടിൽ നിന്നുള്ള ആസൂത്രണവും ആയതിലേക്ക് സഹായകമായി ഭവിക്കും.

ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരണം നടത്തിയവർ

വിഷയം:- കൃഷിയും ജലസേചനവും

സിമ്മി ജോർജ്ജ് - കൃഷി ഓഫീസർ
കൃഷ്ണൻ നായർ. കെ - കൺവീനർ
ശ്രീനിവാസൻ. എസ്. ആർ
രവീന്ദ്രൻ നായർ. വി. പി
അസൈനാർ കെ. കെ
അസൈനാർ . പി. സി
കുഞ്ഞബ്ദുള്ള . കെ. സി
രാജൻ. പി. സി
ഉണ്ണിനായർ .പി
ജോർജ്ജ്. ടി..ടി.
സക്കീന . എസ്. എം
മോളി. പി

2. മൃഗസംരക്ഷണവും മൽസ്യ ബന്ധനവും

ഉഷാദേവി. പി. കെ - കൺവീനർ
നാരായണൻ. പി. കെ
സോമദാസ്. വി. കെ
അസൈനാർ. ഇ. ടി
മുഹമ്മദ്. എൻ. കെ
പത്മനാഭക്കുറുപ്പ്
നാരായണൻ. യു. കെ
കുഞ്ഞിരാമൻ നായർ. പി
ജസ്സി മാത്യു
പുഷ്പ

3. വിദ്യാഭ്യാസം

ഭാസ്ക്കരൻ . പി. വി - കൺവീനർ
നാരായണൻ കുട്ടി. എ. പി
ആനന്ദ കുമാർ
ഏലിയാമ്മ ടീച്ചർ
റാവൂഫ്. എം
പി. ശ്രീധരൻ നായർ മാസ്റ്റർ
ബെന്നി ആൻറണി മാസ്റ്റർ
സബാസ്റ്റ്യൻ മാസ്റ്റർ
ഹസ്സൻ. ടി. കെ
ശാന്ത. പി. ആർ
ഷൈലജ

4. കുടിവെള്ളവും പൊതുജനാരോഗ്യവും

രാമചന്ദ്രൻ . എൻ. കൺവീനർ
പി. കെ. കൃഷ്ണൻ കുട്ടി നായർ.
സദാനന്ദൻ. വി. കെ
കുരിക്കൾ മുഹമ്മദ്
ഉമ്മർ. പി. കെ
സജീവ്കുമാർ
മുരളി . കെ. കെ
ചീന ചന്ദ്രൻ
ശാരദ. പി.കെ
ഷീജ രത്നാകരൻ

5. വ്യവസായം

സി. കെ. വിജയൻ - കൺവീനർ
എം. കെ. കരുണക്കുറുപ്പ്
അബൂബക്കർ ഹാജി
എ. സലീം
തോമസ്. പി. ഡി
ജോസഫ്. എ. ടി
സുകുമാരി
സുധാകുമാരി
വസന്ത

6. ഗതാഗതം ഉർജ്ജം

ചാക്കോ. സി. സി - കൺവീനർ
വിജയൻ. പി. ആർ
ചാക്കോ. എ. കെ
ശശീന്ദ്രൻ. കെ
ശിവദാസൻ. വി. കെ
ടി. നാസർ
പി. കെ. മുഹമ്മദ്
സി. കെ. മുത്തലിഫ്
എൻ. അബൂബക്കർ
മിനി ജോർജ്ജ്
പ്രേമലത. എൻ. കെ
ശീതള രാജൻ
ഉഷ
എസ്. എം. ഹസ്സൻ കോയ
എൻ. ഡി. മത്തായി

7. പാർപ്പിടവും സാമൂഹ്യക്ഷേമവും

എം. വി . പങ്കജാക്ഷി അമ്മ - കൺവീനർ
പ്രേമ

വൽസമ്മ തോമസ്

ഉഷ. വി. ആർ

ശിവദാസൻ. പി. കെ

ഇസ്മെയിൽ. എം

അഷ്റഫ്

കേളു. ആർ

ജനാർദ്ധനൻ. എ. കെ

കുഞ്ഞനന്തൻ. വി. കെ

ഗോവിന്ദൻകുട്ടി. പി

സലിം. പി

8. സംസ്കാരം

ടി. കെ. ഭരതൻ - കൺവീനർ

എ. കെ. ശശിധരൻ

സി. പി. നാസർ

പി. കെ. കുഞ്ഞബ്ദുള്ള

എ. കുഞ്ഞഹമ്മദ്

എ. കെ. തോമസ്

പി. ഡി. ആൻറണി

എൻ. ജെ . ലൂക്കോസ്

കെ. നാരായണി

പത്മിനി

9. വനിത

വി. ടി . മേരി - കൺവീനർ

റോസമ്മ കുര്യൻ

ഫാത്തിമ ബീവി

അമ്മു കുറിഞ്ഞിമ്മൽ

രഞ്ജിനി ഭാസ്ക്കരൻ

ജാനകി

വൽസമ്മ തോമസ്

സബാസ്റ്റ്യൻ ദേവസ്യ

10. സഹകരണ മേഖല

പി. കെ. ജോസ് - കൺവീനർ

ഒ. ഇസ്മയിൽ

ഇ. കെ. റഫീഖ്

സി. സി. ഭാർഗ്ഗവൻ

പി. ചന്ദ്രൻ

കമ്പിയൻ

കരിക്ക

വസുമതി

എ. മധു

എ. കെ. അനന്തൻ

കെ. ദേവദാസ്

11. പട്ടിക ജാതി- പട്ടിക വർഗ്ഗക്ഷേമം

യു. വേണു ഗോപാലൻ - കൺവീനർ

കെ. ടി. ശിവദാസൻ

വി. സി. രാഘവൻ

കെ. സോമൻ

എം. പി. മൊയ്തീൻ

രാമദാസ് . സി. കെ

പി. സി. നാരായണൻ

രവി

ബാലൻ. പി

സാഹിനി രവീന്ദ്രൻ

തോലൻ

വി. കൃഷ്ണൻ നായർ

പി. ശിവദാസൻ

പി. ഡി. ശ്രീകുമാർ

സി. അച്ചുതൻ

മാതു. എം

അമ്മു. എ. കെ

12. വിഭവ സമാഹരണം

സി. പി. രാജേഷ് - കൺവീനർ

ടി. പി. ജനാർദ്ദനൻനായർ

യു. കെ . വിജയൻ

ഒ. ടി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ

കെ. കെ. അബ്ബാസ്

കെ. ആലിക്കുട്ടി

കെ. പി. ബാലകൃഷ്ണൻ നായർ

പി. ജെ. സമയോൺ

കൃഷ്ണൻ കുട്ടി നായർ മാസ്റ്റർ. പി

വസന്ത കുമാരി

ജയവല്ലി

13. ചരിത്രം

പി. സി. മാധവൻ നായർ - കൺവീനർ

പി. മൊയ്തീൻ ഹാജി

വി. കെ. കണാരൻ നായർ

എ. ടി. ജേക്കബ്ബ്

കെ. പി. പക്കർ ഹാജി

അയനി ക്കണ്ടി രാമൻ

ചാപ്പൻ നാട്ടിപാറ

കെ. ആർ. കേളു

പുലയൻ മരമൂല

അണ്ണൻ കള്ളൻതോട്.

പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസ്

ഉഷാദേവി . പി. കെ
പ്രേമലത. എൻ. കെ
ആയിഷ. കെ. എം
മേരി. വി. ടി
സാഹിനി രവീന്ദ്രൻ
മാത്യു. എം
ഹസ്സൻ കോയ. എസ്. എം
സലീം. ഒ
അഷ്റഫ്. പി. പി.
മുഹമ്മദ്. എൻ. കെ
കുഞ്ഞബ്ദുള്ള . കെ. സി.
സ്റ്റീഫനോസ് . കെ. എം
ശിവദാസൻ . പി.
തോമസ് . പി. സി.
അശോക് കുമാർ . പി
ശ്രീകുമാർ. പി. ഡി
ജാക്സൺ കുട്ടി. ഇ. ജെ
ബാലൻ. എൻ
മോഹന പൈ . എം
ശ്രീധരൻ നായർ . പി
അബ്ദുൾ റാവൂഫ്
ജോണി ജോൺ
മാധവൻ നായർ. പി. സി
അസൈനാർ . പി. സി
ഗോവിന്ദൻ കുട്ടി. പി
പി. പി. രവീന്ദ്രൻ നായർ
ദേവദാസൻ. കെ.
ശശീന്ദ്രൻ. കെ
ഡോ. കെ. ചന്ദ്രമതി
മൊയ്തീൻ . എം. പി
വേണുഗോപാലൻ . യു
വേലായുധൻ. കെ
കൃഷ്ണൻ നായർ. കെ.
എൻ. ഡി. മാത്യു
ബെന്നി ആന്റണി
പി. മൊയ്തീൻ ഹാജി
ടി. അബ്ദുൾ ഗഫൂർ
വി. എസ്. സ്കറിയ

പഞ്ചായത്തിലെ ജില്ലാ തല റിസോഴ് പേഴ്സൺസ്

പി. ഒ. ശ്രീധരൻ
എൻ. ഗോപാല കൃഷ്ണൻ
മാത്യു. എം
മുജീബ്